Reg. No. C. 101, M: 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 മിഥുനം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ജൂൺ 21 | ലക്കം 41

## നമ്മുടെ കത്തോലിക്കാ ക്ലബ്ബുകൾ

(എൻ. സി. തോമസ് ബി. എ., മാന്നാനം)

വിഷലിപ്തങ്ങളായ ആശയങ്ങളും അബദ്ധജടിലങ്ങളായ സിദ്ധാന്തങ്ങളും ഇന്നു ലോകമാസകലം പടർന്നുപിടിച്ചുവരുന്നു. ലോകത്തിന്റെ നാലിലൊരു ഭാഗത്തോളം കമ്മ്യൂണിസ്റ്റ് വ്യാഘ്രത്തിന്റെ കരാളവക്ത്രത്തിന് ഇരയായിക്കഴിഞ്ഞിരിക്കുന്നു. ഈ കമ്മ്യൂണിസവിപത്തിനെതിരായി കത്തോലിക്കരായ നാം എന്താണു ചെയ്യുക? മൈതാനപ്രസംഗങ്ങൾകൊണ്ടും, പരസ്യപ്രാർത്ഥനകൾകൊണ്ടും മാത്രം കമ്മ്യൂണിസത്തെ വിജയകരമായി നേരിടാമെന്നു് നമ്മിൽ ആരെങ്കിലും കരുതുന്നെങ്കിൽ അതു് വെറും വ്യാമോഹം മാത്രമായിരിക്കും. നാം സംഘടിച്ചു പ്രവർത്തിക്കണം; ഇതു പ്രവൃത്തിയുടെ കാലമാണ്. നാം ഉണർന്നു പ്രവർത്തിക്കണം. നമ്മുടെ യുവാക്കന്മാരുടെ ഇടയ്ക്കാണു് കമ്മ്യൂണിസ്റ്റ് വിത്തു് ഏററവും വേഗത്തിൽ മുളച്ചു് വേരൂന്നുന്നതെന്നും, ഇതിനുള്ള മുഖ്യകാരണം അവരുടെ തൊഴിലില്ലായ്മയാണെന്നും ഡോ. പി. ജെ. തോമസ്, മാന്നാനം ഗ്രീഷ്മകാലവിദ്യാലയത്തിന്റെ ഉപസംഹാരസമ്മേളനത്തിൽ ഊന്നിപ്പറയുകയുണ്ടായി. ഇതു് ഏററവും വാസ്തവമായ ഒരു സംഗതിയാണ്. സാമാന്യവിദ്യാഭ്യാസം സിദ്ധിച്ച നമ്മുടെ നിരവധി യുവാക്കന്മാർ വ്യർത്ഥം സമയം ചെലവഴിക്കുന്നു. അവർക്കു് ജോലിയുണ്ടാക്കിക്കൊടുക്കുകയാണു് ഇന്നത്തെ ആവശ്യം. അതിലേക്കു് ഒരു കത്തോലിക്കാ ക്ലബ്ബിനു് എന്തു ചെയ്യുവാൻ സാധിക്കുമെന്നു് നമുക്കൊന്നു വിശകലനം ചെയ്തു നോക്കാം.

നമ്മുടെ നാട്ടിൽ പല സ്ഥലങ്ങളിലും കത്തോലിക്കാ യുവജനസംഘടനകളുണ്ടു്. കത്തോലിക്കാ സമാജമെന്നും, കാത്തലിക് ക്ലബ്ബ് എന്നും, കാത്തലിക് യംഗ് മെൻസ് അസ്സോസിയേഷൻ എന്നും മററുമുള്ള വിവിധപേരുകളാണു് ഓരോ സ്ഥലങ്ങളിലും ഈ സംഘടനകൾക്കുള്ളതു്. പേരു് ഏതായാലും, ഇവയുടെയെല്ലാം ലക്ഷ്യം ഒന്നുതന്നെയാണു്—കത്തോലിക്കരുടെ മതപരവും, കലാപരവും, ആരോഗ്യപരവും മററുമായുള്ള അറിവു വർദ്ധിപ്പിക്കുക. ഇപ്രകാരം ആദർശയോഗ്യമായ ഒരു ക്ലബ്ബ് നമ്മുടെ നാട്ടിൽ എവിടെയെങ്കിലും പ്രവർത്തനം നടത്തിവരുന്നുണ്ടോ? ചിലയിടങ്ങളിൽ കണ്ടെന്നുവരാം. എന്നാൽ പല സ്ഥലങ്ങളിലും, കാത്തലിക് ക്ലബ്ബുകൾ ശരിയായി പ്രവർത്തനം നടത്തിവരുന്നില്ലായെന്നു പറയേണ്ടിയിരിക്കുന്നു.

ഓരോ ഇടവകകളുടെയോ, കരകളുടെയോ ആഭിമുഖ്യത്തിൽ ക്ലബ്ബുകൾ നടത്താവുന്നതാണു്. ഒന്നാമതായി ക്ലബ്ബംഗങ്ങൾക്കു സമ്മേളിക്കുവാൻ ഒരു പൊതുസ്ഥലം വേണം. പ്രാരംഭത്തിൽ പള്ളിവക സ്കൂളിലോ മററു സൗകര്യപ്രദമായ കെട്ടിടങ്ങളിലോ സമ്മേളിക്കാവുന്നതാണു്. ക്ലബ്ബിന്റെ ധനസ്ഥിതി വർദ്ധിക്കുമ്പോൾ സ്വന്തമായി ഒരു കെട്ടിടം പണിയിക്കാമല്ലോ. സമ്മേളനസ്ഥലമുണ്ടായിക്കഴിഞ്ഞാൽ പിന്നെ അംഗങ്ങളാണു വേണ്ടതു്. ഒരു ക്ലബ്ബിന്റെ പരിധിയിൽപ്പെട്ട സ്ഥലത്തുള്ള എല്ലാ യുവാക്കന്മാരെയും അംഗങ്ങളായി ചേർക്കേണ്ടതു് അത്യാവശ്യമാണു്. പ്രായം ചെന്നവർ ഇതിൽ അംഗങ്ങളായി ചേരാതിരിക്കുകയാണു് പലതുകൊണ്ടും നല്ലതു്. വേണ്ടത്ര അംഗങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ ഉദ്യോഗസ്ഥഭാരവാഹികളെ തെരഞ്ഞെടുക്കണം. എല്ലാവർക്കും സമ്മതരും, സ്ഥലത്തു സ്ഥിരതാമസക്കാരും, മററു പ്രധാന തൊഴിലുകളൊന്നും ഇല്ലാത്തവരും, സേവനസന്നദ്ധതയുള്ളവരും ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടേണ്ടതാണു്. തെരഞ്ഞെടുപ്പിൽ വ്യക്തിവിദ്വേഷമോ കക്ഷിതിരിവോ ഒന്നും കയറിപ്പററാതെ സൂക്ഷിക്കണം. ഓഫീസ് ഉപയോഗത്തിനു് അത്യാവശ്യമായി വേണ്ടുന്ന മേശ, കസേര, ബുക്കുകൾ, അലമാര എന്നിവകൂടിയുണ്ടായാൽ ക്ലബ്ബ് രൂപം പ്രാപിച്ചു കഴിഞ്ഞു എന്നു പറയാം.

ഇനി, ഒരു ക്ലബ്ബിന്റെ വിജയകരമായ നടത്തിപ്പിനു് എന്തെല്ലാം പ്രവർത്തനശാഖകൾ അതോടനുബന്ധിച്ചുണ്ടായിരിക്കണമെന്നു് ഒന്നു പരിശോധിക്കാം. മനുഷ്യർ ഭിന്നരുചികളാണു്. ക്ലബ്ബിലെ അംഗങ്ങളും പൊതുജനങ്ങളും വിവിധതാല്പര്യക്കാരാണു്. എല്ലാതരക്കാർക്കും അവരവരുടെ താല്പര്യങ്ങൾക്കുപററിയ വിഷയങ്ങൾ ഒരു ക്ലബ്ബിലുണ്ടായിരിക്കണം. വേറൊരിടത്തും ചെന്നാൽ കാണാൻ കഴിയാത്ത ഒരാകർഷകത്വം ഒരു ക്ലബ്ബിനുണ്ടായിരിക്കണം.

ഒന്നാമതായി, ഒരു ക്ലബ്ബിനോടനുബന്ധിച്ചു് ഒരു വായനശാല വേണ്ടതാണു്. വായനശാലയുടെ മേൽനോട്ടം ഒരു കമ്മിററിക്കു വിട്ടുകൊടുക്കുകയായിരിക്കും ഏററം നല്ലതു്. അവർ വായനശാലയുടെ അഭിവൃദ്ധിക്കുവേണ്ടി ശ്രമിക്കട്ടെ. പുസ്തകങ്ങൾ, പത്രമാസികകൾ മുതലായവ പണം കൊടുത്തു വാങ്ങാൻ ധനസ്ഥിതി അനുവദിക്കുന്നില്ലെങ്കിൽ, ഉദാരമതികളായ ആളുകൾ അവരുടെ കഴിവനുസരിച്ചു് പുസ്തകങ്ങളും മററും വായനശാലയ്ക്കു സൗജന്യമായി വരുത്തിക്കൊടുക്കുന്നതു കൊള്ളാം. കാലാന്തരത്തിൽ ഓരോ ക്ലബ്ബിനും, ഓരോ നല്ല ലൈബ്രറി ഉണ്ടായിക്കൊള്ളും. എല്ലാദിവസവും വൈകുന്നേരം വായനശാല പൊതുജനങ്ങൾക്കായി തുറന്നിടേണ്ടതാണു്. വൈദ്യുതവിളക്കുകൾ ഘടിപ്പിച്ചിട്ടുള്ള ക്ലബ്ബുകൾ രാത്രി 8 മണിവരെ തുറന്നിട്ടാൽ പകൽ മുഴുവൻ ജോലി ചെയ്യുന്നവർക്കു് വളരെ സൗകര്യമാണു്. * അല്പം വിദ്യുച്ഛക്തി കൂടുതൽ ചെലവാകുമെന്നേയുള്ളൂ. ലൈബ്രറിയിൽ മതത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായ കൃതികൾ കടന്നുകൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ക്ലബ്ബിന്റെ രൂപീകരണത്തിലും, ലൈബ്രറിയുടെ സ്ഥാപനത്തിലും, മറെറല്ലാകാര്യങ്ങളിലും ഇടവക വികാരിയുടെയോ, പാണ്ഡിത്യവും പ്രായവുമുള്ള മററുള്ളവരുടെയോ നേതൃത്വം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമത്രെ.

ജനങ്ങളുടെ കലാവാസനയുടെ പരിപോഷണത്തിനുള്ള പദ്ധതികളാണു് അടുത്തതായിവേണ്ടതു്. കല കലയ്ക്കുവേണ്ടിയല്ല, ജീവിതത്തിനുവേണ്ടിയാണെന്നാണു് എന്റെ വിനീതമായ അഭിപ്രായം. സംഗീതം, സാഹിത്യം, ചിത്രമെഴുത്തു്, അഭിനയം, നൃത്തം എന്നിങ്ങനെയുള്ള സുന്ദരകലകൾക്കു ഒരു ക്ലബ്ബിൽ നല്ല സ്ഥാനമുണ്ടായിരിക്കണം. ഈ വിഷയങ്ങളിൽ അഭിരുചിയുള്ള ഏതാനും പേർ ഈ ശാഖയുടെ നേതൃത്വം വഹിക്കുന്നതുകൊള്ളാം. പ്രഭാതംമുതൽ പ്രദോഷംവരെ വയലിൽ എല്ലുമുറിയെ പണിയെടുത്ത ഒരു കർഷകത്തൊഴിലാളിക്കു്, വൈകുന്നേരം ഒരു ക്ലബ്ബിന്റെ അങ്കണത്തിലുള്ള ശാന്തസുന്ദരമായ അന്തരീക്ഷത്തിലിരുന്നുകൊണ്ടു് കർണ്ണപീയൂഷമായ ഒരു ഗാനം കേൾക്കുമ്പോൾ ഉണ്ടാകാവുന്ന അനുഭൂതി എന്തെന്നില്ല. ഒരു മനുഷ്യന്റെ ജീവിതത്തിൽ സംഗീതസാഹിത്യാദികൾക്കുള്ള സ്ഥാനം വർണ്ണനാതീതമാണു്. ശ്രുതിമധുരമായ ഒരു ഗാനം കേട്ടാൽ യാതൊരിളക്കവും വരാത്ത ഒരു മനുഷ്യൻ യഥാർത്ഥമനുഷ്യനല്ലെന്നും, അവൻ വിശ്വാസയോഗ്യനല്ലെന്നും വിശ്വമഹാകവി ഷേക്സ്പിയർ പറഞ്ഞിട്ടുണ്ടു്. സൗകര്യമുള്ള ക്ലബ്ബുകളിലെല്ലാം ഓരോ റേഡിയോ സെററുകൾ ഘടിപ്പിച്ചിരിക്കേണ്ടതാണു്. ധനവാന്മാർക്കു സുഖിക്കുന്നതിനായുള്ള ആധുനികശാസ്ത്രത്തിന്റെ ഒരു കണ്ടുപിടുത്തമാണു് റേഡിയോ എന്നു ചിലർ വ്യാഖ്യാനിക്കുന്നു. എന്നാൽ റേഡിയോ ലക്ഷക്കണക്കിനു സ്വത്തുള്ളവനുവേണ്ടിയുള്ളതല്ല. ലക്ഷങ്ങൾക്കുവേണ്ടിയാണു്. മനുഷ്യരെ സംസ്കാരസമ്പന്നരും കലാവാസനയുള്ളവരുമാക്കിത്തീർക്കുന്നതിനു് റേഡിയോയ്ക്കുള്ള കഴിവു് അപരിമിതമാണു്.

റേഡിയോ ഘടിപ്പിക്കാൻ സൗകര്യങ്ങളില്ലാത്ത ക്ലബ്ബുകളിൽ കുറഞ്ഞപക്ഷം ഒരു ഗ്രാമഫോണും ഏതാനും നല്ല റിക്കാർഡുകളും (Gr. Records) വേണ്ടതാണു്. നമ്മുടെ കൊച്ചുകുട്ടികളിൽ പലർക്കും സംഗീതവാസനയുണ്ടു്. എന്നാൽ ഈ വാസനയെ ചുമതലപ്പെട്ടവർ വേണ്ട സമയത്തു് പരിപോ



ഏപ്രിൽ 23-ാംനു വിശുദ്ധപദംപ്രാപിച്ച

**എമീലിയ ഡി റോഡററ്**

---

* വൈകുന്നേരം ക്ലബ്ബിൽ പോകുന്നവർ ജപമാല തുടങ്ങിയ കുടുംബപ്രാർത്ഥന മുടക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. (പത്രാധിപർ)

ഷിപ്പിക്കാത്തതിനാൽ അവ മൊട്ടിൽ തന്നെ നശിച്ചുപോകയാണ്. മാതാപിതാക്കന്മാർക്ക് എപ്പോഴും അതു സാധിച്ചെന്നു വരുന്നതല്ല. അതുകൊണ്ട് ഒരു ക്ലബ്ബിനോടനുബന്ധിച്ച് ഒരു സംഗീതശാഖ നടത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാമല്ലോ. സംഗീതത്തിലും സംഗീതോപകരണങ്ങളുടെ പ്രയോഗത്തിലും വേണ്ടത്ര പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവർ ഇതിലേക്ക് ശ്രമിച്ചാൽ, ഈ ശാഖ വിജയകരമായിത്തീരുന്നതാണ്.

നമ്മുടെയാളുകളുടെ സാഹിത്യപരമായിട്ടുള്ള അറിവു വർദ്ധിപ്പിക്കുന്നതിനും ഒരു ക്ലബ്ബിനു പലതും ചെയ്യാൻ സാധിക്കും. കത്തോലിക്കരുടെയിടയിൽ സാഹിത്യകാരന്മാരും സാഹിത്യാഭിരുചിയുള്ളവരും വിരളമാണ്. നമ്മുടെ കുട്ടികൾക്ക് ചെറുപ്പത്തിൽ വേണ്ട പരിശീലനം ലഭിക്കുന്നില്ല എന്നതാണ് ഇതിന്റെയും കാരണം. ഒരു ക്ലബ്ബിനോടനുബന്ധിച്ച് സാഹിത്യസമ്മേളനങ്ങൾ, ഉപന്യാസമത്സരങ്ങൾ, ചെറുകഥാമത്സരങ്ങൾ എന്നിവ നടത്തി, സാധാരണക്കാർക്കും ഇവകക്കാര്യങ്ങളിൽ അറിവു സമ്പാദിച്ചുകൊടുക്കുന്നതിനു ക്ലബ്ബംഗങ്ങൾ പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതേസമയംതന്നെ നമ്മുടെ യുവാക്കന്മാർ വഴിപിഴച്ച സാഹിത്യപ്രസ്ഥാനങ്ങളിൽ ചെന്നു ചാടാതിരിക്കുകയും വേണം.

ഒരു കത്തോലിക്കാ ക്ലബ്ബിനോടനുബന്ധിച്ച് ഒരു നാടകസഭയുണ്ടായിരിക്കുന്നതു് അഭിലഷണീയമാണ്. അഭിനയചാതുര്യമുള്ള കൊച്ചുകുട്ടികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനു് ഇതു പറ്റിയ രംഗമാണ്. മതത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമല്ലാത്ത ഒരു നാടകസഭ ഓരോ ക്ലബ്ബുകളോടനുബന്ധിച്ചും നടത്തുന്നതു്, നമ്മുടെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു് പറ്റിയ പണിയാണ്; പണസമ്പാദനത്തിനുള്ള ഒരു മാർഗ്ഗമായി ഇതു വളർത്തിക്കൊണ്ടുവരാൻ സാധിക്കുകയും ചെയ്യും.

ഒരു യംഗ്മെൻസ് ക്ലബ്ബിൽ ഇനി അവശ്യം വേണ്ടതു് കായികവിനോദത്തിനുള്ള സൗകര്യങ്ങളാണ്. വിവിധതാല്പര്യക്കാരായിരിക്കും അംഗങ്ങൾ. വെളിയിലും അകത്തും നടത്താവുന്ന കളികൾ (out-door and in-door games) ക്കു് സൗകര്യമുണ്ടായിരിക്കണം. ഫുട്ബോൾ, ബാഡ്മിന്റൻ, വോളി, കാരംസ്, ടേബിൾടെന്നിസ്, ചതുരംഗം, ചീട്ട് എന്നിങ്ങനെ ചുരുങ്ങിയ തോതിൽ നടത്താവുന്ന കളികൾമാത്രം മതിയാകും. പണസൗകര്യവും സ്ഥലസൗകര്യവും ഉള്ള ഒരു ക്ലബ്ബിനോടനുബന്ധിച്ച് ഒരു ടെന്നിസ് കോർട്ടും ഒരു ബില്ലിയാർഡ്സ് ടേബിളും ഉണ്ടായിരിക്കുന്നതു് വളരെ നല്ലതു്.

സാധുജനസംരക്ഷണപരിപാടികളും ഒരു ക്ലബ്ബിനോടനുബന്ധിച്ച് വിജയകരമായി നടത്താവുന്നതാണ്. വൃദ്ധന്മാർക്കും കൊച്ചുകുട്ടികൾക്കും നിഷ്പ്രയാസം ചെയ്യാവുന്ന ചെറിയതോതിലുള്ള കുടിൽവ്യവസായങ്ങൾ ഈ ശാഖയിലുൾപ്പെടുത്താം. കുട്ട, വട്ടി, പായ് എന്നിവയുടെ നിർമ്മാണം, കൊന്തപ്പണികൾ, നൂൽനൂൽപ്പ്, മുതലായവ സാധുക്കൾക്ക് തൊഴിൽകൊടുക്കുമെന്നു മാത്രമല്ല, ആദായവും നല്കുമല്ലോ.

മതസംബന്ധമായും രാഷ്ട്രീയമായും ഉള്ള ആഘോഷദിനങ്ങൾ ഇടവകയിലെ കത്തോലിക്കാക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്. ഇടയ്ക്കിടയ്ക്കു് പണ്ഡിതന്മാരും വാഗ്മികളുമായിട്ടുള്ളവരെ ക്ഷണിച്ചുവരുത്തി രാഷ്ട്രീയമായും, മതപരമായും, കലാചാരമായും, ആരോഗ്യപരമായുമുള്ള പ്രസംഗപരമ്പരകൾ നടത്തുന്നതു് സാമാന്യജനങ്ങൾക്കു് വളരെ ഉപകാരപ്രദമാണ്. അഖിലകേരള കത്തോലിക്കാകോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ചില കത്തോലിക്കാസംഘടനകളോടനുബന്ധിച്ച് "സാധുജനസംരക്ഷണനിധി" എന്നപേരിൽ ഒരു ഫണ്ട് തുടങ്ങിയിരിക്കുന്നതായി ഈയിടെ പത്രങ്ങളിൽ കാണുകയുണ്ടായി. ഇതു് എത്രയും സ്വാഗതാർഹമാണ്. ഇതുപോലെ എല്ലാ കത്തോലിക്കാക്ലബ്ബുകളും ചെയ്യട്ടെ.

ഒരു ആദർശകത്തോലിക്കാക്ലബ്ബിനു ചെയ്യാവുന്ന വിവിധ പ്രവർത്തനശാഖകളെപ്പറ്റിയാണല്ലോ ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഇതൊന്നും പ്രാവർത്തികമല്ലെന്നും, നമ്മുടെ നാട്ടിലെ ചുററുപാടുകൾക്കു് പറ്റിയതല്ലെന്നും ചിലർ ന്യായവാദം മുഴക്കിയേക്കാം. എന്നാൽ, കാര്യമെല്ലാം സാധിക്കാമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

---

ഈ ലേഖനത്തിലെ ചില ആശയങ്ങൾ, 1947 ജനുവരി 11-ാംനു-യിലെ "Examiner" എന്ന വാരികയിൽ Dr. Edward A. Pires എന്ന ദേഹം എഴുതിയിട്ടുള്ള "Educative Value of a Cotholic Club" എന്നതിൽ നിന്നെടുത്തിട്ടുള്ളവയാണ്.

വിൻസെൻറു ഡി പോൾ സഖ്യം 7

# ഭവനസന്ദർശനം

ഓരോ സന്ദർശകന്റെയും പരിരക്ഷണത്തിനു് ഏല്പിക്കപ്പെടുന്ന കുടുംബത്തിന്റെ തിരഞ്ഞെടുപ്പു വളരെ വിവേകപൂർവ്വം നടത്തേണ്ടതാണ്. കുടുംബത്തിന്റെ ചുററുപാടുകളും സന്ദർശകന്റെ യോഗ്യതായോഗ്യതകളും ഇക്കാര്യത്തിൽ പരിഗണനീയങ്ങളാണ്. സന്ദർശകൻ ആ കുടുംബത്തിന്റെ പ്രത്യേക സ്നേഹിതനും അതിനോടു പ്രഗാഢബന്ധപ്പെട്ടവനുമായിത്തീരുന്നു. ആകയാൽ സന്ദർശകനും അയാളുടെ പരിരക്ഷണത്തിനു് ഏല്പിക്കപ്പെടുന്ന സാധുകുടുംബവും തമ്മിൽ പരസ്പരജ്ഞാനവും സൗമനസ്യവും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അങ്ങനെയുള്ള ഒരന്തരീക്ഷത്തിൽമാത്രമേ സ്നേഹം വളരുകയുള്ളൂ. ഒരു സന്ദർശകന്റെ സംരക്ഷണത്തിനു് ഏല്പിക്കപ്പെടുന്ന കുടുംബം "അയാളുടെ കുടുംബം" എന്നാണ് കോൺഫറൻസിൽ പറയപ്പെടുന്നതു്. സ്വന്തം കുടുംബത്തെപ്പററി അറിയുന്നതുപോലെ ആ കുടുംബം സംബന്ധിച്ച എല്ലാ കാര്യങ്ങളും അയാൾ ഗ്രഹിക്കുന്നു. അയാൾ അതിന്റെ നന്മയെപ്പററി ചിന്തിക്കുന്നു; അതിനുവേണ്ടി പ്രാർത്ഥിക്കുന്നു; അതിന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നു; അതിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. അതിന്റെ സ്ഥിതിഗതികളെപ്പററി ആഴ്ചതോറും കോൺഫറൻസിൽ അയാൾ റിപ്പോർട്ടു കൊടുക്കുന്നു. "സഹിക്കുന്ന ക്രിസ്തുവിനെ സാധുക്കളിൽ ദർശിച്ചുകൊണ്ടു് സ്വയം വിശുദ്ധീകരിക്കണം" എന്ന വസ്തുത സദാ അയാളുടെ സ്മൃതിപഥത്തിൽ ഉണ്ടായിരിക്കും.

പുരാതനകാലത്തെ റോമൻ നിയമം അനുസരിച്ചു് ഒരാൾക്കോ, ഒരു കുടുംബത്തിനോ, മററാരാളോടു രണ്ടു വിധത്തിൽ ബന്ധമുണ്ടാകാം. ആദ്യത്തേതു് ഒരു സ്വതന്ത്രമനുഷ്യനും അയാൾ മോചിപ്പിച്ച അടിമയും തമ്മിലുള്ളതാണ്. ഇതിൽ സ്വതന്ത്രൻ അടിമയ്ക്കു് ഒരു വലിയ ഉപകാരം ചെയ്തു എന്നിരുന്നാലും അടിമയ്ക്കു് ആമരണം സ്വാതന്ത്ര്യദാതാവിനോടു് വലിയ കടപ്പാടുകൾ ഉണ്ടാകുന്നു. രണ്ടാമത്തെ ബന്ധം ദത്തെടുക്കലാണ്. ഇതുമൂലം ഒരാൾ (അയാളുടെ കുടുംബവും) യാതൊരുവിധ മാനഹാനിയോ അപകർഷമോ കൂടാതെ മററൊരു കുടുംബത്തിൽ ലയിക്കുകയും അതിനോടു് രക്തബന്ധമുള്ളവനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു. ദത്തെടുക്കലിനുശേഷം രണ്ടു കുടുംബം ഉണ്ടായിരുന്നിടത്തു് ഒരു കുടുംബംമാത്രം ആയിത്തീരുന്നു.

സെൻറു വിൻസെൻറു ഡി പോൾ സഖ്യം അതിന്റെ പരിരക്ഷണത്തിനു ഒരു കുടുംബത്തെ സ്വീകരിക്കുമ്പോൾ മേൽപ്പറഞ്ഞവിധം ദത്തെടുക്കുകയാണു ചെയ്യുന്നതു്. ആ കുടുംബത്തിന്റെ ആവശ്യങ്ങൾ അവസാനിക്കുന്നതുവരെ സഖ്യമാകുന്ന മഹാകുടുംബത്തിലെ ഒരംഗമായി അതു കഴിയുന്നു. സഖ്യത്തിന്റെ പണവും കഴിവുകളും ആദ്ധ്യാത്മികസഹായങ്ങളും ആ കുടുംബത്തിന്റെ ആവശ്യത്തിനായി വിനിയോഗിക്കപ്പെടുന്നു. ആ സാധുകുടുംബം സഖ്യത്തിലേക്കു സ്വീകരിക്കപ്പെടുമ്പോൾ അതിന്റെ പ്രാർത്ഥനകൾ, ക്ലേശസഹനങ്ങൾ, ദുരിതവട്ടങ്ങളിൽ ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കം മുതലായ ആദ്ധ്യാത്മികധനം അതു സഖ്യത്തിനു നൽകുന്നു. ഇങ്ങനെ ആ കുടുംബവും സഖ്യവും പരസ്പരം നന്മകൾ സ്വീകരിക്കുന്നു. ആ കുടുംബത്തിന്റെ ദുരിതസഹനം ക്രിസ്തുവിന്റെ സഭയുടെ നന്മയ്ക്കു് ഉപകരിക്കുന്നു. ഇങ്ങനെ ആ കുടുംബവും സഖ്യവും ഒരുമിച്ചു് സഭയുടെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുകയും കുടുംബവും സഖ്യവും തമ്മിൽ പാവനവും ഗാഢവും ആയ സ്നേഹം വളർന്നുവരുകയും ചെയ്യുന്നു.

സാധുക്കളെ സഹായിക്കുന്ന അവസരത്തിൽ അവർക്കു് അപകർഷബോധം തോന്നാതിരിപ്പാൻ സന്ദർശകൻ പ്രത്യേകം ശ്രദ്ധിക്കണം. സ്വരം, ആംഗ്യം, പെരുമാററം ഇവയെല്ലാം സന്ദർശകന്റെ മനോഭാവത്തെ പ്രകടിപ്പിക്കുന്നവയാണ്. ഇവയിലൊന്നും സാധുക്കളെക്കാൾ ഉയർന്നവനാണ് താനെന്നഭാവം തോന്നാതിരിക്കുവാൻ സന്ദർശകൻ പ്രത്യേകം ശ്രദ്ധിക്കണം. സന്ദർശകൻ അധമമനോഭാവത്തോടുകൂടെയാണ് തങ്ങളോടു പെരുമാറുന്നതെന്നു സാധുക്കൾക്കു തോന്നാനിടയായാൽ അതു് അവർക്കു് അതിയായ ഹൃദയവേദന ഉളവാക്കുന്നതാണ്. "എന്റെ ഏററം ചെറിയ സഹോദരനു ചെയ്തപ്പോഴെല്ലാം നിങ്ങൾ എന്നോടാണ് ചെയ്തതു്" എന്നുള്ള ക്രിസ്തുനാഥന്റെ വാക്കുകളെ ഒരു സന്ദർശകൻ ഒരിക്കലും വിസ്മരിക്കരുതു്. കുടുംബങ്ങളുടെ വലുപ്പച്ചെറുപ്പമനുസരിച്ചു് യാതൊരു വ്യത്യാസവും സന്ദർശകൻ കാണിക്കാൻ പാടുള്ളതല്ല. "നാം ദൈവദാനങ്ങളുടെ വിതരണക്കാരാണ്. മനുഷ്യകുലത്തിന്റെ പൊതുപിതാവായ ദൈവം തന്റെ സൂര്യനെ എല്ലാവരുടെമേലും പ്രകാശിപ്പിക്കുന്നു. ആകയാൽ അയൽക്കാരനോടുള്ള നമ്മുടെ സ്നേഹം വ്യക്തിപരമായ ചിന്തകൾക്കതീതമായിരിക്കണം" എന്നുള്ള ബയിലിയുടെ സാരഗർഭമായ ഉൽബോധനം സന്ദർശകനു് എല്ലായ്പോഴും മാർഗ്ഗദർശകമായിരിക്കണം.

"പ്രാർത്ഥനയിലും വിശ്വാസത്തിലും ഉള്ള സാഹോദര്യം സ്നേഹത്തിന്റെ സാഹോദര്യത്തിൽ പരിപൂർണ്ണമാകുന്നു" എന്നു് പണ്ഡിതാഗ്രേസരനായ ഡോക്ടർ കാൾ ആഡം പറയുന്നു. "ഈ സ്നേഹം അന്യോന്യമായിരിക്കും; ഉൽക്കർഷത്തിലും അപകർഷത്തിലും നാം അതുമൂലം പരസ്പരം ബന്ധിതരായിരിക്കും. അതു കേവലം സ്വാഭാവികമായ സ്നേഹമല്ല. നമ്മുടെ ശിരസ്സായ ക്രിസ്തുവിന്റെ തിരുശരീരത്തെയും രക്തത്തെയും അനുഭവിക്കുന്നതിൽനിന്നും ഉണ്ടാകുന്ന സ്വാഭാവാതീതമായ ഒരു ബന്ധമാണതു്. ഈ സ്നേഹം സന്തോഷത്തിലും ദുഃഖത്തിലും പരസ്പരം കർത്തവ്യത്തെ ഉളവാക്കുന്നു...ഈ സ്നേഹം ക്രിസ്തീയമനോഭാവത്തിന്റെ മൂർത്തീകരണമാണ്. ഈ സ്നേഹം ക്രിസ്തുവിന്റെ ഓരോ അംഗത്തിലും, ഏററം നിസ്സാരന്മാരിൽപ്പോലും, ക്രിസ്തുവിന്റെ സഹോദരിസഹോദരന്മാരെ, അല്ല ക്രിസ്തുവിനെത്തന്നെ, ദർശിക്കുന്നു." ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ തത്വം ശരിയായി ഗ്രഹിച്ചിട്ടുള്ള ഒരു സന്ദർശകനു് സാധുജനസേവനത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ അഭിമുഖീകരിക്കാൻ പ്രയാസമുണ്ടാകയില്ല.

പണ്ഡിതനെന്നോ പാമരനെന്നോ, ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസം കൂടാതെ ക്രിസ്തുവിന്റെ മൗതികശരീരം എല്ലാ വിശ്വാസികളെയും ഉൾക്കൊള്ളുന്നു. ഈ വ്യത്യാസങ്ങൾ ആകസ്മികമായി ഉണ്ടായവയല്ല. ദൈവികമായ ആസൂത്രണത്തിൽ ഇവയും ഉൾപ്പെടുന്നു. ഒരു സന്ദർശകൻ തന്റെ പരിരക്ഷണത്തിനു് ഏല്പിക്കപ്പെടുന്ന സാധുജനങ്ങളെ അവരുടെ വിചിത്രങ്ങളായ സാഹചര്യങ്ങളോടുകൂടി സന്തോഷപൂർവ്വം സ്വീകരിക്കണം. തന്റെ അഭിരുചിക്കനുസരണമായ ഒരു കുടുംബത്തെ ലഭിക്കുന്നതുവരെ പ്രവർത്തനനിരതനാകാൻ വൈമുഖ്യം പ്രകടിപ്പിക്കുന്ന ഒരു സന്ദർശകൻ തന്റെ തലേന്തുകളെ ഭൂമിക്കുള്ളിൽ കുഴിച്ചിട്ട ദാസനെപ്പോലെ കുററക്കാരനായെന്നുവരാം.

വിൻസെൻറു ഡി പോൾ സഖ്യത്തിന്റെ പ്രവർത്തനങ്ങൾ എപ്പോഴും ദൈവസ്നേഹത്താൽ പ്രേരിതമായിരിക്കണം. ദരിദ്രർക്കു് സഖ്യത്തിന്റെ സഹായത്തിനുള്ള അവകാശം നൽകുന്നതു് അവരുടെ ദാരിദ്ര്യംമാത്രമാണ്. സഖ്യത്തിന്റെ സേവനത്തിൽനിന്നും യാതൊരു കുടുംബവും ഒഴിവാക്കപ്പെടുന്നില്ല. ജാതിമതചിന്തകൾക്കു് അവിടെ സ്ഥാനമില്ല. ആർക്കെല്ലാം സഹായം ആവശ്യമുണ്ടോ അവരെയെല്ലാം സഹായിക്കുക എന്നതാണ് സഖ്യത്തിന്റെ ആദർശം. ചില പ്രത്യേകസാഹചര്യങ്ങളിൽ ചില ആളുകളെയും കുടുംബങ്ങളേയും സന്ദർശിക്കാതിരിക്കാൻ വിവേകബുദ്ധി പ്രേരിപ്പിച്ചേക്കാം. പക്ഷേ അത്തരം സാഹചര്യങ്ങൾ വളരെ ദുർലഭമായിരിക്കും. ക്രിസ്തുവിന്റെ മനുഷ്യാവതാരംമൂലം എല്ലാ മനുഷ്യരും, പലരും ആയിട്ടില്ലെങ്കിലും, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളാകുവാൻ അവകാശപ്പെട്ടവരാണ്. നിത്യശിക്ഷാവിധിയിൽ ഉൾപ്പെട്ടവർമാത്രമേ ക്രിസ്തുവുമായുള്ള ഐക്യത്തിൽനിന്നും എന്നേക്കുമായി വിച്ഛേദിക്കപ്പെട്ടിട്ടുള്ളൂ. ആകയാൽ എല്ലാവരും ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളാകുവാൻ പ്രാപ്തരായതുകൊണ്ടു് വിൻസെൻറു ഡി പോൾ സഖ്യത്തിന്റെ സേവനപരിധിയിൽനിന്നും ആരും ഒഴിവാക്കപ്പെടുന്നില്ല.

തന്റെ ആദർശങ്ങളും അഭിപ്രായങ്ങളും ഇതരന്മാരുടെമേൽ കെട്ടിവയ്ക്കാതിരിക്കാൻ സന്ദർശകൻ പ്രത്യേകം ശ്രദ്ധിക്കണം. തന്റെ പരിരക്ഷണത്തിനു് ഏല്പിക്കപ്പെട്ടിരിക്കുന്ന കുടുംബത്തെ യഥാശക്തി സഹായിക്കയും ഉപദേശിക്കയും ചെയ്ക എന്നതുമാത്രമാണ് സന്ദർശകന്റെ കർത്തവ്യം. തന്റെ പ്രവൃത്തനങ്ങളുടെ ഫലപ്രാപ്തി ദൈവഹിതത്തിനു അയാൾ സമർപ്പിക്കണം. സാധുജനങ്ങളുമായി ഒരിക്കലും വാഗ്വാദത്തിനു ശ്രമിക്കരുതു്. തന്റെ ഉപദേശങ്ങളെ അവർ നിഷ്കർഷയോടെ പാലിച്ചില്ലെങ്കിൽത്തന്നെയും ഒരു സന്ദർശകൻ ഒരിക്കലും പരിഭവം പ്രകടിപ്പിക്കരുതു്. ദരിദ്രരുടെ ഇടയിൽ നന്മചെയ്തുകൊണ്ടു സഞ്ചരിച്ച ക്രിസ്തുനാഥനെപ്പോലെ, സഖ്യത്തിന്റെ നിർദ്ദേശാനുസരണമുള്ള തന്റെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ ദൈവഹിതം അനുഷ്ഠിക്കപ്പെടുന്നു എന്ന സംതൃപ്തിയോടെ ഒരു സന്ദർശകൻ ദരിദ്രകുടുംബങ്ങളെ സന്ദർശിക്കണം. തന്റെ സന്ദർശനങ്ങളുടെ ഫലപ്രാപ്തിയിൽ അയാൾ ഉൽക്കണ്ഠിതനാകരുതു്.

---

## തളർവാതരോഗി നടക്കുന്നു

തളർവാതം പിടിപെട്ടു് ആറു വർഷമായി കിടപ്പിലായിരുന്ന തീയം ആംഗിൾ എന്ന 28 വയസ്സുപ്രായമുള്ള ഒരു സ്ത്രീ ഈ ജൂൺ 1-ാംനു-ലൂർദ്ദ് സന്ദർശനാനന്തരം പൂർണ്ണസുഖം പ്രാപിച്ചു് കാൽനടയായി മടങ്ങിയിരിക്കുന്നു. തെക്കേ ജർമ്മനിയിൽ ടെററ്നാങ്ങ് എന്ന സ്ഥലമാണ് ഇവരുടെ സ്വദേശം.

## 900 തീർത്ഥകർ

### "സ്റ്റാലിൻഗ്രാഡിൽ"നിന്നും

"ഇററലിയിലെ സ്റ്റാലിൻഗ്രാഡ്" എന്നറിയപ്പെടുന്ന സെസ്റ്റോ സാൻ ജിയോവന്നിയിൽനിന്നും 900 തീർത്ഥകർ വിശുദ്ധവത്സരംപ്രമാണിച്ചു് റോമിലെത്തിയിരിക്കുന്നു. രണ്ടു കൊല്ലംമുമ്പു് ഇവിടത്തെ ജനങ്ങൾ നൂറു ശതമാനവും കമ്മ്യൂണിസ്റ്റുകാരായിരുന്നെന്നു പറയപ്പെടുന്നു. മദ്ധ്യ ഇററലിയിലെ മററൊരു പട്ടണമായ റോക്കമാസിമായിലെ കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറിയായിരുന്ന ഐജീനോ സീയാൻഫോണി തന്റെ ഓഫീസുകളുടെ താക്കോലുകൾ ക്രിസ്റ്റ്യൻ ഡെമോക്രാററ്സ് പാർട്ടിയുടെ സെക്രട്ടറിയെ ഏല്പിച്ചിരിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നു. ഇതോടെ സീയാൻഫോണിയുടെ കീഴിലുണ്ടായിരുന്ന 30 കമ്മ്യൂണിസ്റ്റുകാരും ക്രിസ്റ്റ്യൻഡെമോക്രാററ്സ് പാർട്ടിയിൽ ചേർന്നിട്ടുണ്ട്.

ജീവചരിത്രപംക്തി

# മരിയ ഗൊരേത്തി


(എ വി. തോമസ്, ബോംബെ)

## വേദസാക്ഷിത്വം

മരിയററായ്ക്കു പ്രായത്തെ കവിഞ്ഞ പൊക്കവും അനന്യസാധാരണമായ രൂപലാവണ്യവുമുണ്ടായിരുന്നു. സെരെനെല്ലിയുടെ പുത്രൻ, ഇരുപതുവയസ്സു പ്രായമുണ്ടായിരുന്ന അലസാന്ദ്രോ, അവളുടെ സൗന്ദര്യത്താൽ ആകൃഷ്ടനായതിൽ അത്ഭുതമില്ല. സന്മാർഗ്ഗബോധം നശിച്ചിരുന്ന ആ യുവാവിനു് ഈ ബാലികയെ പാവനമായി സ്നേഹിക്കാൻ കഴിഞ്ഞില്ല. അധമവികാരങ്ങൾക്കു് അവൻ വിധേയനായി. അനാശാസ്യമായ വിധത്തിൽ അവൻ അവളെ പ്രശംസിക്കുകയും പാപത്തിനു പ്രേരിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയുംചെയ്തു. ഈ വിഷമഘട്ടത്തിൽ പ്രാർത്ഥനയെ ശരണീകരിക്കുകമാത്രമേ ആ സാധുബാലികയ്ക്കു നിവൃത്തിയുണ്ടായിരുന്നുള്ളു. അലസാന്ദ്രോയിൽനിന്നു വന്ന പ്രലോഭനത്തിൽ അവൾക്കുണ്ടായ ഭയവും ലജ്ജയും എത്രമാത്രമെന്നു് ഊഹ്യമാണല്ലോ. ഇക്കാര്യം പുറത്തായാൽ ഇരുകുടുംബങ്ങൾ തമ്മിൽ ഉണ്ടായേക്കാവുന്ന സൗഹാർദ്ദശൈഥില്യത്തെ ഭയന്നു് മരിയററാ അലസാന്ദ്രോയുടെ മനോഭാവത്തെപ്പററി സ്വമാതാവിനോടു പറഞ്ഞില്ലെന്നാണു തോന്നുന്നതു്. എങ്കിലും പാപത്തിൽ പെടാതിരിപ്പാനായി അവൾ കൂടുതൽ തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുകയും അലസാന്ദ്രോയുടെ ദൃഷ്ടിയിൽനിന്നും കഴിയുന്നതും ഒഴിഞ്ഞുമാറി നടക്കുകയും ചെയ്തിരുന്നു. ഒരിക്കൽ അവൻ അവളെ പിടിച്ചുവലിച്ചുവെങ്കിലും അവൻെറ പിടിവിടുവിച്ചുകൊണ്ടു് അവൾ ഓടിക്കളഞ്ഞു. അപ്പോൾ ആ സംഭവത്തെപ്പററി ആരോടെങ്കിലും പറഞ്ഞുപോയാൽ അവളെ കൊന്നുകളയുമെന്നു് അവൻ ശപഥംചെയ്തു പറഞ്ഞു.

ജൂലൈമാസത്തിൻെറ ആരംഭത്തിൽ, അടുത്ത ഞായറാഴ്ച—ജൂലൈ 6-ാംനു— ഫെറിയേറേ ദേവാലയത്തിൽ പോയി ദിവ്യകാരുണ്യം സ്വീകരിക്കണമെന്നു് അവൾ തീർച്ചപ്പെടുത്തി. അവളുടെ ഒരു അയൽക്കാരിയും ദേവാലയത്തിലേക്കു അവളെ അനുഗമിക്കാമെന്നു സമ്മതിച്ചു. എന്നാൽ ഈ സമയമെല്ലാം അലസാന്ദ്രോ തൻെറ ദുരുദ്ദേശ്യസാദ്ധ്യത്തിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടു നടക്കുകയായിരുന്നു. അവൻ ഒരു ചെറിയ കഠാരി കൈക്കലാക്കി. ഏതുവിധേനയും തൻെറ ദുരുദ്ദേശ്യത്തിനു് മരിയററായെ വശീഭവിപ്പിക്കുന്നതിനു് ഉറച്ചുകഴിഞ്ഞു. ആ സാധുബാലികയെ ഏകയായിലഭിക്കുന്നതിനുള്ള അവസരവും പാർത്തുകൊണ്ടു് നടക്കുകയായിരുന്നു. ജൂലൈ 5-ാംനു ശനിയാഴ്ച ഉച്ചകഴിഞ്ഞു. അലസാന്ദ്രോയുടെ പിതാവു് ഉഷ്ണാധിക്യനിമിത്തം [illegible] ച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു. മരിയററാ അടുത്തിരുന്നു കുട്ടിയെ നോക്കുകയും അലസാന്ദ്രോയുടെ ഒരു ഷർട്ടു തയിക്കുകയും ചെയ്തുകൊണ്ടിരുന്നു. അലസാന്ദ്രോയും അസുന്തായുംകൂടി കാളകളെക്കൊണ്ടു ധാന്യം മെതിപ്പിക്കുന്നതിൽ ഏർപ്പെട്ടിരുന്നു. മരിയയെ കണ്ടയുടനെ കാളകളെ നോക്കിക്കൊള്ളുന്നതിനു് അസുന്തായെ ഭരമേൽപ്പിച്ചശേഷം അലസാന്ദ്രോ ഓടി അവൻെറ മുറിയിൽ ചെന്നു് കഠാരി എടുത്തു് വസ്ത്രത്തിനടിയിൽ ഒളിച്ചുവച്ചുകൊണ്ടു് അടുത്തുണ്ടായിരുന്ന മുറിക്കകത്തേക്കുവരുന്നതിനു മരിയററായെ വിളിച്ചു. എന്തിനെന്നു ചോദിച്ചുകൊണ്ടു ഓടിരക്ഷപ്പെടുവാൻ അവൾ ശ്രമിച്ചു. പക്ഷേ അവൻ ഉടനെ അവളെ പിടിച്ചു മുറിക്കകത്തിട്ടു വാതിലടച്ചു.

പിന്നീടു മുറിക്കകത്തുണ്ടായ സംഭവം പശ്ചാത്താപവിവശനായ അലസാന്ദ്രോ അനന്തരകാലത്തു, മരിയററായെ സിദ്ധയെന്നുവിളിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചുകോടതിയിലുള്ള തെളിവുകളിൽനിന്നാണു് പ്രധാനമായി നമുക്കു ഗ്രഹിക്കുവാൻ സാധിച്ചിട്ടുള്ളതു്. അവിടെ മനുഷ്യസഹായം ലഭിക്കുവാൻ നിവൃത്തിയില്ലാതെ, ഭീതികൊണ്ടു വിറച്ചിരുന്ന മരിയററായെ പാപത്തിനു വിധേയയാകുവാൻ ആ ദുർമ്മോഹപരവശൻ നിർബന്ധിച്ചു. പക്ഷേ അവളുടെ വിശ്വാസം സുസ്ഥിരമായിരുന്നു. "ഇല്ല, ഇല്ല, ഞാൻ ഒരിക്കലും സമ്മതിക്കയില്ല, അതൊരു വലിയ പാപമായിരിക്കും; നീ നരകത്തിൽപോകും; ദൈവം അതിനു് ഇടയാക്കാതിരിക്കട്ടെ" എന്നു് അവൾ ധൈര്യപൂർവ്വം പറഞ്ഞു. സഹായത്തിനായി അവൾ നിലവിളിച്ചു. താഴെ ഉറങ്ങിക്കിടന്നിരുന്ന സെരെനെല്ലി അല്ലാതെ അരികെ ആരും ഇല്ലായിരുന്നു. അയാൾ ഇതൊന്നും അറിഞ്ഞില്ല. വീണ്ടും അവൻ നിർബന്ധിച്ചെങ്കിലും അവൾ തിരസ്കരിക്കയാണു് ചെയ്തതു്. ഇങ്ങനെ ആ ബാലികയുടെ ദൃഢമായ ഉപേക്ഷയാൽ നിരാശനായ അലസാന്ദ്രോ രോഷാകുലനായി കഠാരി പുറത്തെടുത്തു് അതു കാണിച്ചുകൊണ്ടു് അവളെ കൊന്നുകളയുമെന്നു് ഭീഷണിപ്പെടുത്തി. എന്നിട്ടും ഫലമുണ്ടായില്ല. ഒടുവിൽ അവൻ നിർബന്ധപൂർവ്വം പിടിച്ചു. "നീ എന്നെ കൊന്നുകൊള്ളുക, എന്നാലും ഞാൻ നിനക്കു കീഴടങ്ങുകയില്ല" എന്നു പറഞ്ഞുകൊണ്ടു് അവസാനമായി അവൾ തിരസ്കരിച്ചു. ദ്വേഷ്യത്താലും ദുരാശയാലും അന്ധനായ അവൻ ഒരു മരക്കഷണത്തിൽ എന്നപോലെ അവളുടെ മൃദുദേഹത്തിൽ അനവധി പ്രാവശ്യം കഠാരികൊണ്ടുകുത്തി. രക്തത്തിൽ കുളിച്ചു് മരിയററാ നിലംപതിച്ചു. "അമ്മേ, അമ്മേ, ഞാൻ മരിക്കുന്നു," "ഓ എൻെറ ദൈവമേ, എന്നെ സഹായിക്കുക" എന്നവൾ നിലവിളിച്ചു. ഇതുകേട്ടു് ഘാതകൻ ഞെട്ടി പുറകോട്ടു മാറി. മുറിവുകളിൽ നിന്നും രക്തം ധാരയായി പ്രവഹിച്ചിരുന്നു. വാതുക്കലേക്കു് ഉരുണ്ടുചെന്നു് മരിക്കാറായ ആ ബാലിക ഉറങ്ങിക്കിടന്നിരുന്ന സെരെനെല്ലിയെ വിളിച്ചു: "വേഗം വരുക, അലസാന്ദ്രോ എന്നെ കൊല്ലുന്നു." ഭയംകൊണ്ടു വിറച്ചുപോയ അലസാന്ദ്രോ അവളെ എങ്ങനേയും നിശ്ശബ്ദയാക്കുന്നതിനു തീർച്ചപ്പെടുത്തി. അവൻ അവളുടെ തൊണ്ടക്കുപിടിച്ചു് കഠാരി പുറത്തേക്കു കുത്തിയിറക്കി. അനന്തരം അവളെ അവിടെ ഇട്ടിട്ടു് അവൻ ഓടി അവൻെറ മുറിയിലേക്കു കയറി വാതിൽപൂട്ടി അകത്തിരുന്നു. "ഞാൻ ദൈവനിയമം ലംഘിക്കുകയാണെന്നു് എനിക്കറിയാമായിരുന്നു. അവൾ വഴിപ്പെടാഞ്ഞതുകൊണ്ടു് ഞാൻ അവളെ കൊന്നു. വാക്കുകൊണ്ടോ പുഞ്ചിരികൊണ്ടോ അവൾ എന്നെ ഒരിക്കലും പ്രേരിപ്പിച്ചിട്ടില്ല. എല്ലാം എൻെറ കുററംതന്നെ. മരിയാ നന്നായിചെയ്തു." ഇങ്ങനെയാണു് അനന്തരകാലത്തു് പശ്ചാത്തപിച്ചുകൊണ്ടു് വിനീതനായ അലസാന്ദ്രോ പറഞ്ഞതു്.



മരിയഗൊരേത്തിയുടെ പ്രതിമ.

ഇതിനകത്താണു് ആ ചെറുകുസുമത്തിൻെറ തിരുശേഷിപ്പുകൾ സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്. സിദ്ധയുടെ വലതുകൈയിൽ രജതനിർമ്മിതമായ ഒരു ലില്ലിത്തണ്ടും ഇടതുകൈയിൽ ഒരു കൊന്തയും പിടിച്ചിരിക്കുന്നു. അരയിൽ ഒരു നീല പട്ടയും കഴുത്തിൽ സൊഡാലിററി ഉത്തരീയവും ധരിച്ചിട്ടുണ്ടു്. ഇക്കഴിഞ്ഞ മേയ് 18-ാംനു ഗൊരേത്തിയുടെ പൂജ്യാവശിഷ്ടങ്ങൾ നെററൂണോയിലെ കത്തീഡ്റൽ ദേവാലയത്തിൽനിന്നും അത്യാഡംബരപൂർവ്വം കൊറിനാൾഡോയിലെ പള്ളിയിലേക്കു് മാററി സ്ഥാപിച്ചിരിക്കുന്നു.

അവസാനം സെരെനെല്ലി ഉണർന്നു. മുറിവേററുകിടന്ന ബാലികയെ കണ്ടു് അയാൾ നിലവിളികൂട്ടി. ഒരു അയൽക്കാരി ഓടിവന്നു് മരിയയെ എടുത്തു കട്ടിലിൽ കിടത്തി. അപ്പോഴേക്കും അസുന്തായും അടുത്തെത്തി. തൻെറ സർവ്വസ്വവും ആയിരുന്ന മകളെ ആ സ്ഥിതിയിൽ കണ്ടപ്പോൾ ആ മാതാവു ബോധംകെട്ടു നിലംപതിച്ചു. അല്പം കഴിഞ്ഞു് അവൾ എഴുന്നേററു മകളെ ആലിംഗനം ചെയ്തുകൊണ്ടു് വിപത്തിനെപ്പററി ചോദിച്ചു. അവൾ കാര്യമെല്ലാം മുഴുക്കെയായി പറഞ്ഞു. അലസാന്ദ്രോ രണ്ടുമാസം മുമ്പു് രണ്ടു പ്രാവശ്യം തന്നെ പാപത്തിനു പ്രേരിപ്പിച്ചുവെന്നും ലജ്ജകൊണ്ടും കൊന്നുകളയുമെന്നു അവൻ ഭീഷണിപ്പെടുത്തിയതുകൊണ്ടും ആണു് അമ്മയെ അറിയിക്കാതിരുന്നതെന്നും പിന്നീടു് അവൾ ആശുപത്രിയിൽവച്ചു പറഞ്ഞു. മുൻപറഞ്ഞ പേപ്പൽ ഡിക്രിയിൽ ഈ മരണസംഭവത്തെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു: "അവൻ ജഡികസന്തോഷങ്ങളിൽ ലയിച്ചിരുന്ന അധമനായ ഒരു യുവാവായിരുന്നു......വീണ്ടും വീണ്ടും അവൻ പാപത്തിനു് അവളെ പ്രേരിപ്പിച്ചു. അതെല്ലാംനിഷ്ഫലമായി. അവസാനം ശുദ്ധതയെ പരിത്യജിച്ചു ജീവനെ രക്ഷിക്കുക, അല്ലെങ്കിൽ ജീവനെ ത്യജിച്ചുകൊണ്ടു ശുദ്ധതയെ സംരക്ഷിക്കുക—ഇവയിൽ ഒന്നു ചെയ്യാൻ അവൾ നിർബന്ധിതയായി. അവൾ ജീവനെ പരിത്യജിച്ചു; ആ ജീവനെ അനന്തരലോകത്തിനും നിത്യതേത്തിനുംവേണ്ടി അവൾ സംരക്ഷിച്ചു."

മരിയക്കുനേരിട്ട അത്യാഹിതം കാട്ടുതീപോലെ നാടെങ്ങും പരന്നു. "അവർ ഒരു കുഞ്ഞു വിശുദ്ധയെ കൊന്നുകളഞ്ഞു" എന്നു് ജനങ്ങൾ പറഞ്ഞു. വിനാവിളംബം ഒരു പോലീസ്‌വണ്ടി അവിടെ എത്തി അലസാന്ദ്രോയെ ബന്ധനസ്ഥനാക്കി കൊണ്ടുപോയി. കുറേകഴിഞ്ഞു് ഒരു ആംബുലൻസുവണ്ടി വന്നു് മരിയയെ ആശുപത്രിയിലേക്കു കൊണ്ടുപോയി. മരണംവരെ ആ ബാലിക അസാമാന്യമായ ക്ഷമയും സഹനശക്തിയും പ്രദർശിപ്പിച്ചു. ഞായറാഴ്ചക്കാലത്തു മരിയ വീണ്ടും ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചു. അവളുടെ അന്ത്യനിമിഷങ്ങൾ അതിശീഘ്രം അടുത്തുകൊണ്ടിരുന്നു. ദിവ്യകാരുണ്യം കൊണ്ടുവന്ന വൈദികൻ അവളോടു ചോദിച്ചു:

"മരിയററാ, ആരാണു് വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്നതു്?"

"ഞാൻ അതിവേഗം കാണുവാൻ പോകുന്ന ഈശോ."

"അലസാന്ദ്രോയോടു നീ ക്ഷമിക്കുന്നുവോ?"


"തീർച്ചയായും ഞാൻ ക്ഷമിക്കുന്നു, അച്ചോ. ഈശോ പശ്ചാത്താപിയായ കള്ളനോടു ക്ഷമിച്ചു; അലസാന്ദ്രോ പശ്ചാത്തപിക്കുന്നതിനുവേണ്ടി ഞാനും പ്രാർത്ഥിക്കും."


അന്നു വൈകുന്നേരം—1902 ജൂലൈ 6-ാംനു വൈകുന്നേരം മൂന്നുമണിക്കു്—ആ വീരബാലിക പരലോകപ്രാപ്തയായി.

## സിദ്ധപദം

മരിയയെ ഒരു വേദസാക്ഷിണിയായി എല്ലാവരും പരിഗണിച്ചിരുന്നു. അവളുടെ വീരോചിതമായ മരണത്തെപ്പററിയുള്ള വാർത്ത വേഗം ഇററലി മുഴുവൻ പരക്കുകയും അചിരേണ ഇററലിയുടെ പരിധികളും കടന്നു് ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്തു. പത്താം പീയൂസ്, പതിനഞ്ചാം ബെനദിക്തൂസ് എന്നീ പാപ്പാമാർ ഗൊരേത്തികുടുംബത്തിൻെറ ക്ഷേമത്തിൽ തൽപരരാവുകയും മരിയയുടെ സഹോദരികൾക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. എന്നിരുന്നാലും മരിയയെ പുണ്യവതിയെന്നു നാമകരണംചെയ്യുന്നതുസംബന്ധിച്ചുള്ള ഔദ്യോഗികനടപടികൾ ആദ്യമായി ആരംഭിച്ചതു് 1935-ൽ മാത്രമാണു്. ഈ ബാലികയെ സിദ്ധയെന്നും പുണ്യവതിയെന്നും നാമകരണം ചെയ്യുന്നതുസംബന്ധിച്ചുള്ള നടപടികൾ 1938-ൽ റോമയിൽ ഔദ്യോഗികമായി ആരംഭിച്ചു. ഇതിനിടയിൽ 1929-ൽ അവളുടെ ഭൗതികാവശിഷ്ടങ്ങൾ വൈദികാനുമതിയോടുകൂടി സിമിത്തേരിയിൽനിന്നും അവളുടെ ബഹുമാനാർത്ഥം സ്ഥാപിക്കപ്പെട്ട മനോഹരമായ സ്മാരകത്തിലേക്കു മാററപ്പെട്ടു.

മരിയയുടെ മരണംമുതൽ പലരും ദുഷ്കരങ്ങളായ കാര്യങ്ങളുടെ സിദ്ധിക്കായി അവളുടെ സ്വർഗ്ഗീയസഹായം പ്രാർത്ഥിച്ചുതുടങ്ങി. ആ ബാലികയുടെ മാദ്ധ്യസ്ഥംവഴി പലർക്കും ഗണ്യമായ സഹായങ്ങൾ ലഭിച്ചിട്ടുണ്ടു്. എന്നാൽ മരിയയുടെ സഹായത്തിനു പാത്രമായ





ഒർസനിയൊ ആസ്പത്രി. ഇതിൽ കിടന്നാണു് മരിയ നിര്യാതയായതു്. ഘാതകൻ ഏല്പിച്ച 14 മുറിവുകളിൽ ഒന്നു് ഏററവും ആഴത്തിലായിരുന്നു. 2-ാമത്തെ ചിത്രം നെററൂണോയിൽ മരിയായുടെ ശവകടീരമാണു്.

വരിൽ പ്രഥമഗണനീയൻ അവളുടെ ഘാതകനായ അലസാന്ദ്രോതന്നെയാണെന്നു പറയാം. അവൻ ചെയ്ത കഠോരപാതകത്തിനു ശിക്ഷയായി ആ യുവാവു മുപ്പതുകൊല്ലം തടവിനു വിധിക്കപ്പെട്ടു. ജയിലിൽവച്ച് വളരെക്കാലത്തേക്കു പശ്ചാത്താപത്തിൻേറയോ മാനസാന്തരത്തിൻേറയോ യാതൊരു ലക്ഷണവും അയാൾ കാണിച്ചില്ല. അയാൾ അത്യധികമായ നിരാശയ്ക്കു വിധേയനായിരുന്നു. ഒരു ദിവസം രാത്രി വലിയ മനോവേദനയോടെ അയാൾ ഉറങ്ങുവാൻപോയി. അന്നു രാത്രി മരിയററാ അയാൾക്കു കാണപ്പെട്ട് ലില്ലിപ്പുഷ്പങ്ങൾ നൽകിയെന്നാണ് അയാൾ പറഞ്ഞിട്ടുള്ളതു്. പിറേറദിവസം എഴുന്നേററപ്പോൾ അലസാന്ദ്രോയിൽ വലിയ ഭാവഭേദം കാണപ്പെട്ടു. അധികം താമസിയാതെ അയാൾ പശ്ചാത്തപിച്ച് ദൈവവുമായി രമ്യപ്പെട്ടു. മരിയററായുടെ ജീവിതത്തെയും മരണത്തെയുംപററി നടത്തിയ ഔദ്യോഗികാന്വേഷണങ്ങളിൽ ആദ്യം വിളിക്കപ്പെട്ട സാക്ഷികളിൽ ഒരാൾ അലസാന്ദ്രോയാണ്.

1945-ൽ അന്വേഷണങ്ങൾ പൂർത്തിയായി. രണ്ടു കൊല്ലത്തിനുശേഷം ഏപ്രിൽ 27-ാംനു മരിയററാ സിദ്ധയെന്ന് ഔദ്യോഗികമായി നാമകരണം ചെയ്യപ്പെട്ടു. വിശുദ്ധ പത്രോസിൻെറ ദേവാലയത്തിൽ സന്നിഹിതരായിരുന്ന മഹാജനസഞ്ചയത്തിൽ മരിയററായുടെ മാതാവും ഉൾപ്പെട്ടിരുന്നു. ഘാതകൻെറ കഠാരിയാൽ ഇളംപ്രായത്തിൽതന്നെ തന്നിൽനിന്നും അപഹരിക്കപ്പെട്ട ഓമനക്കുഞ്ഞിൻെറ ജീവിതവിശുദ്ധിയെ തിരുസഭ ഔദ്യോഗികമായി അംഗീകരിക്കുന്നതു കണ്ടപ്പോൾ ആ സാധുവായ കൃഷകവനിതയ്ക്കുണ്ടായ സന്തോഷം എത്രമാത്രമായിരുന്നിരിക്കണം. സഭയുടെ സുദീർഘമായ ചരിത്രത്തിൽ ഇതിനു മുമ്പ് ഒരു മാതാവിനും തൻെറ കുഞ്ഞിന് സിദ്ധപദം നൽകിയ അവസരത്തിൽ സന്നിഹിതയാകാൻ സാധിച്ചിട്ടില്ല. ഏതാനുംമാസംകൂടി ജീവിച്ചിരുന്നെങ്കിൽ വി. അലോഷ്യസിൻെറ അമ്മയ്ക്കും ഈ ഭാഗ്യം ലഭിക്കുമായിരുന്നു.

മരിയററാക്കു സിദ്ധപട്ടം നൽകിയ അവസരത്തിൽ ജനസമൂഹത്തെ അഭിമുഖീകരിച്ചുകൊണ്ട് പന്ത്രണ്ടാംപീയൂസു പാപ്പാ ചെയ്ത പ്രഭാഷണത്തിൽ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി: "ആത്മധൈര്യം എന്ന പ്രത്യേകഗുണത്തെ സംബന്ധിച്ചിടത്തോളം മരിയററാ വിശുദ്ധ ആഗ്നസിനു തുല്യയാണ്. ഈ ഗുണം കന്യാത്വത്തിൻെറ സംരക്ഷയും ഫലവുമത്രെ. നമ്മുടെ പുതിയ സിദ്ധ ധീരയും ബുദ്ധിമതിയും ആയിരുന്നു. അവളുടെ അഭിമാനത്തെപ്പററി അവൾക്കു പൂർണ്ണബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് പാപം ചെയ്യുന്നതിനെക്കാൾ മരിക്കുവാൻ അവൾ സന്നദ്ധയായതു്... മരിയഗൊരേത്തിയെപ്പോലെ ഉദാരമതികളായ പവിത്രാത്മാക്കൾ വേറെയും അനവധിയുണ്ട്. എന്നാൽ മാതാപിതാക്കന്മാർ അവരുടെ കുട്ടികളുടെ കാര്യത്തിൽ കൂടുതൽ സൂക്ഷ്മമുള്ളവരായിരിക്കയും വിശ്വാസപൂർവ്വകമായ അനുസരണത്തിന് അവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ ഈ പവിത്രാത്മാക്കളുടെ സംഖ്യ വളരെ കൂടുതലായിരുന്നേനെ."

മരിയററാക്കു സിദ്ധപട്ടം നൽകിയ അവസരത്തിൽ പുറപ്പെടുവിച്ച പേപ്പൽ ഡിക്രിയിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം സമാഹരിക്കുന്നതു ഉചിതമായിരിക്കുമെന്നു കരുതുന്നു: "ദൈവം തൻെറ വിശുദ്ധാത്മാക്കളിൽ അത്ഭുതകരമായി പ്രവർത്തിക്കുന്നു. നമുക്കു മാതൃകകളും സംരക്ഷകരുമായി അവിടുന്നു അവരെ നമുക്കു കാണിച്ചുതരുന്നു. ക്രൂരവും അധമവുമായ ഇന്നത്തെ ലോകത്തിൽ അവിടുന്നു് യുവതികൾക്ക് ഒരു മാതൃകയും സംരക്ഷികയേയും നല്കിയിരിക്കുന്നു. തൻെറ നിഷ്കളങ്കതകൊണ്ട് നമ്മുടെ ശതാബ്ദത്തിൻെറ പ്രാരംഭഘട്ടത്തെ പാവനമാക്കിയ ചെറുബാലിക മരിയയാണ് അതു്."

പ്രഹസനം

# ശില്പി

(ജി. സി. ടീലാർ)

അങ്കം 2

രംഗം 1

## ബ്രാഹ്മണസമാജം

(മഞ്ചുവള്ളിയും പ്ലാംക്കൂട്ടിൽ ശ്രീധരനും.)

മഞ്ചുവള്ളി: ബഹു ആശ്ചര്യം ബഹു ആശ്ചര്യം. ആറാട്ടു തുടങ്ങിയിട്ടു ദിവസം മൂന്നായി; മുമ്പത്തെപ്പോലുള്ള ആൾക്കൂട്ടമൊന്നും കാണാനില്ല. മുമ്പൊക്കെ നടപ്പന്തലിലുംമററും സ്ഥലം കാണുന്നതാണോ? ഇക്കൊല്ലം അതെല്ലാം ഒഴിഞ്ഞു കിടക്കുന്നു. എന്താണു കാരണം?

ശ്രീധരൻ:

"സീദന്തിസന്തോ വിലസന്ത്യസന്തഃ
പുത്രാമ്രിയന്തേ ജനകശ്ചിരായുഃ
പരേഷുമൈത്രീ സ്വജനേഷുവൈരം
പശ്യന്തുലോകാഃ കലികൗതുകാനി:"

സജ്ജനങ്ങൾ വിലപിക്കയും ദുർജ്ജനങ്ങൾ സന്തോഷിക്കയും പിതാവു ചിരകാലം ജീവിക്കയും പുത്രന്മാർ അകാലമരണം പ്രാപിക്കയും ചെയ്യുന്നു. അന്യന്മാരിൽ മൈത്രിയും സ്വജനങ്ങളിൽ വൈരവും വർദ്ധിക്കുന്നു. ഇതൊക്കെ കലികാലവിശേഷങ്ങൾതന്നെ. അല്ലാതെ ഇതിനെന്തോ പറയാനാണ്!

മഞ്ചുവള്ളി: കലികാലവിശേഷങ്ങൾ എന്നൊക്കെ പറഞ്ഞു തള്ളിക്കളയേണ്ടതല്ല ഇതു്. കാലക്രമത്തിൽ നമ്മുടെ മുറജപംപോലും മുടങ്ങും. അതുകൊണ്ടു നാം ഇതേപ്പററി കാര്യമായി ഒന്നു ചിന്തിക്കണം. നമ്മുടെ കുലവും നമ്മുടെ ചോറും നാശമടയുവാൻ പോകുന്നതിനെപ്പററി താങ്കൾക്കു ഒരു സങ്കടവുമില്ലേ?

ശ്രീധരൻ: അമ്പലത്തിൽ ഉത്സവത്തിനു ആൾ കൂടാത്തതു് എന്തുകൊണ്ടാണെന്നു വിചാരിക്കുന്നു?

മഞ്ചുവള്ളി: താങ്കൾക്ക് അതുപോലും അറിഞ്ഞുകൂടല്ലോ. പരദേശത്തുനിന്നും ഒരു ധൂമകേതു ഇവിടെ വന്നിറങ്ങിയിട്ടുള്ളതു് അറിയാമോ?

ശ്രീധരൻ: പരദേശത്തുനിന്നും ഇവിടെ യഹൂദന്മാർ വന്നിട്ടുണ്ടു്, റോമാക്കാർ വന്നിട്ടുണ്ടു്, പാഴ്സികൾ വന്നിട്ടുണ്ടു്, ഗ്രീക്കുകാർ വന്നിട്ടുണ്ടു്, ഈജിപ്റ്റുകാർ വന്നിട്ടുണ്ടു്. അതിനു നമുക്കെന്താ?

മഞ്ചു: അവരൊക്കെ വന്നതുകൊണ്ടു നമുക്കു ലാഭമേയുള്ളു. പക്ഷെ അടുത്തദിവസങ്ങളിൽ ഒരു ആശാരിപ്പണിക്കാരൻെറ വേഷത്തിലും ഒരു സന്യാസിയുടെ മട്ടിലും ഒരു പരദേശി ഇവിടെ സഞ്ചരിക്കുന്നതു് അറിയാമോ?

ശ്രീധ: അറിയാം, അയാൾ ആർക്കും ഒരുപദ്രവവും ചെയ്യുന്നില്ലെന്നാണ് കേൾവി.

മഞ്ചു: കൊള്ളാം, താങ്കൾക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു എന്നു തോന്നുന്നു.

"ദുർജ്ജനപരിഹർത്തവ്യോ വിദ്യയാലംകൃതോപിസൻ
മണിനാഭൂഷിതഃ സർപ്പഃ കിമസൗന ഭയങ്കരഃ".

നമ്മെ ദ്രോഹിക്കുന്നവർ തീർച്ചയായും നമുക്കു ദുർജ്ജനംതന്നെയാണ്. അവൻ എത്ര നല്ലവനായിരുന്നാലും അവനെ നാം തുരത്തണം.

ശ്രീധ: ആ മനുഷ്യൻ എന്താണ് ചെയ്തതു്?

മഞ്ചു: താങ്കൾ ഈ ലോകത്തിലെങ്ങുമല്ല ജീവിക്കുന്നതെന്നു പറയണമല്ലോ. കള്ളി, കാളികാവ്, ശങ്കരി, പകലോമററം, എന്ന ഇല്ലക്കാരെ അറിയില്ലേ!

ശ്രീധ: പിന്നേ, അവർ എൻെറ കൂട്ടുകാരും ശേഷക്കാരുംതന്നെ. അവർക്കെന്തുപററി?

മഞ്ചു: അവരെല്ലാം ആ മ്ലേച്ഛൻെറ മതത്തിൽചേർന്നു കുലം നശിപ്പിച്ചു.

ശ്രീധ: അയ്യോ, നേരാണോ, മഞ്ചുവള്ളി?

മഞ്ചു: പിന്നല്ലാതെന്തോ?

(ഒരു ഭൃത്യൻ ഓടിക്കിതച്ചു വരുന്നു.)

മഞ്ചു: എന്താണെടാ, എന്താണെടാ, വേഗം പറ കാര്യം.

ഭൃത്യൻ: എൻെറ ഒടേതുങ്ങളേ, ആ മനുഷ്യൻ നമ്മുടെ അമ്പലത്തിലേക്കു പോയിരിക്കുന്നു.

ശ്രീധ: കുളിച്ചു തൊഴാനാണോടാ?

ഭൃത്യൻ: അല്ലല്ല—അതു് ഈ നസ്രാണിന്ന കൂട്ടരുടെ പള്ളിയാക്കാൻ.

മഞ്ചു: ആരെല്ലാമുണ്ടു കൂടെ?

ഭൃത്യൻ: മററുംകൂടിയ ഇല്ലക്കാരെല്ലാം ചേർന്നാ പോയതു്.

മഞ്ചു: എൻെറ ഭഗവാനേ! ചതിച്ചല്ലോ. നമുക്കും അങ്ങോട്ടോടാം.

ആരേക്കൊണ്ടതു് ചവിട്ടി പൊളിപ്പിക്കണം.

(എല്ലാവരും ഓടുന്നു. (കർട്ടൻ)

രംഗം 2

(വിശാലമായ ഒരു മുറി. മഞ്ചുവള്ളി, ശ്രീധരൻ, തോമസ് ഇരുന്നു സംസാരിക്കുന്നു.)

തോമസ്: എന്നെ നിങ്ങൾ ഇങ്ങോട്ടു ക്ഷണിച്ചതു് എന്തിനായിരിക്കുമോ?

മഞ്ചുവള്ളി: താങ്കൾ ഒരു വലിയ മാന്ത്രികനാണെന്നു ഞങ്ങൾക്കു മനസ്സിലായി. ശ്രീധരൻ എന്തുപറയുന്നു?

ശ്രീധരൻ: മഞ്ചുവള്ളിയുടെ അഭിപ്രായംതന്നെ എനിക്കും. യോഗാഭ്യാസംകൊണ്ടു് ചില സിദ്ധികളെല്ലാം ഞങ്ങൾക്കു കൈവന്നിട്ടുണ്ടു്. എന്നാൽ വെള്ളംകോരി എടുക്കുമ്പോൾ അവിടെ കുഴികാണിക്കുവാനോ, മുകളിലേക്കു് എറിയുന്നവെള്ളം ആകാശത്തിൽ നിറുത്തിക്കാണിക്കുവാനോ ഞങ്ങൾക്കു സാദ്ധ്യമല്ല.

മഞ്ചുവള്ളി: മന്ത്രംകൊണ്ടു് പല രോഗങ്ങളും സുഖപ്പെടുത്താം. എങ്കിലും ഒററവാക്കുകൊണ്ടു് രോഗികളെ എഴുന്നേല്പിച്ചിരുത്തുവാനുള്ള വിദ്യയും ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാൽ താങ്കളുടെ മായാവിദ്യ അത്ഭുതകരംതന്നെ. ഞങ്ങളുടെ ഇടയിലുള്ള 32 ബ്രാഹ്മണകുടുംബങ്ങളെ താങ്കൾ അപഹരിച്ചുകളഞ്ഞു. ഇതെല്ലാം ഞങ്ങൾ ക്ഷമിച്ച് താങ്കളെ ഞങ്ങളുടെ കുലഗുരുവാക്കാം. ഞങ്ങളുടെ ഒരപേക്ഷ സാധിച്ചുതരണം.

തോമസ്: അപേക്ഷ എന്താണ്? പറയണം.

മഞ്ചു: താങ്കളുടെവിദ്യ ഞങ്ങളേയും ഒന്നു പഠിപ്പിക്കണം—ഒററവാക്കുകൊണ്ടു് രോഗികളെ എഴുന്നേല്പിക്കാനുള്ള വിദ്യ.

തോമസ്: സ്നേഹിതന്മാരേ! നിങ്ങൾക്കു വലിയ ഒരു തെററുപററിയിരിക്കുന്നു. എനിക്കു യാതൊരു മായാവിദ്യയും അറിഞ്ഞുകൂടാ. ഞാനെൻെറ ദൈവത്തിൻെറ കല്പന കേൾക്കുന്നു. പോയി സകലജാതികളേയും പഠിപ്പിക്കുക. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തുക എന്നുള്ള കല്പനയാണ് എനിക്കു ലഭിച്ചിരിക്കുന്നതു്. എൻെറ കർത്തവ്യം നിർവ്വഹിക്കുമ്പോൾ മുകളിൽനിന്നും എനിക്കു സഹായം ലഭിക്കുന്നു എന്നു മാത്രം.

ശ്രീധര: എന്നാൽ മുകളിൽനിന്നു് അതു ഞങ്ങൾക്കും വാങ്ങിത്തരണം. ഞങ്ങളുടെ ദേവന്മാർ വലിയ ദുരാഗ്രഹികളാണ്. പണംകൊടുത്തു് അവരെ വശീകരിക്കാം. അങ്ങനെ നിങ്ങളുടെ ദൈവത്തെയും ഒന്നു വശീകരിക്ക. പണം എന്തുവേണമെങ്കിലും ഞങ്ങൾ തന്നുകൊള്ളാം.

തോമസ്: അതു പരിശുദ്ധാത്മാവിൻെറ ദാനമാണ്. അതു ഒരുത്തർക്കും വാങ്ങുവാനോ വില്ക്കുവാനോ സാദ്ധ്യമല്ല.

മഞ്ചു: സാധനത്തിനു വിലകൂടുവാൻ ചിലർ ഇങ്ങനെ പറഞ്ഞുകേട്ടിട്ടുണ്ടു്. അതിനു് എന്തു വിലവേണമെങ്കിലും ഞങ്ങൾ തരാമെന്നു പറഞ്ഞല്ലോ. ആ വിദ്യ ഞങ്ങളെ ഒന്നു പഠിപ്പിക്കതന്നെവേണം.

തോമ: നിങ്ങളുടെ പണം നിങ്ങളോടുകൂടി സൂക്ഷിച്ചുകൊള്ളുക. ഒരു ചില്ലിക്കാശുപോലും എനിക്കാവശ്യമില്ല.

മഞ്ചു: എന്നുവച്ചാൽ, താങ്കൾ അതു പഠിപ്പിക്കയില്ലെന്നു തീർച്ചപ്പെടുത്തി എന്നല്ലേ!

തോമ: നിങ്ങൾ കോപിക്കരുതു്. പണംകൊണ്ടു സിദ്ധിക്കുന്ന ഒരു വിദ്യയല്ല അതു്.

ശ്രീധ: അതു സമ്പാദിക്കുവാൻ ഞങ്ങളെന്തുചെയ്യണം, എന്നാൽ?

തോമ: ഞാൻ ഉപദേശിക്കുന്ന സത്യമാർഗ്ഗം സ്വീകരിച്ചാൽ നിങ്ങൾക്ക് യഥാർത്ഥജ്ഞാനമുണ്ടാകും.

മഞ്ചു: അതേ-അതേ; സത്യമാർഗ്ഗം. താങ്കൾ അതു പറഞ്ഞു് അനേകം സാധുക്കളെ വഞ്ചിച്ചു. ഇനി ഞങ്ങളുടെ അടുത്താണ് തൻെറ വിദ്യകൾ. അതു് ഇവിടെ ചെലവാകയില്ലെന്നു് കരുതിക്കൊൾക. ഈ രാജ്യാതിർത്തി കടന്നു് ഉടൻ താങ്കൾ പൊയ്ക്കൊള്ളണം.

തോമ: ഞാൻ നിങ്ങൾ വിളിച്ചിട്ടല്ല ഇവിടെ വന്നതു്. നിങ്ങൾ പറഞ്ഞാൽ ഒട്ടു പോകയുമില്ല.

മഞ്ചു: എന്നാൽ വിടാൻ ഞങ്ങൾക്കറിയാം.

തോമസ്: കൊള്ളാം, ഞാനെൻെറ ജനങ്ങളുടെ അടുക്കലേക്കു പോകട്ടെ. നമസ്കാരം. (പോകുന്നു.)

മഞ്ചു: കേട്ടില്ലേ ശ്രീധരാ, അയാൾ പറഞ്ഞതു്? "ഞാൻ എൻെറ ജനങ്ങളുടെ അടുക്കലേക്കുപോകട്ടെ" എന്നു്. എന്തു ധിക്കാരം. അയാൾക്കിവിടെ ജനങ്ങളുണ്ടുപോലും. കാണട്ടെ; കാണട്ടെ; അയാൾ എന്തുമാത്രം കളിക്കുമെന്നു്.

ശ്രീധ: ഇതിനൊരു പ്രതിവിധി എന്തെങ്കിലും നാം കണ്ടുപിടിക്കണം.

മഞ്ചു: ഭയപ്പെടേണ്ട ശ്രീധരൻ. എൻെറ തല എൻെറ കഴുത്തേൽ ഇരിക്കുമ്പോൾ ഇയാളുടെ ചെപ്പടിവിദ്യകൾ നടപ്പില്ല. ഗൊണ്ടഫോറസ് രാജാവാണ്, ഒരു കൊട്ടാരംപണിക്കുവേണ്ടി ഇയാളെ വരുത്തിയിരിക്കുന്നതെന്നു കേട്ടു. കൊട്ടാരം പണിക്കാരൻ ഇങ്ങനെ ജനങ്ങളെ വഞ്ചിച്ചു നമ്മുടെ അമ്പലങ്ങളേയും ദേവന്മാരേയും നശിപ്പിക്കുവാൻ ശ്രമിക്കുന്നുവെന്നു് രാജാവിനെത്തന്നെ നമുക്കൊന്നറിയിക്കാം.

ശ്രീധരൻ: അതു പററിയ പണിയാണ്. പക്ഷേ രാജാവു് ഈ വിദേശിയുടെ മയക്കിൽ പെട്ടുപോയി എന്നാണു സംസാരം.

മഞ്ചു: അതു സാരമില്ല. രാജാവിനെ വിശ്വസിപ്പിക്കത്തക്ക ഉപായങ്ങൾ നാം പ്രയോഗിക്കണം. നുണ പറയുവാൻ പഠിച്ചിട്ടുള്ള രണ്ടു വിദ്വാന്മാരെ കിട്ടിയാൽ നമ്മുടെ കാര്യം ജയിച്ചു.

ശ്രീധരൻ: ഹേ—അത്തരം രണ്ടല്ല, മൂന്നുപേർ എൻെറ പാർശ്വത്തിലുണ്ടു്. കുറെ പണത്തിൻെറ ചെലവു വരുമെന്നേയുള്ളു.

മഞ്ചു: ഇതിനുവേണ്ടി പണമെന്തുമാത്രമെങ്കിലും പുല്ലുപോലെ ചെലവിടണം. ജനങ്ങളിൽനിന്നും പണപ്പിരിവു നടത്താൻ ഒരു കമ്മററിയെ ഉണ്ടാക്കിക്കളയാം. ഈ പണിക്കൊക്കെ നടന്നാൽ നമുക്കും കഴിച്ചുകൂട്ടണ്ടേ?

ശ്രീധ: പണം തരാമെങ്കിൽ നുണയന്മാരുടെ കാര്യം ഞാനേററു.

മഞ്ചു: ഒരുത്തനു് കൂടിയപക്ഷം പത്തുരൂപായാകട്ടെ. അതിൽ കൂടരുതു്. അഞ്ചിനു് ഒരുത്തനെ കിട്ടുമെങ്കിൽ അതാണു നല്ലതു്.

ശ്രീധ: രാജാവിൻെറ അടുക്കൽചെന്നു നുണ പറയേണ്ട കാര്യം. അതിനു സാധാരണക്കാരൻ മുമ്പോട്ടുവരുമോ? അതുകൊണ്ടു് പത്തു കൊടുക്കണം. അങ്ങനെ മുപ്പതുരൂപാ മൂന്നുപേർക്കുംകൂടി.

മഞ്ചു: എന്നാൽ വേഗംപോയി ഏർപ്പാടുചെയ്തുകൊള്ളുക. പണപ്പിരിവു് ഞാൻ തന്നെ തുടങ്ങാം. (കർട്ടൻ)

(തുടരും)

## തൊഴിൽവിദ്യാഭ്യാസം

തൃശ്ശൂർ തൊഴിലാളിവിദ്യാലയത്തിൻെറ ഒന്നാംവാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു് ഡോക്ടർ പി. ജെ. തോമസ് ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: തൊഴിലാളികൾക്കു് അവരുടെ ജീവിതത്തോതുയർത്തുവാനും ലോകത്തിൻെറ നന്മയ്ക്കുവേണ്ടി ഉൽപാദനം വർദ്ധിപ്പിക്കുവാനും സഹായിക്കുന്ന ഒരു വിദ്യാഭ്യാസം ലഭിക്കേണ്ടിയിരിക്കുന്നു. വമ്പിച്ച വ്യവസായികളോ ദരിദ്രന്മാരോ ഇല്ലാത്ത ഹോളണ്ടു്, ഡെന്മാർക്ക് മുതലായ രാജ്യങ്ങളിൽ സാധാരണജനങ്ങൾക്കു തൊഴിൽപരമായ പരിശീലനവും പ്രാപ്തിയും നല്കുന്നതിനു് പീപ്പിൾസ് കോളെജ് എന്നൊരു പ്രസ്ഥാനമുണ്ടു്. അവ ഗവമെൻറു നിയന്ത്രണത്തിൽ നടക്കുന്നവയല്ല. സംസ്കാരപരവും തൊഴിൽപരവുമായ വിദ്യാഭ്യാസത്തിനു പുറമെ സഹകരണസമ്പ്രദായങ്ങളും വിപ്ലവാത്മകമല്ലാത്ത പൊളിററിക്സും അവർ അവിടെ പഠിക്കുന്നു. അങ്ങനെയുള്ള ഒരദ്ധ്യയനപദ്ധതി സ്വീകരിപ്പാൻ ഈ വിദ്യാലയാധികൃതന്മാരോടും ഞാൻ നിർദ്ദേശിക്കുന്നു.

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# പ്രായശ്ചിത്തം

പ്രിയകുഞ്ഞുങ്ങളേ,

നമ്മുടെ സമിതിയുടെ മുദ്രാവാക്യത്തിൽ രണ്ടാമത്തേതായ പ്രായശ്ചിത്തത്തെക്കുറിച്ചാണു് പറയുവാൻ പോകുന്നതു്.

പഴയനിയമത്തിൽ മൂശയുടെ കാലത്തു നടന്ന ഒരു സംഭവത്തെക്കുറിച്ചു് നിങ്ങളിൽ ചിലരെങ്കിലും കേട്ടിരിക്കും. ഇസ്രായേൽക്കാർ ഈജിപ്തിലെ അടിമത്തത്തിൽനിന്നും വിമോചിതരായി പലസ്തിനായിൽനിന്നു് യാത്രപുറപ്പെട്ടു. ഈ യാത്ര വളരെ ക്ലേശകരവും ദീർഘവുമായിരുന്നു. പല ബുദ്ധിമുട്ടുകളും അവർ ഈ യാത്രയിൽ സഹിക്കേണ്ടതായി വന്നു. ഇവയിൽ ഒന്നാണു് അവരുടെ ശത്രുക്കളുമായി യുദ്ധം ചെയ്യുവാനുണ്ടായിരുന്നതു്. അവരുടെ ശത്രുക്കളിൽ ഒരു കൂട്ടർ "അമലേക്കകാർ" ആയിരുന്നു. ഒരിക്കൽ ഇസ്രായേൽക്കാർ "റപ്പീദിൻ" എന്നു പേരുള്ള സ്ഥലത്തായിരിക്കുമ്പോൾ അമലേക്കകാർ അവരോടു് യുദ്ധം ചെയ്യുവാൻവന്നു. അന്നു് ഇസ്രായേൽക്കാരുടെ നേതാവു് ഈശോബെഞ്ഞാൻ ആയിരുന്നു. മൂശ ഈശോബെഞ്ഞാനോടു പറഞ്ഞു: "നീ നിനക്കായി ആളുകളെ തിരഞ്ഞെടുത്തു പുറപ്പെടുക. നാളെ അമലേക്കിനോടു് നമുക്കു യുദ്ധംചെയ്യണം. ഇതാ! ഞാൻ കുന്നിന്റെ മുകളിൽ നില്ക്കും. ദൈവത്തിന്റെ വടി എന്റെ കൈയിൽ ഉണ്ടായിരിക്കുകയും ചെയ്യും." ഈശോബെഞ്ഞാനോ തന്നോടു മൂശ പറഞ്ഞതുപോലെ ചെയ്തു. അയാൾ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ എല്ലാം ചെയ്തശേഷം അമാലേക്കിനോടു യുദ്ധംചെയ്യുവാൻ പുറപ്പെട്ടു. എന്നാൽ മൂശയും അഹറോനും ഹോറും ഒരു കുന്നിന്റെ മുകളിലേക്കു കയറി. മൂശ തന്റെ കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു് ഇസ്രായേൽക്കാരുടെ വിജയത്തിനായി പ്രാർത്ഥിച്ചു. അയാളുടെ കൈകൾ ഉയർന്നിരുന്നപ്പോഴെല്ലാം ഇസ്രായേൽക്കാർ വിജയികളാകുന്നതായി കാണപ്പെട്ടിരുന്നു. എന്നാൽ അയാളുടെ കൈകൾ താഴ്ത്തിയിരുന്നപ്പോഴെല്ലാം അമലേക്കകർ ജയം പ്രാപിക്കുന്നതായി കാണപ്പെട്ടിരുന്നു. അതുകൊണ്ടു് ഇസ്രായേൽക്കാർ വിജയികളാകുന്നതിനുവേണ്ടി മൂശ കൈകൾ താഴ്ത്താതെതന്നെ നിന്നു പ്രാർത്ഥിക്കുവാൻ തുടങ്ങി. പക്ഷേ കൈകളുടെ കഴപ്പും ശരീരത്തിന്റെ ക്ഷീണവും നിമിത്തം കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ നില്ക്കുവാൻ മൂശയ്ക്കു് കഴിവില്ലാതായിത്തീർന്നു. അതുകൊണ്ടു് അഹറോൻ മൂശയുടെ ഒരു കൈയും, ഹോർ മററേ കൈയും താങ്ങിക്കൊണ്ടു് മൂശയെ സഹായിച്ചിരുന്നു. ഇങ്ങനെ സൂര്യൻ അസ്തമിച്ചതുവരെ മൂശയുടെ കൈകൾ ഉയർത്തിപ്പിടിച്ചിരുന്നു. തൽഫലമായി ഇസ്രായേൽക്കാർക്കു് തങ്ങളുടെ ശത്രുക്കളെ തോല്പിച്ചു് വിജയികളായ്ത്തീരുന്നതിനു സാധിച്ചു.

പ്രിയകുഞ്ഞുങ്ങളേ, ഇസ്രായേൽക്കാർക്കു ലഭിച്ച വിജയത്തിന്റെ കാരണം എന്താണെന്നു നിങ്ങൾക്കു മനസ്സിലായോ? അതു മൂശയുടെ പ്രായശ്ചിത്തമാണു്. ഇസ്രായേൽക്കാർ ജയിക്കുന്നതിനുവേണ്ടി മൂശ ദൈവത്തോടു പ്രാർത്ഥിച്ചു. എന്നാൽ പ്രസ്തുത പ്രാർത്ഥനയുടെ ഫലം തീർച്ചയായി ലഭിക്കുന്നതിൻവേണ്ടി മൂശ തന്റെ കൈകൾ ഉയർത്തിപ്പിടിച്ചു. കൈകൾ ഉയർത്തിപ്പിടിച്ചാൽ എങ്ങനെയാണു് പ്രാർത്ഥനയുടെ ഫലം ലഭിക്കുവാനിടയാകുന്നതെന്നു് നിങ്ങൾ ചോദിച്ചേക്കാം. നിങ്ങൾ നിങ്ങളുടെ കൈകൾ 5 മിനിററു സമയത്തേക്കു് ഉയർത്തിപ്പിടിച്ചുകൊണ്ടിരിക്കുക. പ്രസ്തുത സമയം കഴിയുന്നതിനു മുൻപുതന്നെ നിങ്ങളിൽ പലരുടെയും കൈകൾ കഴച്ചും ദേഹം തളർന്നും തുടങ്ങും. ഇതു ശരീരത്തിനുള്ള ഒരു പ്രായശ്ചിത്തമാണു്. ഇങ്ങനെയുള്ള ഒരു പ്രായശ്ചിത്തമാണു് മൂശ സൂര്യാസ്തമനംവരെ അനുഷ്ഠിച്ചതു്. ഈ പ്രായശ്ചിത്തം അഥവാ സഹനം ദൈവത്തിനു ഇഷ്ടമുള്ളതായിത്തീരുകയും അങ്ങനെ ഇസ്രായേൽക്കാർ ജയിക്കുന്നതിനു് ഇടവരുകയും ചെയ്തു.

പ്രായശ്ചിത്തത്തിന്റെ ഫലം വളരെ വലുതാണെന്നു് ദൈവം ഇസ്രായേൽക്കാരെ മാത്രമല്ല മനസ്സിലാക്കിയിട്ടുള്ളതു്. ഇപ്പോഴും അവിടുന്നു് ഇതു് ലോകത്തെ മനസ്സിലാക്കിക്കൊണ്ടാണിരിക്കുന്നതു്. ഇത്ര ഫലവത്തായ പ്രായശ്ചിത്തമാണു് ലോകത്തിന്റെ നന്മയ്ക്കുവേണ്ടിയും കമ്മ്യൂണിസം ഇല്ലാതാകുന്നതിനും മനുഷ്യർ അനുഷ്ഠിക്കണമെന്നു് ഫാത്തിമായിൽവച്ചു് മാതാവു് മൂന്നു കുട്ടികളോടു പറഞ്ഞതു്. മാതാവിന്റെ നിർദ്ദേശം മനസ്സിലാക്കി പ്രാർത്ഥനകൊണ്ടു മാത്രം നാം തൃപ്തിയടയാതെ പ്രായശ്ചിത്തപ്രവൃത്തികളും നല്ലമനസ്സോടുകൂടെ നിങ്ങൾ ചെയ്യണം. ഇതിനു നിങ്ങൾക്കു പ്രേരണ നൽകുന്നതിനുവേണ്ടിയാണു് നമ്മുടെ സമിതിയുടെ മുദ്രാവാക്യത്തിൽ പ്രായശ്ചിത്തംകൂടി ഉൾപ്പെടുത്തിയിട്ടുള്ളതു്. പ്രായശ്ചിത്തം എപ്രകാരം പ്രായോഗികമാക്കണമെന്നു് പിന്നീടു് വല്യച്ചൻ നിങ്ങളെ മനസ്സിലാക്കിക്കൊള്ളാം. അതുവരെ പ്രായശ്ചിത്തത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി നിങ്ങളുടെ അറിവും കഴിവും അനുസരിച്ചുള്ള പ്രായശ്ചിത്തങ്ങൾ ചെയ്തു് ലോകത്തിന്റെ മാനസാന്തരത്തിനായി കാഴ്ചവയ്ക്കുവാൻ നിങ്ങൾ താല്പര്യമുള്ളവരാകണം.

### അടുത്ത ഞായറാഴ്ച

വാഴ്ത്തപ്പെട്ട മരിയ ഗൊരേത്തിയെ പുണ്യവതി എന്നു പേർവിളിക്കുന്നതു അടുത്ത ഞായറാഴ്ചയാണു്. അനേകായിരം പേർ അന്നത്തെ ചടങ്ങുകളിൽ സംബന്ധിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഗൊരേത്തിയുടെ ചരിത്രം സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു നിങ്ങൾ വായിച്ചുകാണുമല്ലോ. 12 വയസ്സായ ഒരു ബാലിക ഇപ്രകാരം ആത്മാവിന്റെ വിശുദ്ധി സംരക്ഷിക്കുവാൻവേണ്ടി ജീവൻ അർപ്പിക്കയും വിശുദ്ധപദം പ്രാപിക്കയും ചെയ്തതിൽ നിങ്ങൾക്കെല്ലാം അഭിമാനിക്കുന്നതിനും ആനന്ദിക്കുന്നതിനും അവകാശമുണ്ടു്. ഈ കൊച്ചുവിശുദ്ധയെ അനുകരിച്ചു് ആത്മശരീരങ്ങളെ ശുദ്ധമായി കാത്തുസൂക്ഷിപ്പാൻ പരിശ്രമിപ്പിൻ. അതിനുള്ള അനുഗ്രഹം ഈ വിശുദ്ധയോടു് പ്രാർത്ഥിക്കയും ചെയ്യുവിൻ. അടുത്ത ഞായറാഴ്ച കുഞ്ഞുമക്കളെല്ലാവരും നിങ്ങളുടെ അഭിമാനസ്തംഭവും മാതൃകയുമായ മരിയഗൊരേത്തിയുടെ ബഹുമാനാർത്ഥം കുമ്പസാരിച്ചു വിശുദ്ധ കുർബാന ഉൾക്കൊള്ളുകയും പുണ്യവതിയുടെ മാദ്ധ്യസ്ഥം തേടുകയും ചെയ്യണമെന്നാണു വല്യച്ചന്റെ ആഗ്രഹം.

### പ്രാർത്ഥനാനിയോഗങ്ങൾ

നിങ്ങളിലൊരാൾ (എബ്രഹാം ടി. അറയ്ക്കൽ) വല്യച്ചനൊരു അപേക്ഷ അയച്ചിട്ടുണ്ടു്—അതായതു്, യാക്കോബായക്കാരുടെ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിപ്പാൻ ബാലസമിതിയംഗങ്ങളെ ഉദ്ബോധിപ്പിക്കണമെന്നു്. ആ അഭിപ്രായം വല്യച്ചൻ സന്തോഷസമേതം സ്വാഗതം ചെയ്യുന്നു. അകത്തോലിക്കാ ക്രിസ്ത്യാനികൾ കത്തോലിക്കാസഭയിലേക്കു പിന്തിരിയുന്നതിനുവേണ്ടി ഈ വിശുദ്ധവത്സരത്തിൽ പ്രാർത്ഥിക്കണമെന്നു മാർപ്പാപ്പാ തിരുമേനി ഉദ്ബോധിപ്പിച്ചിട്ടുള്ളതാണല്ലോ. നമ്മുടെ നാട്ടിൽ പുനരൈക്യപ്പെടാനുള്ളവർ പ്രധാനമായി യാക്കോബായക്കാരാണു്. അതിനുള്ള മാർഗ്ഗവും തുറന്നുകിടക്കുന്നു. ആകയാൽ നമ്മുടെ സഹോദരന്മാരായ അവരുടെ പുനരൈക്യത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കുകയും കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കുകയും ത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കയും ചെയ്യണമെന്നു വല്യച്ചൻ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. മറെറാരു പ്രാർത്ഥനാനിയോഗമുള്ളതു സമിതിയംഗങ്ങളിൽപ്പെട്ട ഒരാളെ ബാധിച്ചിരിക്കുന്ന "വെള്ളപ്പാണ്ടു" മാറിക്കിട്ടുക എന്നതാണു്. ഇങ്ങനെ പല നിയോഗങ്ങളും വല്യച്ചൻ ഇടയ്ക്കിടയ്ക്കു നിങ്ങളെ അറിയിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ പ്രാർത്ഥനകൾകൊണ്ടു് പലകാര്യങ്ങളും സാധിക്കാമെന്നാണു വല്യച്ചന്റെ പ്രതീക്ഷ. വാഴ്ത്തപ്പെട്ട മരിയഗൊരേത്തി എവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

# തിരുഹൃദയസ്തവം

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി)

"മോഹൻകി മുരളിയ ബാജെ" എ. മ.

വാരേലും വരമരുളേണം — ഓ!—
മമയേശുവിൻ ഹൃദയമേ! യെന്നും... ... ... (വാരേലും)
1 പെരുകീടും മമ പാപം ദീനമനു സദ്‌വൃമകലാനായി,
പാരാതെയെൻ മനസ്സുവിൽ നന്മകൾ വിളയാനായി,
ഈശോതൻ സുമധുരമായ — ഓ!—
പരിപാവനഹൃദയമേ!യെന്നും......... ... (വാരേലും)
2 മമരക്ഷാകരമാകും ഹൃദയമേ! ശാന്തിയരുളുവാനായി,
ആത്മീയാനന്ദാമൃതമേകാൻ, സൽഗതി വരുവാനായി,
ആശ്വാസം പരമരുളീടും — ഓ!—
പരിപാലകഹൃദയമേ!യെന്നും...............(വാരേലും)
3 സകലേശാലയമാകും ഹൃദയമേ! ജീവിതഗുണമേലാനായ്,
ജ്ഞാനത്തിൻ സന്ധാമമേ!യെന്നുൾത്താരിഹതെളിയാനായി,
കാരുണ്യാമൃതമൊഴുകീടും — ഓ!—
നിഖിലാർദ്ദ്രതഹൃദയമേ!യെന്നും......... ... (വാരേലും)


## "കമ്മലോത്തരീയം"

ഉത്തരീയഭക്തിയുടെ നാനാവശങ്ങളെക്കുറിച്ചു സമഗ്രമായും സമർത്ഥമായും പ്രതിപാദിക്കുന്ന ഒരു പുസ്തകം. വില 5 ണ.

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ


## നിങ്ങൾക്കറിയാമോ?


താഴെ പറയുന്ന രാജ്യങ്ങളുടെ തലസ്ഥാനങ്ങൾ ഏവ?

(1) അഫ്ഗാനിസ്ഥാൻ (2) അൽബേനിയ (3) അർജന്റീന (4) ആസ്ട്രിയ (5) ബൽജിയം (6) ആസ്ട്രേലിയ (7) ക്യാനഡ (8) പാക്കിസ്ഥാൻ (9) സിലോൺ (10) ന്യൂസിലൻറ്.

ഉത്തരം

(1) കാബൂൾ (2) ടിറാന (3) ബ്യൂനോസ് അയേഴ്സ് (4) വിയന്ന (5) ബ്രസ്സൽസ് (6) ക്യാൻബെറ (7) ഒട്ടാവ (8) കറാച്ചി (9) കൊളംബൊ (10) വെല്ലിംഗ്ടൺ.

——




"The world needs more laughter and a greater sense of humour today" (Pius XII)

"A good joke is the one ultimate and sacred thing which cannot be criticized"

(G. K. Chesterton)

* * *

തിരുവണ്ടി ആപ്പീസിലെ ഒരു ജോലിക്കാരനായ രാമുണ്ണി എല്ലാം കാര്യങ്ങളിലും ചെന്നു "തലയിടുന്ന" ഒരാളാണു്. ഓരോ സംഭവവികാസങ്ങളുടെ മുമ്പിൽ വെറുമൊരു പ്രേക്ഷകനായി നിലകൊള്ളുവാൻ അവന്റെ സേവനതല്പരത അവനെ അനുവദിക്കയില്ല. അതു കാരണം, "മേലാവി"ൽ നിന്നും അവനു ഒരിക്കലൊരു താക്കീതുകിട്ടി, "നിന്നെ ഏല്പിച്ചിരിക്കുന്ന കാര്യംമാത്രം നീ ചെയ്താൽമതി"യെന്നു്. കുറെ ദിവസം കഴിഞ്ഞു റെയിൽവേ പ്ലാററ്ഫോമിൽ ഒരു കടുവ വന്നു ആളുകളെ ഉപദ്രവിച്ചുതുടങ്ങി. ഉടൻ രാമുണ്ണി ഫോൺ എടുത്തു ഹെഡാഫീസിലേക്കു വിളിച്ചു ചോദിക്കയാണു്: "ഏമാനേ, ഒരു കടുവ ഇവിടെ വന്നു കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. വാച്ചറെ കൊന്നു കഴിഞ്ഞു. സ്റ്റേഷൻമാസ്റ്ററെ കൊല്ലാനായി ഇട്ടു ഓടിക്കയാണു്. രാമുണ്ണി വല്ലതും ചെയ്യേണ്ടതുണ്ടോ?"

* * *

ജോണിയുടെ ആവശ്യമില്ലാത്ത ചോദ്യങ്ങൾ കേട്ടുകേട്ടു മത്തായിസാറിന്റെ ക്ഷമയുടെ "നെല്ലിപ്പലക" കണ്ടു. നിവൃത്തിയില്ലാതെ വന്നപ്പോൾ അദ്ദേഹം ജോണിക്കു് അന്ത്യശാസനം കൊടുത്തു: "എടാ ജോണി, നീ അവിടെയൊന്നിരിക്കു്. ബുദ്ധിമാനായ ഒരാൾക്കു് ഉത്തരം പറയാൻ സാധിക്കുന്നതിനെക്കാൾ വളരെയധികം ചോദ്യങ്ങൾ ഒരു മണ്ടശിരോമണിക്കു് ചോദിക്കാൻ സാധിക്കും."

ജോണി: "അതുകൊണ്ടാണോ സാർ, കഴിഞ്ഞ പരീക്ഷയ്ക്കു ഞാൻ തോററുപോയതു്?"

* * *

സുപ്രസിദ്ധ ഐറിഷ് വിദൂഷകൻ ജോണി പാററർസൺ മരണാസന്നനായി കിടക്കുകയായിരുന്നു. ഡോക്ടർ വന്നു്, സ്വന്തം കഴിവുകൾ പരമാവധി പ്രയോഗിച്ചശേഷം ഔഷധസഞ്ചിയുമെന്തി മടങ്ങാനൊരുമ്പെടുകയിൽ, അദ്ദേഹം രോഗിയെ ആശ്വസിപ്പിക്കാനായി പറഞ്ഞു:

"ഞാൻ വേണ്ടതെല്ലാം ചെയ്തിട്ടുണ്ടു്. നാളെ കാലത്തു വന്നു കണ്ടുകൊള്ളാം."

അതിനു്, മരണത്തിന്റെ പടിവാതില്ക്കൽ എത്തിയിരുന്ന ആ വിനോദഭാഷകൻ സ്വതസ്സിദ്ധമായ ഫലിതരസം വെടിയാതെ മറുപടി പറഞ്ഞു: "തീർച്ചയായും ഡോക്ടർ എന്നെ വന്നു കാണുമെന്നു് എനിക്കറിയാം. പക്ഷേ എനിക്കു ഡോക്ടറെ കാണുവാൻ സാധിക്കുമോ എന്നാണു സംശയം."

* * *

ജോണി അത്ഭുതപൂർവ്വകമായ ഭക്തിയോടെ കൈകൂപ്പിപ്പിടിച്ചു ഒരു ദിവസം വിയാസക്ര കഴിക്കുന്നതു കാണുകയിൽ അവന്റെ അമ്മയ്ക്കു സംശയം ജനിച്ചു. അവക്കവന്റെ സ്വഭാവം നല്ലപോലെ അറിയാമായിരുന്നു. ആകയാൽ മൂന്നാം സ്ഥലം കഴിഞ്ഞപ്പോഴേക്കും അവർ ചെന്നു്, "എടാ ജോണി, നിന്റെ കൈയൊന്നു കാണട്ടെടാ" എന്നു പറഞ്ഞു. അവന്റെ കൈകൾ വിടർത്തിയപ്പോൾ, ഉള്ളം കൈയിൽനിന്നു ഒരു കുരുവി പറന്നുപോയി!

* * *

Poet: "Do you think I should put more fire into my poems?"
Editor: "No—*vice versa.*"

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 || ERNAKULAM · JUNE 21, 1950 || No. 41

# സ്വകാര്യകച്ചവടവും ഐ. എസ്. പി. നിരോധിക്കും

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് സാമ്പത്തികരംഗത്തിൽ വലുതും ചെറുതുമായ സമൂഹങ്ങൾക്കല്ലാതെ സ്വകാര്യവ്യക്തികൾക്ക് യാതൊരു സ്ഥാനവുമുണ്ടാകയില്ലെന്നു നാം കണ്ടുവല്ലോ. സകല സാമ്പത്തികപ്രവർത്തനങ്ങളുടേയും ഉടമസ്ഥന്മാരും മാനേജർമാരും ഡയറക്ടർമാരും സമൂഹങ്ങൾമാത്രമേ ആയിരിക്കുന്നുള്ളു. സമൂഹങ്ങളുടെ അംഗങ്ങളെന്നനിലയിലല്ലാതെ സ്വന്തം നിലയിൽ വ്യക്തികളുടെ പ്രവർത്തനങ്ങൾക്കു സ്ഥാനമുണ്ടായിരിക്കുകയില്ല. ഉല്പാദനത്തിന്റെ കാര്യത്തിൽ മാത്രമല്ല, വിതരണത്തിന്റെ കാര്യത്തിലും ഈ നയംതന്നെയായിരിക്കും പാർട്ടി സ്വീകരിക്കുന്നത്.

## കച്ചവടത്തിന്റെ രാഷ്ട്രസാൽക്കരണം

രാജ്യത്ത് ഉല്പാദനംചെയ്യപ്പെടുന്ന വിഭവങ്ങൾ പൗരന്മാർക്കെല്ലാവർക്കും ലഭിക്കത്തക്കവണ്ണം വിതരണംചെയ്യുന്നതിനുള്ള മാർഗ്ഗം കച്ചവടമാണല്ലോ. നിലവിലിരിക്കുന്ന വ്യവസ്ഥിതിയിൽ സ്വകാര്യവ്യക്തികൾ ഒറ്റയ്ക്കായോ പങ്കുചേർന്നോ ആണു കച്ചവടം നടത്തുന്നത്. അവർ സാധനങ്ങൾ ഒരു സ്ഥലത്തുനിന്നു മററു സ്ഥലങ്ങളിലേക്കു കൊണ്ടുപോവുകയും, അവർ കൊടുത്തവിലയും കയററിറക്കിനുള്ള ചെലവും തങ്ങൾക്കു കിട്ടേണ്ട ലാഭവും കണക്കാക്കി അവയെ വില്ക്കുകയും ചെയ്യുന്നു. അമിതമായ ലാഭം ലഭിക്കണമെന്നുള്ള ആഗ്രഹത്താൽ വളരെയധികം കൂടിയവിലയ്ക്ക് അവർ സാമാനങ്ങൾ വില്ക്കുന്നുണ്ടാകാം. ഇങ്ങനെ ഉണ്ടാകുന്ന വിലക്കയററത്താൽ ജനങ്ങൾ പൊതുവിലും തൊഴിലാളികളും മററുപാവങ്ങളും പ്രത്യേകിച്ചും കഷ്ടപ്പെടുന്നുണ്ടെന്നുംവരാം. ഈ ചൂഷണം ഇല്ലാതാക്കുന്നതിന് ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗം കച്ചവടം മുഴുവനും വ്യക്തികളിൽനിന്നു പിടിച്ചെടുത്തു സമൂഹത്തിന്റെ വകയാക്കുകയാണ്. ഇതു സംബന്ധിച്ച് അവരുടെ നയപ്രഖ്യാപനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

“കച്ചവടസ്ഥാപനങ്ങളും രാഷ്ട്രത്തിന്റെയോ സഹകരണസംഘങ്ങളുടെയോ (co-operatives) ഉടമയിൽ കൊണ്ടുവരപ്പെടും. അവരായിരിക്കും സകല കച്ചവടവും നടത്തുന്നത്. അയൽവക്കവുമായുള്ള വളരെ ചെറിയ കച്ചവടം മാത്രമേ ഈ നയത്തിൽനിന്ന് ഒഴിവാക്കപ്പെടുകയുള്ളു. അങ്ങനെയുള്ള കച്ചവടം വ്യക്തികളുടെ കരങ്ങളിലിരിക്കാൻ അനുവദിച്ചേക്കാം.”

## ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥ

ഉല്പാദനത്തിന്റെ കാര്യത്തിലെന്നപോലെ കച്ചവടത്തിന്റെ കാര്യത്തിലും സ്വകാര്യവ്യക്തികൾക്കു പ്രകൃത്യാതന്നെ നിശ്ചിതങ്ങളായ അവകാശങ്ങളുണ്ട്. അവയെ പൊതുഗുണത്തിന് ആവശ്യമാകുന്നേടത്തോളം നിയന്ത്രിക്കുവാനല്ലാതെ, നിശ്ശേഷം നിഷേധിക്കുവാനോ നിരോധിക്കുവാനോ ആർക്കും അധികാരമില്ല. അങ്ങനെ ചെയ്യുന്നതു വ്യക്തികളുടെ ന്യായമായ അവകാശങ്ങളിൽ കൈകടത്തുകയാണ്. ഇൻഡ്യൻ ഭരണഘടനയിൽ മൗലികാവകാശങ്ങളുടെ ഗണത്തിൽ ഈ അവകാശവും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഭാഗത്ത്, പത്തൊൻപതാംവകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: “സകല പൗരന്മാർക്കും ഏതു തൊഴിലും അഭ്യസിക്കുന്നതിനോ ഏതെങ്കിലും ജീവിതവൃത്തിയോ കച്ചവടമോ ബിസിനസോ നടത്തുന്നതിനോ അവകാശമുണ്ടായിരിക്കും.” 13-ാം ഭാഗത്തു 301-ാം വകുപ്പിൽ കച്ചവടത്തിന്റെ അവകാശത്തെപ്പററി പ്രത്യേകം എടുത്തുപറയുന്നുണ്ട്. “ഈ ഭാഗത്തിലെ മററു വ്യവസ്ഥകൾക്കു വിധേയമായി, കച്ചവടവും വ്യാപാരവും സംസർഗ്ഗവും ഇന്ത്യാരാജ്യത്തിലെവിടെയും സ്വതന്ത്രമായിരിക്കും.” ഈ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതെങ്ങനെയെന്നു അടുത്തവകുപ്പിൽ (302) പറഞ്ഞിരിക്കുന്നതിങ്ങനെയാണ്: “ഒരു സ്റ്റേറ്റും മറെറാരു സ്റ്റേറ്റും തമ്മിലോ ഇന്ത്യാരാജ്യത്തിലെ ഏതു ഭാഗത്തിന്റേയും അകത്തോ ഉള്ള കച്ചവടത്തിന്റെയോ വ്യാപാരത്തിന്റെയോ സംസർഗ്ഗത്തിന്റെയോ സ്വാതന്ത്ര്യത്തെ പൊതുജനതാല്പര്യത്തിന് ആവശ്യമാകുന്നിടത്തോളം നിയമത്താൽ നിയന്ത്രിക്കുവാൻ പാർലമെൻറിന് അധികാരമുണ്ടായിരിക്കും.” ഈ വ്യവസ്ഥകളാൽ ഇൻഡ്യൻ ഭരണഘടന കച്ചവടസ്വാതന്ത്ര്യം സകല പൗരന്മാരുടേയും മൗലികാവകാശങ്ങളിൽ ഉൾപ്പെട്ടതാണെന്നു സമ്മതിക്കുന്നു. പൊതുഗുണത്തിന് ആവശ്യകമാകുന്നേടത്തോളം ആ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയല്ലാതെ, അതിനെ ഹനിക്കുവാൻ രാഷ്ട്രത്തിനുപോലും പാടുള്ളതല്ലെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു.

## മാർപ്പാപ്പായുടെ ഉദ്ബോധനം

സകലകച്ചവടവും വ്യക്തികളുടെ കരങ്ങളിൽ നിന്നെടുത്ത് സർക്കാരിന്റെ നാമത്തിൽ സമൂഹങ്ങളെ ഏല്പിക്കുന്നതു സാമൂഹ്യസാമ്പത്തിക കാര്യങ്ങളിലുള്ള ക്രിസ്തീയമായ ആശയത്തിനു വിപരീതമാണെന്ന് ഇപ്പോഴത്തെ പരിശുദ്ധപിതാവ് സുവ്യക്തം പ്രസ്താവിച്ചിരിക്കുന്നു. 34 രാജ്യങ്ങളിലെ ചേമ്പേഴ്സ് ആഫ് കോമേഴ്സിന്റെ അംഗങ്ങൾ ഈയിടെ റോമയിൽ സമ്മേളിച്ച അവസരത്തിൽ അവരോടു തിരുമേനി പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു:

“കച്ചവടം മൗലികമായി വ്യക്തിയുടെ ഒരു പ്രവർത്തനമാണ്. ഈ സ്വകാര്യപ്രവർത്തനമാണ് കച്ചവടത്തിനു ആദ്യമേ ഉത്തേജനം നൽകുന്നത്; അതിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉത്സാഹത്തെ അതു ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. വ്യക്തിയുടെ ഈ പ്രവർത്തനത്തിന് അനിയന്ത്രിതമായ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നല്ല ആവശ്യപ്പെടുന്നത്. ദേശീയമായ സാമ്പത്തികകാര്യങ്ങളുടെ ഉദ്ദേശത്തിനും ആവശ്യങ്ങൾക്കും യോജിക്കാത്തതോ, സകലരുടേയും ഭൗതികമായ ഐശ്വര്യത്തിനുവേണ്ടി സ്ഥായിയായി ശ്രദ്ധപതിക്കേണ്ട കർത്തവ്യത്തിനു യോജിക്കാത്തതോ ആയ സ്വാതന്ത്ര്യമാണ് ആവശ്യപ്പെടുന്നതെന്നു നിങ്ങളാരും സ്വപ്നേപി വിചാരിക്കുകയില്ലല്ലോ. നേരെ മറിച്ച് ഈ ഐശ്വര്യത്തെ ഉന്നംവച്ചുകൊണ്ടാണ് കച്ചവടത്തിൽ കൂടുതൽ സ്വാതന്ത്ര്യം നിങ്ങൾ അഭിലഷിക്കുന്നത്. അതിൽ നിങ്ങൾക്കു തെററു പിണഞ്ഞിട്ടില്ല. കച്ചവടക്കാരൻ ആ തൊഴിലിനാവശ്യമായ ഗുണങ്ങളുള്ളവനായിരുന്നാൽ പോരാ; ആ തൊഴിലിന്റെ ആദർശത്തെപ്പററിയുള്ള സമുന്നതമായ ബോധവും അവനുണ്ടായിരിക്കേണ്ടതാണ്.” കച്ചവടസ്വാതന്ത്ര്യം ഏതു പൗരന്റെയും ജന്മസിദ്ധമായ മൗലികാവകാശങ്ങളിൽ ഒന്നാണെന്നാണല്ലോ പരിശുദ്ധപിതാവും ഈ വാക്കുകളാൽ ഉദ്ബോധിപ്പിക്കുന്നത്. അതിനു നേരെ വിപരീതമാണ് ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി സ്വീകരിച്ചിരിക്കുന്ന നയം.

## ശ്രീ ജയപ്രകാശ്

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ പുതിയ നയപ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഞങ്ങൾ മുകളിലുദ്ധരിച്ചതുമായ വാക്കുകളുടെ വിശദീകരണമായി പാർട്ടിയുടെ പ്രമുഖനേതാക്കന്മാരിൽ ഒരാളായ ശ്രീ ജയപ്രകാശ് നാരായണന്റെ വാക്കുകൾ സ്വീകരിക്കാവുന്നതാണല്ലോ. “സോഷ്യലിസം എന്തിന്?” എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതു പരിശോധിക്കാം. പാർട്ടിയുടെ പരിപാടിയിലെ ലക്ഷ്യനിർദ്ദേശങ്ങൾ 15 നമ്പരുകളായി അദ്ദേഹം കൊടുത്തിട്ടുണ്ട്. അതിലെ മൂന്നാം നമ്പരിൽ പറയുന്നു, “ഉല്പാദനത്തിനും വിതരണത്തിനും വിനിമയത്തിനും ഉള്ള എല്ലാ ഉപകരണങ്ങളും ക്രമത്തിൽ പൊതുവുടമയിൽ കൊണ്ടുവരണമെന്നുള്ളതാണ്” പാർട്ടിയുടെ ഉന്നം. സകലകച്ചവടവും വിദേശവ്യാപാരവും സ്വദേശവ്യാപാരവും, ഉല്പന്നങ്ങളുടെ “വിതരണത്തിനും വിനിമയത്തിനും” ഉള്ള മാർഗ്ഗങ്ങളാണല്ലോ. തന്മൂലം രണ്ടിനം കച്ചവടവും സ്വകാര്യവ്യക്തികളിൽനിന്നും പിടിച്ചെടുത്തു രാഷ്ട്രത്തിന്റെ ഉടമയിലും നിയന്ത്രണത്തിലും വയ്ക്കുമെന്നാണു മനസ്സിലാക്കേണ്ടത്. വിദേശവ്യാപാരത്തിന്റെ കാര്യം 4-ാം നമ്പരിൽ അദ്ദേഹം പ്രത്യേകം കൊള്ളിക്കുകയും അതു താഴെ കാണും പ്രകാരം വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

“വിദേശവ്യാപാരം ഗവർമ്മെൻറിന്റെ കുത്തകയിൻകീഴിലാക്കുന്നത് സാമ്പത്തികാസൂത്രണത്തിൽ ഒഴിച്ചുകൂടാത്ത ഒരിനമാണ്. സാങ്കേതികശൈലികളിൽനിന്നു വിടുവിക്കുന്നപക്ഷം ഇതിന്റെ അർത്ഥം ഇത്രയേയുള്ളു: എന്തെല്ലാം കേററി അയക്കണം, എന്തെല്ലാം ഇറക്കുമതിചെയ്യണം, എന്നു സമുദായം തന്നെയായിരിക്കും നിശ്ചയിക്കുന്നത്. ഇക്കാര്യം സ്വകാര്യവ്യാപാരികൾക്കു വിട്ടുകൊടുക്കുകയാണെങ്കിൽ പൊതുവിൽ ജനതയുടെ ആവശ്യങ്ങളായിരിക്കയില്ല, അമിതലാഭത്തിനുള്ള സഹജവാഞ്ഛയായിരിക്കും ഏററുമതിയും ഇറക്കുമതിയും നിർണ്ണയിക്കുക. നാട്ടിൽ ക്ഷാമം നേരിടുമ്പോൾ ഗോതമ്പും നെല്ലും അതുപോലുള്ള മററു ധാന്യങ്ങളും ഇവിടെനിന്നു കേററി അയക്കുകയും, നാടൻ പരുത്തിക്ക് ആവശ്യക്കാരില്ലാതെ കുഴയുമ്പോൾ വിദേശങ്ങളിൽനിന്നു പരുത്തി ഇറക്കിക്കൊണ്ടുവരികയും ചെയ്യുന്ന വിചിത്രമായ കാഴ്ച അപ്പോൾ നമുക്കു കാണേണ്ടതായിവരും. വിദേശവ്യാപാരം ആദായക്കുത്തകക്കാരുടെ നിയന്ത്രണത്തിലിരിക്കുന്നിടത്തോളംകാലം സാമ്പത്തികാസൂത്രണം ദുസ്സാധമെന്നല്ല, മിക്കവാറും അസാദ്ധ്യംതന്നെയായിരിക്കും. നാണ്യക്രമവും വിലകളും ഉല്പാദനവും വിനിയോഗവും നിയന്ത്രിക്കുന്നതിനോ, കാർഷികമോ വൈവസായികമോ ആയ അഭിവൃദ്ധിപദ്ധതികൾ വിജയപൂർവ്വം നടപ്പിൽ വരുത്തുന്നതിനോ ആ അവസ്ഥയിൽ ഞെരുക്കമാണ്. അത്തരം സാമൂഹ്യോദ്യമങ്ങളെ പരാജയപ്പെടുത്തുന്നതിനായിരിക്കും സകല ദിക്കിലും പരിശ്രമം. ഈ വൈഷമ്യങ്ങളെക്കാൾ ഉപരിയായി മറെറാന്നുണ്ട്. രാജ്യത്തിലെ സാമ്പത്തികപദ്ധതികളേയും വ്യാപാരങ്ങളേയും ആകെ അട്ടിമറിക്കുന്നതിനു രാഷ്ട്രത്തിന്റെ ശത്രുക്കൾക്ക്—അകത്തുള്ളവർക്കും പുറത്തുള്ളവർക്കും ഒരുപോലെ—സ്വകാര്യവിദേശവ്യാപാരം സൗകര്യം നല്കുന്നു.”

ശ്രീ ജയപ്രകാശ് ഈ വാക്യങ്ങളിൽ ചൂണ്ടിക്കാണിക്കുന്ന വൈഷമ്യങ്ങൾ പരിശുദ്ധ പിതാവിന്റെ വീക്ഷണത്തിൽ പെടുന്നുണ്ട്. അവയെ തടയേണ്ടതാണെന്നു തിരുമേനിക്കു നിർബന്ധവുമുണ്ട്. കച്ചവടത്തിൽ വ്യക്തിയുടെ പ്രവർത്തനത്തിന് “അനിയന്ത്രിതമായ സ്വാതന്ത്ര്യമുണ്ടായിരിക്കരുത്” എന്നും ആ പ്രവർത്തനം “ദേശീയമായ സാമ്പത്തികകാര്യങ്ങളുടെ ഉദ്ദേശത്തിനും ആവശ്യങ്ങൾക്കും യോജിക്കാത്തതു” ആയിരിക്കരുതെന്നും, “സകലരുടേയും ഭൗതികമായ ഐശ്വര്യത്തിനുവേണ്ടി സ്ഥായിയായി ശ്രദ്ധപതിക്കേണ്ട കർത്തവ്യത്തിനും യോജിക്കാത്തതു” ആയിരിക്കരുതെന്നും തിരുമേനി പറഞ്ഞിട്ടുള്ളതിന്റെ അർത്ഥമിതാണല്ലോ. സ്വകാര്യകച്ചവടം രാജ്യത്തിന്റെ പൊതുനന്മയ്ക്കു യോജിച്ചതും ഉതകുന്നതുമായിരിക്കണമെന്നു താല്പര്യം. എന്നാൽ കച്ചവടത്തിൽ പൊതുഗുണം സാധിക്കുവാനുള്ള മാർഗ്ഗം സ്വകാര്യകച്ചവടത്തെ നിശ്ശേഷം നശിപ്പിക്കുകയല്ല, പ്രത്യുത അതിനെ നിയന്ത്രിക്കുകയാണെന്നാണ് പരിശുദ്ധപിതാവ് ഉദ്ബോധിപ്പിക്കുന്നത്. സ്വകാര്യകച്ചവടം ഏതൊരു വ്യക്തിയുടേയും മൗലികമായ അവകാശമാണെന്നും പൊതുഗുണത്തിന് ആവശ്യകമാകുന്നേടത്തോളംമാത്രമേ അതിനെ നിയന്ത്രിക്കുവാൻ രാഷ്ട്രത്തിന് അവകാശമുള്ളുവെന്നും മാർപ്പാപ്പാ ഉദ്ബോധിപ്പിക്കുമ്പോൾ, പൊതുഗുണത്തെ ഉന്നംവച്ചു സ്വകാര്യകച്ചവടത്തെ രാഷ്ട്രം നിരോധിക്കേണ്ടതാണെന്ന് ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി വാദിക്കുന്നു. രണ്ടുംതമ്മിൽ വൈരുദ്ധ്യമുണ്ടെന്നു സ്പഷ്ടമാകയാൽ ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ നയം കത്തോലിക്കർക്ക് സ്വീകാര്യമല്ലതന്നെ.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | ” | 6—8—0 |
| ഇൻഡ്യക്കു പുറമെ | ” | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

ജൂൺ
25 ഞാ: ഫെബ്രോണിയ
26 തി: യോഹന്നാനും പൗലോസും
27 ചൊ: ലദീസ്ലാസ്
28 ബു: ഇറാനിമ്മോസ്
29 വ്യാ: പത്രോസ് ശ്ലീഹാ
30 വെ: പൗലോസ് ശ്ലീഹാ
ജൂലൈ
1 ശ: ഠാർ

## പ്രത്യേക ശ്രദ്ധയ്ക്ക്

മണിയോർഡറുകൾ, വരിസംഖ്യസംബന്ധിച്ച കത്തിടപാടുകൾ, പരസ്യങ്ങൾ ആദിയായവ സത്യദീപം മാനേജരുടെ പേർക്കും, വാർത്തകൾ, ലേഖനങ്ങൾ ആദിയായവ പത്രാധിപരുടെ പേർക്കും അയക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളെല്ലാം ഒരു കടലാസിൽ എഴുതുന്നതുകൊണ്ട് അസൗകര്യങ്ങൾ നേരിടുന്നുണ്ട്. ആകയാൽ മാനേജരേയും പത്രാധിപരേയും അറിയിക്കേണ്ട കാര്യങ്ങൾ വെവ്വേറെ കടലാസുകളിൽ എഴുതി അയക്കണമെന്നു ഓർപ്പിച്ചുകൊള്ളുന്നു. കടലാസു രണ്ടും ഒരു കൂട്ടിൽ അടക്കം ചെയ്യുന്നതിനു വിരോധമില്ല. അതുപോലെ മലബാർ മെയിലിലേക്കും സത്യദീപത്തിലേക്കുമുള്ള വാർത്തകളും മററും ഒരു കടലാസിൽമാത്രം എഴുതാതെ രണ്ടു കടലാസുകളിൽ എഴുതി (ഒരു കൂട്ടിൽ രണ്ടും അടക്കം ചെയ്യുന്നതിനു വിരോധമില്ല) അയക്കേണ്ടതാണ്.

ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ പരീക്ഷാവിജയം സാധ്യമായതിനു കൃതജ്ഞത.

ഒരു വിദ്യാർത്ഥി
ഇരിങ്ങാലക്കുട

## ദൈവപരിപാലന ഭവനം

ഇരിങ്ങാലക്കുട “ദൈവപരിപാലനഭവനത്തിൽ” പ്രവേശനം തേടിവന്നു, നിരാശരായി ആരും മടങ്ങാൻ ഇടവരാതിരിക്കാനായി, നേരത്തെ പ്രവേശനം ആവശ്യപ്പെട്ട്, അനുകൂലമായ മറുപടി ലഭിക്കാതെ ആരും ഇങ്ങോട്ടു പുറപ്പെടരുതെന്നു അപേക്ഷ. പ്രവേശനത്തിനു ഭവനത്തിന്റെ ഡയറക്ടർക്ക് നേരിട്ട്, റവ. ഫാ. സക്കറിയാസ് വാഴപ്പിള്ളി, തോപ്പ്, തൃശ്ശൂർ, എന്ന വിലാസത്തിലോ, റവ. ഫാ. ജോർജ്ജ് ചിറപ്പണത്ത്, ഇരിങ്ങാലക്കുട വഴിയോ എഴുതാവുന്നതാണ്. (ഫാ. ജെ. തോട്ടുങ്ങൽ)

ചെറുകഥ

# അവൾ കണ്ട പിശാച്

(ജെ. പി. ആനന്ദഭവൻ)

നേരം അർദ്ധരാത്രി കഴിഞ്ഞു. പാതിരാപക്ഷിയും പാടിക്കൊണ്ടു പറന്നുപോയി. ഇരുളിൽ ലോകം അങ്ങനെ വീർപ്പുമുട്ടുന്നു. തോമാച്ചന്റെ ഗൃഹത്തിൽമാത്രം ഒരു ദീപപ്രകാശം കാണ്മാനുണ്ട്. സാറാമ്മ ഒരു കസേരയിൽ ഇരുന്ന് മേശയിൽ മുട്ടുകളൂന്നി, തമ്മിൽ പിണച്ചിരിക്കുന്ന കൈകളിൽ തലയും വച്ച് ഉറങ്ങുകയാണ്. മോളിക്കുട്ടി മുറിയിൽ ഒരു കട്ടിലിൽ കിടന്നുറങ്ങുന്നുണ്ട്.

പെട്ടെന്നു സാറാമ്മയ്ക്ക് ഒരു ഓർമ്മ വന്നു. വാതിൽ അടച്ചിട്ടില്ല. ഭർത്താവു വന്നുചേർന്നിട്ടില്ല. താനും കുഞ്ഞുമാത്രമേ വീട്ടിലുള്ളു. അന്ന് ആലപ്പുഴയ്ക്ക് ഏതോ അത്യാവശ്യകാര്യമായിപ്പോയ തോമാച്ചനെ പ്രതീക്ഷിച്ച് അവൾ അങ്ങനെ ഇരുന്നുപോയതാണ്. സമയം അധികമായപ്പോൾ തന്നെത്താൻ മയങ്ങിപ്പോയി. ഉണർന്നപ്പോൾ അവളുടെ മനസ്സിൽ ഒരു ഭയം അങ്കുരിക്കാതിരുന്നില്ല. വീട്ടിനു വെളിയിൽ അന്ധകാരം അലയടിച്ചുമറിയുന്നു. നിശ്ശബ്ദത ഉടനീളം വ്യാപിച്ചിരിക്കുന്നു. ഏകാന്തത തുറിച്ചുനോക്കുന്നു. എങ്ങനെ ഒരു അബലയായ അവൾ ഭയപ്പെടാതിരിക്കും? വിളക്കണച്ച് കിടന്നുറങ്ങാമെന്നുതന്നെ അവൾ തീർച്ചപ്പെടുത്തി. കതകുസാക്ഷയിടുന്നതിനായി വാതിലിലെത്തിയപ്പോൾ നൈസർഗ്ഗികാവശ്യങ്ങൾക്കായി വെളിയിലിറങ്ങണമെന്നു തോന്നി. ഉള്ളിൽ ഭയമുണ്ടെങ്കിലും, മററിവല്ലാൻ നിവൃത്തിയില്ലാത്ത ആവശ്യം നിർവഹിക്കണമെന്നു കരുതി, ഭയത്തിനിടയിലും ധൈര്യമവലംബിച്ചു മുററത്തിറങ്ങി. പറമ്പിന്റെ തെക്കേമൂലയ്ക്കൽ വെള്ളമുണ്ടും പുതച്ച് ഒരു രൂപം! പൊക്കവും കൂടുതൽ. അപ്പോൾ ഉയതിയ ചെറുകാററിൽ ആ രൂപം അടിക്കളിക്കയാണെന്നു തോന്നി. പട്ടികളുടെ നെടുനെടുങ്കൻ രോദനം പ്രപഞ്ചത്തെ വിഴുങ്ങിയിരുന്ന നിശ്ശബ്ദതയെ പിളർന്നുകൊണ്ട് അന്തരീക്ഷത്തിൽ ലയിക്കുന്നുണ്ട്. സാറാമ്മയ്ക്ക് ഉള്ളിൽ ആദ്യമുണ്ടായി തല്ക്കാലം എവിടെയോ മറഞ്ഞുനിന്ന ഭയം അതിന്റെ സകല ശക്തികളും സംഭരിച്ചുകൊണ്ടുതലയുയർത്തി. ആ അർദ്ധരാത്രിയുടെ നടുവിൽ, വിജനതയുടെ നൃത്തരംഗത്തിൽ, ഇരുളിന്റെ വായിൽ ഏകാകിനിയായി നിലകൊള്ളുന്ന സാറാമ്മയുടെ മുമ്പിൽ ഏകദേശം 20 വാരഅകലത്തിൽഅതാ പിശാച്! അവളെന്തുചെയ്യും? "അയ്യോ!" എന്നു വിളിക്കണമെന്ന് അവൾക്കു തോന്നി. പക്ഷേ നാവു പൊങ്ങുന്നില്ല. അവളുടെ സകല നാഡികളും സ്തംഭിച്ചു. എത്രനേരം ആ നിലയിൽ നിന്നു എന്ന് അവൾക്കുതന്നെ അറിയാൻ പാടില്ല. ഒടുവിൽ എങ്ങനെയോ, സകലശക്തികളും സംഭരിച്ചുകൊണ്ട് അവൾ ഗൃഹത്തിനുള്ളിലേക്ക് ഒരു ഓട്ടമോടി വീട്ടിൽ കയറിയതും കട്ടിലിൽ ചെന്നു വീണതും മാത്രം അവൾക്ക് ഏതാണ്ടൊരു ഓർമ്മയുണ്ട്.

തോമാച്ചൻ പിറേറദിവസം രാവിലെയാണു മടങ്ങിയെത്തിയത്. നേരം വെളുത്തിട്ടും വിളക്കു കത്തിക്കൊണ്ടിരിക്കുന്നു, കതകു തുറന്നുകിടക്കുന്നുണ്ട്. അയാൾ ഉൽക്കണ്ഠയോടുകൂടി ഗൃഹത്തിൽ പ്രവേശിച്ചു. സാറാമ്മ ഒരു കട്ടിലിൽ കിടക്കുന്നു. അയാൾ കുലുക്കിവിളിച്ചു. ഒരനക്കവുമില്ല. വളരെ നേരം പരിശ്രമിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. അയാൾ അയൽവീട്ടുകാരെ വിളിച്ചു. പെട്ടെന്ന് അയൽക്കാരായ കുഞ്ഞന്നാമ്മയും അവരാച്ചനും ഓടിയെത്തി. ഡാക്ടർ അവരാച്ചൻ നാഡി പരിശോധിച്ചതിൽ മോഹാലസ്യമാണെന്നു മനസ്സിലായി. വേണ്ട പ്രഥമശുശ്രൂഷകൾ നടത്തി. അനേകം ആളുകൾ കണ്ണാകണ്ണികയായി വിവരമറിഞ്ഞ് അവിടെ വന്നുകൂടിയിട്ടുണ്ടായിരുന്നു. മോളിക്കുട്ടി ബഹളം കേട്ട് എഴുന്നേററു. എങ്കിലും അവൾക്കു കാര്യം ഒന്നും മനസ്സിലായില്ല. കുറെ കഴിഞ്ഞപ്പോൾ സാറാമ്മ പതുക്കെ കണ്ണുതുറന്നു. ചുററും നില്ക്കുന്ന ആൾക്കൂട്ടം കണ്ടപ്പോൾ പഴയഓർമ്മ അവളിൽ അങ്കുരിക്കാതിരുന്നില്ല.

തോമാച്ചൻ പതുക്കെ സാറാമ്മയോടു ചോദിച്ചു: "എന്താണ് സാറാമ്മേ, ഇങ്ങനെ ഒരു മോഹാലസ്യമുണ്ടാകാൻ?"

"ഞങ്ങളെ ഒററയ്ക്കാക്കിയേച്ചു പോയിട്ട് ഇപ്പോൾവന്നു ബോധക്കേടിനു കാരണമന്വേഷിക്കുന്നു. ഹോ! വലിയ സ്നേഹമുള്ള ഒരാൾ!" അവൾ പരിഭവസ്വരത്തിൽ പ്രതിവചിച്ചു.

"പുരുഷന്മാർക്ക് സാധിക്കേണ്ട പല അത്യാവശ്യകാര്യങ്ങളുംഉണ്ടായിരിക്കും. അവർ അടുക്കളയിൽ കയറിയിരുന്നാൽ മതിയോ? ഞാൻ പക്ഷേ കുറേ താമസിച്ചേക്കുമെന്നു പറഞ്ഞിട്ടാണല്ലോ പോയതു്." തോമാച്ചൻ പറഞ്ഞു.

"സ്ത്രീകളൊക്കെ അടുക്കളപ്പണ്ടങ്ങളാണെന്നു പറഞ്ഞുകൊള്ളു. അതിനു തക്കിച്ചുനില്ക്കാനുള്ള ശേഷി തല്ക്കാലമില്ല. അതറിഞ്ഞുകൊണ്ടായിരിക്കും ഇടങ്ങുന്നതു്." സാറാമ്മ സമാധാനം പറഞ്ഞു.

ഇവരുടെ വാദപ്രതിവാദം ഒരു കുഴപ്പത്തിനു കാരണമാക്കിയേക്കുമെന്നു ഭയന്ന് കുഞ്ഞന്നാമ്മ ഇടയ്ക്കുകയറിപ്പറഞ്ഞു: "സാറാമ്മേ, വഴക്കുപറയാനുള്ള സമയമല്ല ഇതു്. സാറാമ്മയ്ക്ക് എന്തുപററി? കഴിഞ്ഞപ്രാവശ്യത്തെപ്പോലെ കല്ലോ മറേറാ ജപിച്ചുകിട്ടിയോ?"

"ഓ! നിങ്ങൾക്ക് എല്ലാം പരിഹാസംതന്നെ." സാറാമ്മ പരിഭവിച്ചു മുഖംതിരിച്ചു കിടന്നുകളഞ്ഞു.

"ഞാൻ തമാശപറഞ്ഞതല്ലേ, സാറാമ്മേ! സംഗതിപറയൂ." കുഞ്ഞന്നാമ്മ വീണ്ടും അനുനയസ്വരത്തിൽ പറഞ്ഞു.

സാറാമ്മ കുഞ്ഞന്നാമ്മയുടെ നേരേ തിരിഞ്ഞു പറഞ്ഞുതുടങ്ങി:—"ഇന്നലെ രാത്രി വലിയ ഇരുട്ടായിരുന്നല്ലോ. ഞാൻ തോമാച്ചനെ കാത്തുകാത്ത് ഇരുന്നിരിപ്പിൽ ഉറങ്ങിപ്പോയി. പാതിരാത്രി കഴിഞ്ഞ് ഉണർന്നപ്പോൾ കതകുപൂട്ടിയിട്ടില്ലെന്നും, വിളക്ക് അണച്ചിട്ടില്ലെന്നും മനസ്സിലായി. കതകുപൂട്ടാനായി ചെന്ന ഞാൻ ഒന്നു പറമ്പിലിറങ്ങിയേച്ചു വരാമെന്നു കരുതി വെളിയിലിറങ്ങി. അപ്പോളതാ അവിടെ..........."

സാറാമ്മ അപ്പോഴും വിറയ്ക്കുന്നുണ്ടായിരുന്നു. അവൾ തുടർന്നു:—"പിശാച്! വെള്ളമുണ്ടുപടമിട്ട കരിംപിശാച്!! അയ്യോ!" അവൾക്കു പൂർത്തിയാക്കാൻ ശക്തിയില്ലാത്തതുപോലെ നിറുത്തി.

കുഞ്ഞന്നാമ്മയ്ക്ക് ഉള്ളിൽനിന്നും ഒരു ചിരിപൊങ്ങി. എന്നാൽ അതിനെ തല്ക്കാലം അമർത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:—"ഓഹോ! പിശാചിനെക്കണ്ടു അല്ലേ? എനിക്കിപ്പോളാണ് കാര്യം മനസ്സിലായതു്. ആ പിശാച്— ആ കരിംഭൂതം—ഇപ്പോഴും അവിടെത്തന്നെ നില്പുണ്ട്."

താനും അവരാച്ചനുമായി ഇങ്ങോട്ടു വരുമ്പോൾ കയ്യാലയ്ക്കൽ കണ്ട മുളയും അതിൽകിടന്ന് ഊഞ്ഞാലാടുന്ന വെള്ളമുണ്ടും കുഞ്ഞന്നാമ്മയുടെ സ്മൃതിപഥത്തിൽ വന്നു.

"അതെ, അതെ. അല്ലെങ്കിലും കുഞ്ഞന്നാമ്മയ്ക്ക് മററുള്ളവരെയെല്ലാം ഒരു മാതിരി പുച്ഛമാണ്." സാറാമ്മ പറഞ്ഞു.

"സാറാമ്മ വരണം; ഞാൻ കാണിച്ചുതരാമെങ്കിലും ബോദ്ധ്യപ്പെടുമല്ലോ." കുഞ്ഞന്നാമ്മ സാറാമ്മയെ പറമ്പിലേക്കു ക്ഷണിച്ചു.

അപ്പോഴും വിറയൽ തീർന്നിട്ടില്ലായിരുന്ന സാറാമ്മ അതിന് ആദ്യം വഴിപ്പെട്ടില്ലെങ്കിലും, എല്ലാവരുടെയും നിർബന്ധംകൊണ്ട് ഒടുവിൽ സമ്മതിച്ചു.

എല്ലാവരും പറമ്പിലേക്കിറങ്ങി. കുഞ്ഞന്നാമ്മ പറഞ്ഞതു മുഴുവൻ നഗ്നമായ യാഥാർത്ഥ്യമായിരുന്നു. നാട്ടിനിറുത്തിയിരിക്കുന്ന ഒരു പൊക്കമുള്ള മുള; അപ്പോഴും അതിൽ ഉടക്കിക്കിടന്ന് ആടുന്ന ഒരു വെള്ളമുണ്ടും!

സാറാമ്മയും എല്ലാവരോടുമൊന്നിച്ച് അതുകണ്ടു. താൻ തലേദിവസം അടിച്ചുനനച്ച് പൊക്കമുള്ള ഒരു അഴയിൽ അവിടെയിട്ടിരുന്ന മുണ്ട് തിരിയെ എടുത്തിടാൻ മറന്നുപോയതാണെന്നും, അതാണ് കാററടിച്ചു മുളയിൽചെന്നു വീണ് പിശാചായി തന്നെ ഭയപ്പെടുത്തിയതെന്നും അവൾക്കു മനസ്സിലായി.

രണ്ടാംപ്രാവശ്യം സാറാമ്മ ഇളിഭ്യയായി.



തൃശ്ശൂർ മെത്രാൻ മൈററ് റവ ഡോക്ടർ ജോർജ് ആലപ്പാട്ട് പി എച്ച് ഡി, ഡി ഡി തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകത്തിന്റെ 6-ാമത്തെ വാർഷികം റോമയിൽവെച്ചു ആഘോഷിച്ച അവസരത്തിൽ റോമയിലെ മലയാളികൾ, "മാർത്തോമ്മാസമാജ"ത്തിന്റെ ആഭിമുഖ്യത്തിൽ തിരുമേനിയെ അനുമോദിച്ച ഒരു യോഗം കൂടുകയുണ്ടായി. തദവസരത്തിൽ എടുത്ത ഫോട്ടോ.

മുൻനിര (നിലത്തു): റവ ബ്രദേഴ്സ് ജോസഫ് കോയിക്കക്കുടി (എറണാകുളം അതിരൂപത) ആന്റണി മുക്കത്ത് (വരാപ്പുഴ അതിരൂപത)

ഇരിക്കുന്നവർ: റവ. ഫാദർ ആന്റണി വാഴപ്പള്ളി (വിജയപുരം രൂ.) റവ. ഫാദർ പീററർ തെക്കേവയലിൽ (കൊല്ലം രൂ.) തൃശ്ശൂർ മെത്രാൻ തിരുമേനി, റവ. ഫാദർ ജോസഫ് കേളന്തറ (വരാപ്പുഴ അ രൂ.) റവ ഫാദർ സ്റ്റീഫൻ നെററോ (കൊല്ലം രൂ.)

നില്ക്കുന്നവർ: റവ ബ്രദേഴ്സ് തോമ്മസ് അത്തിനിൽക്കുന്നതിൽ (തിരുവല്ലാ രൂ.) മാത്യു നടുവിലെപ്പറമ്പിൽ (കോട്ടയം രൂ) ജോസഫ് വിളങ്ങാടൻ (തൃശ്ശൂർ രൂ.) ജോർജ് ഒററ (എറണാകുളം അ രൂ.) അഗസ്റ്റിൻ ഓനസ്സറിയോ (കൊല്ലം രൂ.) മത്തിയാസ് കാപ്പിൽ (കൊല്ലം രൂ.)

പിന്നിൽ നില്ക്കുന്നവർ: റവ. ബ്രദേഴ്സ് ജോസഫ് റിബെല്ലോ (വരാപ്പുഴ അ. രൂ) സൈമൺ കോട്ടൂർ (കോട്ടയം രൂ.) ജോസഫ് തെക്കേൽ (ബാംഗ്ളൂർ രൂ) തോമസ് പണിക്കർ (തിരുവനന്തപുരം അ. രൂ) ജോസഫ് വടക്കഞ്ചേരി (എറണാകുളം അ. രൂ) ഐസക്ക് കുട്ടപ്ലാക്കിൽ (തിരുവല്ലാ രൂ.)



ഇന്ത്യൻ തീർത്ഥകക്കമ്മിററി ജനറൽ സിക്രട്ടറിയായ റവ ഫാദർ ഗോമസ് അവർകളുടെ നേതൃത്വത്തിൽ റോമയിലെത്തിയ തീർത്ഥകർക്ക്, പ്രോപ്പഗാന്താ വൈദികമഹാകലാലയത്തിലെ ഇന്ത്യൻ വിദ്യാർത്ഥികൾ ഒരു സ്വീകരണം നൽകുകയുണ്ടായി. തദവസരത്തിൽ എടുത്തഫോട്ടോ. ഈ തീർത്ഥകസംഘത്തിൽ ഉൾപ്പെട്ടിരുന്ന മലയാളികളായ പലരെയും ചിത്രത്തിൽ കാണാം. കസേരയിൽ ഇരിക്കുന്ന വൈദികമേലദ്ധ്യക്ഷന്മാർ യഥാക്രമം: തൃശ്ശൂർ മെത്രാൻ മൈററു റവ ഡോക്ടർ ജോർജ് ആലപ്പാട്ട്, മൈലാപ്പൂർ മെത്രാൻ മൈററ് റവ ഡോക്ടർ ഡോം മാനുവൽ ഡി മെഡെയിറോസ് ഗ്യുറേയിറോ, പ്രോപ്പഗാന്താ തിരുസംഘാദ്ധ്യക്ഷൻ അത്യുന്നതകർദ്ദിനാൾ പീററർ ഫ്യുമസോണി ബിയോണ്ടി, കോട്ടാർ മെത്രാൻ മൈററ് റവ. ഡോക്ടർ അഗ്നിസ്വാമി എസ്. ജെ., കൊച്ചി മെത്രാൻ മൈററ് റവ ഡോക്ടർ ജോസ് അൽവർണസ്, അലഹബാദ് മെത്രാൻ മൈററ് റവ ഡോക്ടർ റെയ്മൻഡ് എന്നി തിരുമേനിമാരാണ്.

# മാർ സെവേരിയോസ് റോമയിൽ

പ. പിതാവ് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ജൂൺ 7-ാം തീയതി അഭിവന്ദ്യ മാർ സെവേരിയോസ് തിരുമേനിക്കു ഒരു കൂടിക്കാഴ്ച അനുവദിക്കുകയും, രാവിലെ 11 മണിക്കു തിരുമേനി പ. പിതാവിനെ സന്ദർശിക്കുകയും ചെയ്തു. സന്ദർശനം 15 മിനിട്ടു ദീർഘിച്ചു. രൂപതയെ സംബന്ധിച്ചും കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തെ സംബന്ധിച്ചും പ. പിതാവ് പലതും കല്പിച്ചു ചോദിക്കുകയുണ്ടായി. വന്ദ്യ തിരുമേനി തിരുവല്ലാ രൂപതയുടെ ചരിത്രം അടങ്ങിയ ഒരു ഫോട്ടോ ആൽബം, പ. പിതാവിനു സമ്മാനിച്ചു. ആൽബം മുഴുവനും പ. പിതാവ് മറിച്ചു നോക്കി. രൂപതയുടെ നാനാവിധ പ്രവർത്തനങ്ങളെ കണ്ടു മനസ്സിലാക്കി വന്ദ്യ തിരുമേനിയെ അനുമോദിക്കുകയും, രൂപതയ്ക്കു പ്രത്യേകമായ ആശീർവ്വാദം നല്കുകയും ചെയ്തു. കൂടിക്കാഴ്ചയുടെ അവസാനത്തിൽ വന്ദ്യ തിരുമേനി സിക്രട്ടറി അച്ചനെയും പ്രൊപ്പഗാൻഡാ കോളേജിൽ പഠിക്കുന്ന തിരുമനസ്സിലെ വിദ്യാർത്ഥികളെയും പ. പിതാവിനു പരിചയപ്പെടുത്തി കൊടുത്തു. പ. പിതാവ് അവരെ വാത്സല്യപൂർവ്വം ആശീർവ്വദിച്ചു.


മാർ സെവേരിയോസ് തിരുമേനി "എയർ ഇന്ത്യാ" വിമാനത്തിൽ മെയ് 29-ാം തീയതി റോമയിൽ എത്തി. ബോംബെയിൽനിന്നു പറന്നിട്ട് 18 മണിക്കൂർകൊണ്ടു വിമാനം റോമയിൽ ഇറങ്ങി. "എയർ ഇന്ത്യാ" ആപ്പീസിൽവച്ച് വന്ദ്യ തിരുമേനിയെ ഈശോസഭാജനറാൾ അവർകളുടെ പ്രൈവറ്റ് സിക്രട്ടറി സ്വീകരിച്ച് ജനറാൾ മന്ദിരത്തിലേക്കു ആനയിച്ചു. തിരുമേനിയും സിക്രട്ടറിയും ഈശോസഭാ ജനറാളിന്റെ അതിഥികളായി "ക്യൂരിയ" മന്ദിരത്തിൽ താമസിക്കുന്നു. മെയ് 31-ാം തീയതി വന്ദ്യ തിരുമേനി പൗരസ്ത്യതിരുസംഘം സന്ദർശിച്ചു. അത്യുന്നത കർദ്ദിനാൾ ടിസറാന്റ് തിരുമേനിയുടെ നേർക്കുള്ള സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിച്ചു. ജൂൺ 1-ാം തീയതി തിരുമേനി വി. പത്രോസിന്റെ ദേവാലയത്തിൽ കുർബാന ചൊല്ലി. കുർബാനയിൽ വളരെപ്പേർ സംബന്ധിച്ചിരുന്നു. ജൂൺ 3-ാം തീയതി പ. പിതാവ് വി. പത്രോസിന്റെ ദേവാലയത്തിൽവച്ച് ഒരു പൊതുക്കൂടിക്കാഴ്ച അനുവദിച്ചു. അതിൽ വന്ദ്യ തിരുമേനിയും സംബന്ധിച്ചിരുന്നു. കൂടിക്കാഴ്ചയുടെ അവസാനം പ. പിതാവ് സന്നിഹിതരായിരുന്ന എല്ലാ മെത്രാന്മാരെയും കണ്ടു കുശലപ്രശ്നം നടത്തി. വന്ദ്യ തിരുമേനിയുടെ പേരു പറഞ്ഞപ്പോൾതന്നെ പ. പിതാവ് തിരുമേനിയെ അറിഞ്ഞ്, വാത്സല്യപൂർവ്വം തിരുമേനിയോടു സംസാരിച്ചു.

വന്ദ്യ തിരുമേനി ഇവിടെ താമസിച്ചുകൊണ്ട് ഇവിടത്തെ പ്രധാന ബസ്ലിക്കാകളും, പള്ളികളും, ഭൂഗർഭാലയങ്ങൾ തുടങ്ങിയ വിശുദ്ധസ്ഥലങ്ങളും സന്ദർശിച്ചുവരുന്നു. ജൂൺ 6-ാം തീയതി തിരുമേനി വി. കല്ലിക്സ്റ്റസിന്റെ ഭൂഗർഭാലയത്തിലാണ് കുർബാന ചൊല്ലിയതു. ജൂൺ 8-ാം തീയതി വി. പത്രോസിന്റെ ദേവാലയത്തിൽവച്ചു നടന്ന പ. കുർബാനയുടെ പ്രദക്ഷിണത്തിൽ വന്ദ്യ തിരുമേനി പങ്കെടുത്തു. തിരുമനസ്സിലെ റോമാ സന്ദർശനം ഒരു മാസത്തോളം ദീർഘിക്കുന്നതായിരിക്കും.

ജൂൺ 20-ാംനു (ഇന്നലെ) രാത്രി 9 മണിക്കു മാർ സെവേരിയോസ് തിരുമനസ്സുകൊണ്ട് വത്തിക്കാൻ റേഡിയോ വഴി ഇംഗ്ലീഷിൽ ഒരു പ്രസംഗം പ്രക്ഷേപണം ചെയ്തു. അതിന്റെ പൂർണ്ണരൂപം അന്യത്ര ചേർത്തിരിക്കുന്നു.

## യാത്രയയപ്പ്

ഒല്ലൂർ ചെറുപുഷ്പവായനശാലാ സിക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ച ശ്രീ പി. വി. ജോസഫ്



വൈദികപഠനാർത്ഥം സ്ഥലംവിടുന്നതു സംബന്ധിച്ച് ടി വായനശാലാംഗങ്ങളുടെ വകയായി ഒരു യാത്രയയപ്പു നല്കിയിരിക്കുന്നു. അംഗങ്ങളുടെ വക തേയിലസല്ക്കാരവും ഗ്രൂപ്പ്ഫോട്ടോയുമുണ്ടായിരുന്നു.

## കൊച്ചി തിരുവിതാംകൂർ വാർത്തകൾ

നാസിക്കിൽവച്ചു കൂടുന്ന കോൺഗ്രസ് വാർഷികത്തിലേക്കു കേരളപ്രവിശ്യയിൽനിന്നുള്ള പ്രതിനിധികളുടേയും, ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റിയംഗങ്ങളുടേയും തിരഞ്ഞെടുപ്പ് ജൂൺ 22-ാംനു മുതൽ ജൂലൈ 4-ാംനു വരെ നടത്തപ്പെടുന്നതാണ്.

—ഐക്യസംസ്ഥാനത്തിൽ ഇറക്കുമതി ചെയ്യപ്പെടുന്ന അരിക്കു 75 ശതമാനം സബ്സിഡി നല്കാമെന്നു കേന്ദ്രഗവമ്മെന്റ് സമ്മതിച്ചിരിക്കുന്നു.

—കഴിഞ്ഞ രണ്ടു വർഷങ്ങളായി കൊച്ചിയിലെ 5-ാം ഫാറത്തിലെ പാഠപുസ്തകമായിരുന്നതു ഈ വർഷം ഐക്യസംസ്ഥാനത്തു 6-ാം ഫാറത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കയാണല്ലോ. എന്നാൽ പ്രസ്തുതപുസ്തകം തിരുവിതാംകൂറിൽ മാത്രം 6-ാം ഫാറത്തിൽ പാഠപുസ്തകമായിരിക്കുന്നതാണെന്നും കൊച്ചിയിൽ അതിനുപകരം "Prose and Verse" by Aligen and Krishnan എന്ന പുസ്തകം ഉപയോഗിക്കുന്നതായിരിക്കുമെന്നും വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസ്താവിച്ചിരിക്കുന്നു. ഈ വർഷവും കൊച്ചിയിലും തിരുവിതാംകൂറിലും എസ്. എസ്. എൽ. സി. പരീക്ഷയും ഇ. എസ്. എൽ. സി. പരീക്ഷയും പ്രത്യേകം നടത്തുവാനാണുദ്ദേശിച്ചിരിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

—കേരളത്തിൽ ഒരു സാമൂഹ്യസേവന പരിശീലനവിദ്യാലയം സ്ഥാപിക്കുന്നതിനു ഇൻഡ്യാഗവമ്മെന്റ് എറണാകുളത്തു 20 ഏക്കർ സ്ഥലം അനുവദിച്ചിരിക്കുന്നു. 1951 ജൂണിൽ പ്രസ്തുത വിദ്യാലയം ആരംഭിക്കുന്നതാണെന്നറിയുന്നു.

—എറണാകുളം മഹാരാജാസ് കോളേജ് ഇംഗ്ലീഷ് പ്രൊഫസർ ഡോക്ടർ ജി. എഫ്. പാപ്പാളി ചിറ്റൂർ ഗവമ്മെന്റ് കോളേജ് പ്രിൻസിപ്പാളായി ജൂൺ 19-ാംനു ചാർജ്ജെടുത്തിരിക്കുന്നു.

—ജൂൺ 16-ാംനു ആലപ്പുഴ കൊട്ടാരത്തിൽ സമ്മേളിച്ച തിരു-കൊച്ചി കോൺഗ്രസ് പാർട്ടി എക്സിക്യൂട്ടീവ്, കോൺഗ്രസിന്റെ പേരിൽ അപജയവും വെറുപ്പും ഉളവാക്കത്തക്ക പ്രസംഗം ചെയ്തതിനും പാർട്ടിവിപ്പിനെതിരായി നിയമസഭയിൽ വോട്ടുചെയ്തതിനും മന്നം-ശങ്കർ ഗ്രൂപ്പിലെ 14 അംഗങ്ങളെ പാർട്ടിയിൽനിന്നു ബഹിഷ്കരിക്കുന്ന ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു.

—യാത്രക്കാർ ഒരാഴ്ചത്തേക്കാവശ്യമുള്ള റേഷൻ പെർമിറ്റോടുകൂടി സംസ്ഥാനത്തിനു വെളിയിൽ കൊണ്ടുപോകുന്നതിനു ഗവമ്മെന്റിൽനിന്നും അനുവദിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാനത്തെ ഇപ്പോഴത്തെ നെല്ലെടുപ്പുനടപടി നിർത്തിക്കൊണ്ട്, ശരിയായ നോട്ടീസ് നല്കിയും ആ നോട്ടീസിന്മേൽ ആക്ഷേപം കൊടുക്കുവാൻ അവസരം നല്കിയുംകൊണ്ടുള്ള ഒരു പുതിയ രീതി ഉടൻതന്നെ നടപ്പിലാക്കുന്നതാണെന്നു പ്രധാനമന്ത്രി ശ്രീ ടി. കെ. നാരായണപിള്ള പ്രസ്താവിച്ചിരിക്കുന്നു.

—ചങ്ങനാശേരി സെന്റ് ബെർക്കുമാൻസ് കോളേജിനോടനുബന്ധിച്ചു ഒരു വനിതാവിഭാഗം ആരംഭിക്കുന്നതു സംബന്ധിച്ചുള്ള തീരുമാനം അടുത്തവർഷത്തേക്കു നീട്ടിവച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത കോളേജിൽ ഇപ്പോഴുള്ള ക്ലാസ്സുകളിലേക്കു പെൺകുട്ടികൾക്കു പ്രവേശനം നല്കുന്നതിനു സിൻഡിക്കേറ്റ് താല്ക്കാലികമായി അനുവാദം നല്കിയിട്ടുണ്ട്.

—ശബരിമലയിലെ പ്രസിദ്ധമായ ക്ഷേത്രം ജൂൺ 15-ാംനു എങ്ങനെയോ അഗ്നിക്കിരയായതായി ദൃശ്യമായിരിക്കുന്നു. അവിടെ പ്രതിഷ്ഠിതമായിരിക്കുന്ന വിഗ്രഹത്തിനും കേടുപാടുകൾ പറ്റിട്ടുള്ളതായി റിപ്പോർട്ടുകളിൽ കാണുന്നു.

## കഥാപ്രസംഗം

ആസ്ഥാനമഹാകവി വള്ളത്തോളിന്റെ മകൾ വാസന്തിയുടെ വിവാഹം പ്രമാണിച്ച് ശ്രീ ജോസഫ് കൈമാപറമ്പൻ മഹാകവിയുടെ മഗ്ദലനമറിയം എന്ന ഖണ്ഡകാവ്യത്തെ അധികരിച്ച് ഒരു കഥാപ്രസംഗം കലാമണ്ഡപത്തിൽ വച്ച് നടത്തിയിരിക്കുന്നു. കഥികനെ സന്തോഷസമേതം സ്വാഗതം ചെയ്തുകൊണ്ട് മഹാകവി ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

# Vatican Radio Talk

## by Mar Severios

20th June 1950

*Dear friends and beloved brethren,*

I am Mar Severios, Bishop Administrator Apostolic of the Catholic diocese of Tiruvalla. I have come to this eternal City to pay my homage to the Holy Father, the Pope and to get the blessings of the Holy Year. I am one of the four Prelates who made their submission to the Pope since 1930 from the dissident Jacobite church of Malabar that lost communion with the Head of the Church in 1653. I take this occasion to address you a few words.



The Pope has churches in communion with him in all parts of the world. He bestows his solicitude on every human being. There is no one else in the whole world who is so vitally connected with the affairs of men as he is. He views the interests of men and people impartially, while all the other heads either civil or ecclesiastical have their limitations and selfish interests. St. Peter's Basilica bears ample living testimony to this fact. For at the general audience that the Pope grants every week, people from all parts of the world flock in hundreds and thousands without distinction of caste or creed, colour or nationality and he says something to each of them and they all go back satisfied. One cannot fail here to note how the heart of the Pope yearns for the good of mankind.

When the world takes to any means for the satisfaction of the natural needs of man, and is enticed by false prospects, the Pope in unequivocal voice proclaims the eternal dominion of God and brings home to the people that "not in bread alone doth man live". He sees also that the most dangerous temptations are those which are clothed in the garb of God's honour and service. Does not the multiplication of religions and religious sects testify this? All men of good will find it a necessity, man being a reasonable being, an intellectual necessity to have an infallible voice to guide them in their confusion of ideas and ideals. Here from St. Peter's the Pope proclaims the eternal truth as delivered by the Son of God Himself. This voice has guided and is guiding all seekers after truth as did the star guide the wise men from the East.

The big Basilicas in Rome proclaim the victory of Christianity over the forces of darkness. These are standing monuments of lives made perfect in the Catholic Church. The Basilica of St. Peter stands on the site of the Circus of Emperor Nero and here in the middle of it St. Peter, the Prince of the Apostles of the Son of God, Jesus Christ, was martyred. The Basilica of St. Peter now stands as one of the wonders of the world; no one who has not seen it can conceive its stateliness and magnificence. 176 years were employed in its construction. Its cost amounted to over ten million pounds. It can hold at least seventy thousand people.

One who comes to Rome cannot close his eyes to the great Colosseum that stands in naked contrast to St. Peter's. Emperor Titus inaugurated it with great festivities lasting for hundred days, after his return from the conquest of Jerusalem. The mighty edifice covers about six acres of ground. The height of its external wall is 150 feet. It was the scene of the fearful barbarities during the Christian persecution. It now stands consecrated to the sacred memory of the martyrs who were killed there. Let every one take a lesson from it. Mussolini who lived at the foot of it did not. Hitler did not. Let the Colosseum be ever a proof to the great words of the Pope Pius XI of happy memory, "He who strikes the Pope dies."

Oh! Freedom! The most precious thing! God only knows the greatness and value of it. Man bargains it for perishable things. God delivered His Son Jesus to brutal death, rather than take away the freedom of man who crucified Him. Freedom is the price of eternal happiness. Freedom is the birth-right of man. The world has yet to learn what freedom means. It is true many a battle has been fought in the name of freedom, between countries and countries, between nations and nations, between individuals and individuals. History of the world is a history of the play of freedom. History shows all is not well with the world because true freedom is not used correctly. The correct use of freedom is to merit eternal happiness. It is given so that man may know God, love Him and serve Him. To use one's freedom knowingly and willingly and with full joy to do the will of God in the way he wants to do it is the perfection of freedom. Let every one understand that to obey is freedom, to submit to divine authority is life itself. This is the consecration of freedom.

Today there is much talk about unity of faith and peace among men. All this talk ends in greater confusion and multiplication of divisions. In all these one can well see the utter lack of an infallible voice to guide them; for them to consecrate their freedom. Hearken to the voice of the Pope, and there you will have unity of faith and peace of the world.

# റോമാവാർത്തകൾ

(സ്വന്തം ലേഖകൻ)

മേയ് 1. തന്റെ മെത്രാൻ പട്ടാഭിഷേകത്തിന്റെ ആറാം വാർഷികദിനമായ ഇന്നു് മെററ് റവ. ഡോക്ടർ ആലപ്പാട്ട തിരുമേനി പ്രൊപ്പഗാന്താ കോളേജിലെ സെമ്മിനാരി കപ്പേളയിൽ ദിവ്യപൂജയർപ്പിച്ചു. 11 മണിക്കു റോമിലെ മലയാളികൾ മാർത്തോമ്മാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ തിരുമേനിയെ അനുമോദിക്കുവാൻ ഒരു യോഗം കൂട്ടുകയും തിരുമേനിക്കു് ഒരു ജ്ഞാനപുഷ്പമഞ്ജരി സമർപ്പിക്കയും ചെയ്തു. സമാജത്തിന്റെ 25-ാം വാർഷികവുംകൂടി അതോടൊന്നിച്ചു ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ സമാജത്തിന്റെ ഒരു പൂർവ്വാംഗമായ റവ. ഡോ. പീററർ തെക്കേവീട്ടിൽ തിരുമേനിയെ അനുമോദിച്ചു. ഹൃദയസ്പൃക്കായ ഒരു പ്രസംഗം ചെയ്തു.

മേയ് 2, ആൻറണി മരിയ ക്ലാരററ് എന്ന വിശുദ്ധന്റെ നാമകരണച്ചടങ്ങിൽ സംബന്ധിക്കുന്നതിനും ജൂബിലി ദണ്ഡവിമോചനം പ്രാപിക്കുന്നതിനുമായി സ്പെയിനിൽനിന്നും തീർത്ഥകർ ഇവിടെ എത്തിയിരിക്കുന്നു.

ധന്യയായ മരിയഗൊരേത്തിയുടെ പൂജ്യാവശിഷ്ടങ്ങൾ അത്യാഡംബരപൂർവ്വം നെത്തൂണോ പള്ളിയിൽനിന്നും "കൊറിനാൽഡൊ" എന്ന സ്ഥലത്തേക്കു മാററി സ്ഥാപിച്ചിരിക്കുന്നു.

ഇംഗ്ലണ്ടിലെ ദേശീയ തീർത്ഥകസംഘം ഇന്നു വത്തിക്കാൻബസ്ലിക്കാ സന്ദർശിച്ചു ജൂബിലിദണ്ഡവിമോചനം പ്രാപിച്ചു.

3. ഐർലണ്ടിൽനിന്നു അർമാഗായിലെ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1800 തീർത്ഥകർ വത്തിക്കാൻ ബസ്ലിക്ക സന്ദർശിച്ചു. അവരുടെ ഭക്തിപ്രചുരിമ കാണികളെ ഹഠാദാകർഷിച്ചു.

ഗ്ലാസ്ഗോ (Scotland) യിൽനിന്നു നാലു തീർത്ഥകർ മോട്ടർ സൈക്കിൾ മാർഗ്ഗം ഒരാഴ്ചകൊണ്ടു് റോമിൽ എത്തിയിരിക്കുന്നു.

4. വെനെസുലയിൽനിന്നുള്ള ആദ്യത്തെ തീർത്ഥകസംഘം റോമിൽ ഇന്നു എത്തിച്ചേർന്നു. പ. പിതാവു് ഇന്നു് അ. കർദ്ദിനാൾ അലോഷ്യസ് മസെല്ലയെ (Pro-Prefect of the S. Congregation of Sacraments) ഒരു രഹസ്യസന്ദർശനത്തിൽ സ്വീകരിച്ചു.

കാനഡായിൽനിന്നു ഒട്ടാവാ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഒരു തീർത്ഥകസംഘം റോമിൽ വന്നുചേർന്നു.

5. പ. പിതാവു് റേഡിയോ പ്രക്ഷേപണത്തിന്റെ അന്തർദേശീയ കോൺഫറൻസു സ്ഥാനപതികൾക്കു ഒരു സന്ദർശനം അനുവദിക്കയും അവരോടു് ഫ്റഞ്ചിൽ 20 മിനിട്ടോളം ദീർഘിച്ച ഒരു പ്രഭാഷണം ചെയ്കയും ചെയ്തു.

6. കൊളംബിയ, മെക്സിക്കോ, വെനെസുല, ചില്ലി, പെറു, ബ്രസീൽ, ക്യാനഡ, ഫിലിപ്പൈൻസ് എന്നിവിടങ്ങളിൽനിന്നുമുള്ള തീർത്ഥകരെ പ. പിതാവു് വത്തിക്കാൻ ബസ്ലിക്കായിൽ ഒരു പൊതുസന്ദർശനത്തിൽ സ്വീകരിച്ചു. നാളത്തെ നാമകരണച്ചടങ്ങിൽ സംബന്ധിക്കുവാനായി റോമിൽ വന്നിട്ടുള്ളവരാണു് ഇവരിൽ അധികവും.

7. മെത്രാൻ, മിഷനറി, സഭാസ്ഥാപകൻ എന്നീ നിലകളിൽ വിശ്രുതനായ ആൻറണി മരിയ ക്ലാരററ് എന്ന മെത്രാനെ പ. പിതാവു് ഇന്നു് 40,000ത്തോളം വരുന്ന ഒരു ജനതതിയുടെ മദ്ധ്യേ വിശുദ്ധനായി നാമകരണം ചെയ്തു. ചടങ്ങുകൾ അവസാനിച്ചശേഷം തീർത്ഥകർ പിയാസ (Square) യിൽ മാർപ്പാപ്പായെ കാത്തുനിൽക്കുകയും, പ. പിതാവു് 12 ¼ മണിക്കു തന്റെ മുറിയുടെ ജനൽ തുറന്നു അവിടെ തടിച്ചുകൂടിയിരുന്ന ജനതതിയെ ആശീർവ്വദിക്കയും ചെയ്തു.

8. ഇന്നു പ. പിതാവു് തീർത്ഥകർക്കു് ബസ്ലിക്കായിൽ ഒരു പൊതുദർശനം അനുവദിച്ചു.

10. ഇന്നത്തെ ഒസ്സർവത്തോരെയിൽ ഞായറാഴ്ചത്തെ വിശുദ്ധീകരണച്ചടങ്ങിൽ മാർപ്പാപ്പാ നടത്തിയ പ്രഭാഷണത്തിന്റെ ഇത്താലിയൻതർജ്ജമ ചേർത്തിരുന്നു.

11. അ. കർദ്ദിനാൾ കനാലിയെ പ. പിതാവു് ഒരു രഹസ്യസന്ദർശനത്തിൽ സ്വീകരിച്ചിരിക്കുന്നു. തന്റെ ഭരണത്തിന്റെ പതിനൊന്നാം വർഷം പൂർത്തിയായതിന്റെ സ്മാരകമായി പ. പിതാവിന്റെ പ്രഭാഷണങ്ങളും റേഡിയോ സന്ദേശങ്ങളുമടങ്ങിയ 11-ാം പുസ്തകം കാഴ്ചവയ്ക്കപ്പെട്ടിരിക്കുന്നു. വത്തിക്കാൻ പ്രസ്സിൽ അടിച്ചതാണു് ഈ ഗ്രന്ഥം. മേയ് 25 മുതൽ 30 വരെ തീയതികളിൽ International Congress of the Sacred Music റോമിൽവച്ചു നടക്കുന്നതാണു്.

12. മററു രാജ്യങ്ങളിൽവച്ചു പ്രാപിക്കുന്ന വിവാഹമോചനം അസാധുവായി പരിഗണിക്കാനുള്ള അധികാരം ഇന്നു ഇററാലിയൻ പാർലിമെൻറു് 133 x 83 വോട്ടുകൾമൂലം പബ്ളിക്കു് മിനിസ്റ്റർക്കു നൽകുകയുണ്ടായി.

15. കോഴിക്കോട്ടുവച്ചു ചെയ്ത പ്രസംഗത്തിൽ ഒരു ഹിന്ദുവായ മി. കൃഷ്ണമേനോൻ പ. പിതാവിനെ "സാധുക്കളുടെ സംരക്ഷകൻ" (Champion of the poor) എന്നു സംജ്ഞചെയ്തിരിക്കുന്നതായി ഒരു റിപ്പോർട്ടു ഒസ്സർവത്തോരെ പരസ്യപ്പെടുത്തിയിരിക്കുന്നു. പ. പിതാവു് Aeli (Catholic Action of the Italian Workers) എന്ന സംഘടനയ്ക്കു് അതിന്റെ 59-ാം വാർഷികത്തിൽ ഒരു സന്ദർശനമനുവദിച്ചു.

16. കൊച്ചി മെത്രാൻ നി. വ. ദിവ്യശ്രീ ജോസ് അൽവേർണസ് തിരുമേനിയെ പ. പിതാവു് ഇന്നു രഹസ്യസന്ദർശനത്തിൽ സ്വീകരിച്ചു. പോർട്ടുഗലിൽനിന്നുമുള്ള ഒരു തീർത്ഥകസംഘത്തെ നയിച്ചുകൊണ്ടു് ലിസ്ബൺ പാത്രിയർക്കീസായ അ. കർദ്ദിനാൾ എമ്മാനുവൽ ഗൊൺസാൽവസ് "ചെരെജെയ്‌റാ" റോമിൽ എത്തിയിരിക്കുന്നു.

18. ഇന്നു വ്യാഴാഴ്ച സ്വർഗ്ഗാരോഹണത്തിരുനാൾദിനം ബഹുശതം വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ പ. പിതാവു് ബർത്തലോമിയ കപ്പിത്താനിയോ, വിഞ്ചെൻസ ജരോസ എന്ന രണ്ടു കന്യകകളെ വിശുദ്ധരായി പ്രഖ്യാപനം ചെയ്തു. തദവസരത്തിൽ ലത്തീനിൽ തിരുമേനി പുതിയ വിശുദ്ധകളെക്കുറിച്ചു് ഒരു പ്രസംഗം ചെയ്തു. 8½ മണി മുതൽ പന്ത്രണ്ടുവരെ ആഘോഷമായി നടത്തിയ ചടങ്ങുകൾ വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്തു.

20. ഇന്നലെ സാലക്ലെമെന്തിനയിൽ വച്ചു് നൽകിയ പ്രത്യേക സന്ദർശനാവസരത്തിൽ ഹോളണ്ടിലെ കത്തോലിക്കർ പ. പിതാവിനു് പുതിയ വത്തിക്കാൻ റേഡിയോസ്റ്റേഷനായി ഒരു ശക്തികൂടിയ ട്രാൻസ്മിററർ കാഴ്ചവയ്ക്കുകയുണ്ടായി.

ഇന്ത്യ, ആഫ്രിക്ക, അമേരിക്ക ഇവിടങ്ങളിൽനിന്നുമുള്ള തീർത്ഥകർക്കായി പ. പിതാവു് ബസ്ലിക്കായിൽ ഒരു പൊതുസന്ദർശനമനുവദിച്ചു. ഇന്ത്യക്കാരിൽ പലരും ദേശീയവേഷത്തിലായിരുന്നു. ഷർട്ടും മുണ്ടും ഏൾസാരിയും മററു തീർത്ഥകരെ ഹഠാദാകർഷിച്ചു.

25. ഇന്നു പിയാസ ബുവനോസ് അയേഴ്സിൽ ഉള്ള പള്ളിയിൽവെച്ചു് ആർജൻറീനായ്ക്കു സ്വാതന്ത്ര്യം ലഭിച്ചതിന്റെ 140-ാം വാർഷികം ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. "തെദേവും" എന്ന സ്തോത്രഗീതം ആലപിക്കപ്പെട്ടു. ആർജൈൻറൻ അംബാസിഡർ സന്നിഹിതനായിരുന്നു.

റോമിൽ എത്തി താമസിക്കുന്ന മൈററ് റവ. ഡോക്ടർ അഗ്നിസാമി (കോട്ടാർ മെത്രാൻ) പ്രൊപ്പഗാന്താ കോളേജു ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു.

ഇന്നു വി. പത്രോസിന്റെ ദേവാലയത്തിൽ നടന്ന ഒരു പൊതുസന്ദർശനത്തിൽ പാക്കിസ്ഥാൻ, ഇംഗ്ലണ്ടു്, പോർത്തോറിക്കോ, ഫിലിപ്പൈൻസ്, മൊറിഷ്യസ്, ഐർലണ്ടു്, ആസ്ട്രിയ, മെക്സിക്കോ, ഉരുഗ്വെ, സാൻസാൽവദോർ ഇവിടങ്ങളിൽനിന്നു തീർത്ഥകരുണ്ടായിരുന്നു. പാക്കിസ്ഥാൻതീർത്ഥകരെ നയിച്ചിരുന്നതു് മുൾട്ടാൻ മെത്രാനായ മോൺ. ഫ്രാൻസിസ് ബെനഡിക്ട് ചിയാലെയൊ ആണു്.

ഇന്തൊനേഷ്യൻ റിപ്പബ്ളിക്കിന്റെ വത്തിക്കാൻ സ്ഥാനപതിയായി നിയമിക്കപ്പെട്ടിരിക്കുന്ന ഡോ: സുക്കാർജോ (Extraordinary envoy & Minister Plenipotentiary) പ. പിതാവിനു സാക്ഷിപത്രം സമർപ്പിച്ചു. പ. പിതാവു് അദ്ദേഹത്തെ ഒരു "ആഘോഷപൂർവ്വകമായ സന്ദർശന"ത്തിൽ സ്വീകരിക്കയും ഇംഗ്ലീഷിൽ ഒരു പ്രഭാഷണം ചെയ്യുകയും ചെയ്തു.

26. ഫ്രാൻസിന്റെ വിവിധഭാഗങ്ങളിൽനിന്നുമായി 25,000 തീർത്ഥകരാണു് ഇന്നു ജൂബിലി ദണ്ഡവിമോചനം പ്രാപിക്കുവാൻ വി. പത്രോസിന്റെ പിയാസയിൽ തടിച്ചുകൂടിയതു്. (കഴിഞ്ഞ ദിവസങ്ങളിൽ മുപ്പതോളം തീവണ്ടികളും, 100-ൽപ്പരം ബസ്സുകളും തീർത്ഥകരെയുംകൊണ്ടു റോമിലെത്തി). ലില്ലയിലെ മെത്രാനായ കർദ്ദിനാൾ ലിയെനാർട്ടു് ബസ്ലിക്കായിൽ പ്രവേശിക്കുന്നതിനുമുമ്പായി തീർത്ഥകരോടു് തീർത്ഥയാത്രയുടെ ഉദ്ദേശത്തെപ്പററി ഒരു ചെറിയ പ്രസംഗം ചെയ്തു. "Action Catholique Generale de France" എന്ന സംഘടനയാണു് ഈ തീർത്ഥകസംഘം രൂപീകരിച്ചതു്. മാർ സെവേരിയോസ് തിരുമേനി റോമിൽ എത്തി.

28. ഇന്നു പെന്തക്കോസ്താദിനം ഫ്രാൻസിലെ രാജ്ഞിയായിരുന്ന ധന്യയായ ജ്യോവാനയെ വിശുദ്ധരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി പ. പിതാവു് പ്രഖ്യാപനം ചെയ്തു. വിശുദ്ധയുടെ എളിമ, വിശുദ്ധി, ക്ഷമ, അനുസരണം എന്നീ പുണ്യങ്ങളെ പരാമർശിച്ചു പ. പിതാവു് ലത്തീനിൽ തദവസരത്തിൽ ഒരു പ്രഭാഷണം ചെയ്തു. ഫ്രാൻസിൽനിന്നും മററു രാജ്യങ്ങളിൽനിന്നുമുള്ള തീർത്ഥകരാൽ ബസ്ലിക്കാ നേരത്തെ (7 മണിക്കു) നിറഞ്ഞിരുന്നു. തന്മൂലം ടിക്കററുണ്ടായിരുന്നവർക്കുപോലും 7 മണിക്കുശേഷം സ്വസ്ഥാനങ്ങളിൽ ചെന്നു പററുവാൻ സാധിച്ചില്ല.

29. ഇന്നു ബസ്ലിക്കായിൽവച്ചു ഫ്റഞ്ചുതീർത്ഥകർക്കു നൽകിയ സന്ദർശനവേളയിൽ പ. പിതാവു് തലേദിവസം പുണ്യപദത്തിലേക്കുയർത്തിയ വിശുദ്ധയുടെ പുണ്യങ്ങളെ പ്രകീർത്തിച്ചു ഫ്റഞ്ചിൽ ഒരു പ്രഭാഷണം ചെയ്തു. അതു വത്തിക്കാൻ റേഡിയോവഴി പ്രക്ഷേപണംചെയ്കയുണ്ടായി.

ജൂൺ 1. ഒരു ബ്രീഫ് മൂലം പ. പിതാവു് വി. അൽഫോൻസ് ലിഗോരിയെ കുമ്പസാരക്കാരുടെയും വേദശാസ്ത്രജ്ഞന്മാരുടെയും മദ്ധ്യസ്ഥനായി പ്രഖ്യാപനം ചെയ്തു.

2. നി. വ. ദിവ്യശ്രീ മാർ സെവേരിയോസ് തിരുമേനി മലങ്കരറീത്തിൽ പ്രൊപ്പഗാന്താ കോളേജു ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു. തദനന്തരം മലയാളികളുമൊരുമിച്ചു ഒരു ഗ്രൂപ്പ് ഫോട്ടോയും എടുക്കുകയുണ്ടായി.

പ. പിതാവിന്റെ നാമകരണത്തിരുനാളായ ഇന്നു ഒസ്സർവത്തോരെ തിരുമേനി പ്രാർത്ഥിക്കുന്ന ഒരു ഫോട്ടോ പ്രസിദ്ധപ്പെടുത്തുകയും തിരുമേനിക്കു ആയുരാരോഗ്യങ്ങൾ നേരുകയും ചെയ്തു. (*) Internationl Congress of Social Study & The International Associazion of Xtian Social എന്ന സംഘങ്ങളുടെ പ്രതിനിധികളോടായി പ. പിതാവു് ഫ്റഞ്ചിൽ ഒരു പ്രസംഗം പ്രക്ഷേപണം ചെയ്കയുണ്ടായി.

ഇന്നു നടന്ന പൊതുസന്ദർശനത്തിൽ ബസ്ലിക്കായിൽ ആയിരക്കണക്കിനു, ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും, തീർത്ഥകർ ഉണ്ടായിരുന്നു.

5. ഇന്നു പ. പിതാവു് Sala di Benedizione എന്ന ബാൽക്കണിയിൽവന്നു് 20,000-ത്തിൽപ്പരം ഇത്താലിയൻതീർത്ഥകർക്കു് സന്ദർശനമനുവദിച്ചു. വന്നിരുന്നവർ അവരവരുടെ മോട്ടർ സൈക്കിൾ "ഹോൺ" അടിച്ചാണു് പ. പിതാവിന്റെ ആഗമനാവസരത്തിൽ സ്വാഗതമരുളിയതു്.

വി. കുർബാനയുടെ തിരുനാൾദിനം വി. കുർബാനയും വഹിച്ചുകൊണ്ടു് പ. പിതാവു് ബസ്ലിക്കാങ്കണത്തിൽകൂടി പ്രദക്ഷിണം നയിക്കുന്നതാണു്.

* വി. എവുജിന്റെ നാമത്തിൽ റോമിൽ പണിചെയ്യുന്ന ഒരു പള്ളിയുടെ ആശീർവ്വാദകർമ്മം പ. പിതാവു് നടത്തുവാൻ തീരുമാനിച്ചിരുന്നതാണെങ്കിലും പണിതീരാത്തതുകൊണ്ടു് ആ ചടങ്ങു നടക്കുകയുണ്ടായില്ല.


## SCHOOL BOOKS

| | | |
|---|---|---|
| I. | ലോകചരിത്രവീക്ഷണം | |
| | 1 Vol. I for IV Form | 1 0 0 |
| | 2 Vol. II for V Form | 1 0 0 |
| | 3 Vol. III (for Trav. E. S. L. C.) | 1 4 0 |
| II. | ഇൻഡ്യാചരിത്രവീക്ഷണം. | |
| | 1 Vol. I for IV Form | 1 4 0 |
| | 2 Vol. II for V Form | 1 8 0 |
| | 3 Vol. III (for Trav. E. S. L. C.) | 1 4 0 |
| III. | പൌരധർമ്മപ്രവേശിക. | |
| | 1 Vol. I for IV Form | 0 6 0 |
| | 2 Vol. II for V Form | 0 6 0 |
| | 3 Vol. III (for Trav. E. S. L. C.) | 0 6 0 |
| IV. | *A Hand Book of English Grammar & Composition* (for IV, V & VI Forms) | 1 0 0 |
| V. | *Middle School Civics* (for I, II & III Forms | 0 8 0 |
| VI. | *Civics for V Class* | 0 4 0 |

*Apply to the author :*
*K. E. JOB, M. A. L. T., Changanacherry*



## ആവശ്യമുണ്ടു്

കോതമംഗലത്തിനടുത്തു് ധർമ്മഗിരിയിൽ സ്ഥാപിച്ചിട്ടുള്ള സെൻറു് ജോസഫ്സ് മെഡിക്കൽസിസ്റ്റേഴ്സ് എന്ന സന്യാസസഭയിൽ ചേരുവാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ പരീക്ഷ പാസ്സായ കത്തോലിക്കാ യുവതികൾ ഉടനെ അപേക്ഷിക്കുക.

സിസ്റ്റർ സുപ്പീരിയർ
ധർമ്മഗിരി, കോതമംഗലം


യാക്കോബായമെത്രാപ്പോലിത്തായുടെ

## പുനരൈക്യം

ലബനോൺമൊസ്സൂസിന്റെ യാക്കോബായ മെത്രാപ്പോലീത്തായായ നി. വ. ദി. ശ്രീ മാർ യൂഹാനോൻതൽബോർ തിരുമനസ്സുകൊണ്ടു് നാലാഴ്ചകൾക്കുമുമ്പു സ്വന്തം ഇടവകയെ വിട്ടു കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു. ഇപ്പോൾ അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസ് അത്യുന്നത കർദ്ദിനാൾ ടപ്പൂണി തിരുമനസ്സിലെ ബയിറൂട്ടിലുള്ള അരമനയിൽ താമസിച്ചുവരുന്നു.

പ്രഭാഷണം

# രോഗികൾ

"എന്നാൽ വെള്ളം ഇളകുമ്പോൾ എന്നെ കുളത്തിലിറക്കുവാൻ എനിക്കു ആരുമില്ല." (യോഹ. V—7)

കുടുംബാംഗങ്ങളിൽ ഒരാൾ രോഗബാധിതനായി കട്ടിലേറിയാൽ അതോടെ ആ കുടുംബത്തിലെ സൗഭാഗ്യസൂര്യൻ അസ്തമിക്കുന്നു; വഴിഞ്ഞൊഴുകിയിരുന്ന ആനന്ദസരിത്തു് വററിവരണ്ടുപോകുന്നു; സമാധാനസൗധം തകരുന്നു. ഒരാളുടെ രോഗം ശമിക്കുമ്പോൾ മറെറാരാൾ എന്ന തോതിൽ ഇടമുറിയാതെ രോഗികൾ വീട്ടിൽ ഉണ്ടാകുമ്പോഴും, ചിലപ്പോൾ മൂന്നും നാലും പേർ ഒരേസമയത്തു് രോഗബാധിതരായി ശയ്യാവലംബികളാകുമ്പോഴും കുടുംബനാഥന്മാർ നിരാശയുടെ നെല്ലിപ്പടിവരെ എത്തുന്നു. കഷ്ടകാലം എല്ലായ്പോഴും അങ്ങനെതന്നെ; ആസ്പത്രിമുറ്റാണെങ്കിൽ നിരനിരയായി അലമാരിയിലും മേശയിലും ജനൽപ്പടിയിലും ഇരിക്കുന്നു; വീടു് ചെറിയ ഒരു ആസ്പത്രിയായി മാറിയിരിക്കയാണു്. മരുന്നുകൾ അന്വേഷിച്ചും, പാറിച്ചും, വാങ്ങിച്ചും കൊണ്ടുവരുവാനുള്ള ബുദ്ധിമുട്ടുകൾ മനസ്സിനെ മടുപ്പിക്കും; അവ പാഠംപോലെ ശരിപ്പെടുത്തി കൃത്യസമയങ്ങളിൽ കൊടുക്കുവാനുള്ള ക്ലേശങ്ങൾ ക്ഷമയുടെ ആഴം അളക്കും; രോഗിയെ താങ്ങുവാനും എഴുന്നേൽപ്പിക്കുവാനും മററുമുള്ള ബുദ്ധിമുട്ടുകൾ സഹനസീമകളെ അതിലംഘിക്കും; ഡോക്ടറുടെ "ഫീ"യും മരുന്നിന്റെ വിലയും പണസഞ്ചിയെ ശോഷിപ്പിച്ചു് കുടുംബനാഥനെ അമ്പരപ്പിക്കും. ധനാഢ്യർപോലും ഈ പരിതസ്ഥിതികളിൽ നക്ഷത്രമെണ്ണുന്നെങ്കിൽ ദരിദ്രന്മാരുടെ സ്ഥിതി എത്രയോ ദയനീയമായിരിക്കും! ആസ്പത്രിയിലാണു് രോഗിയെ കിടത്തിയിരിക്കുന്നതെങ്കിൽ കുടുംബാംഗങ്ങൾ അവിടേയും വീട്ടിലുമായി കഴിച്ചുകൂട്ടണം; അങ്ങോട്ടുമിങ്ങോട്ടുമുള്ള ഓട്ടവും മററു ബുദ്ധിമുട്ടുകളും അങ്ങനെ; കൺപോളകൾ അടയ്ക്കുവാൻ സാധിക്കാത്ത നീണ്ട കാളരാത്രികൾ എത്ര! കൃഷികാര്യങ്ങളും കുടുംബകാര്യങ്ങളും അന്വേഷിക്കാൻ ആളില്ലാതെ താറുമാറായിക്കിടക്കുന്നു. രണ്ടും മൂന്നും അതിലധികവും വർഷങ്ങൾ നീണ്ടുനിൽക്കുന്ന സുഖക്കേടുകളാണെങ്കിൽ പിന്നത്തെ കഥ പറയാനുമില്ല. തങ്ങളുടെ സമാധാനത്തേയും ആനന്ദത്തേയും പണത്തേയും കഴിവുകളേയും കരണ്ടുതിന്നുകൊണ്ടിരിക്കുന്ന ഒരു രോഗി വീട്ടിലുള്ളപ്പോൾ കുടുംബാംഗങ്ങൾ എങ്ങനെ സന്തോഷിക്കും, ചിരിക്കും? നൈരാശ്യത്തിന്റെയും ഗ്ലാനതയുടെയും കരിനിഴലുകൾ ആ കുടുംബത്തെ ഗ്രസിച്ചുകളയുന്നു.

ലൗകികദൃഷ്ട്യാ പരിചിന്തിക്കുമ്പോൾ ഈ ചിത്രീകരണം വാസ്തവമായി തോന്നാം. എന്നാൽ ആദ്ധ്യാത്മികമായ വീക്ഷണകോണിലൂടെ—വിശ്വാസത്തിന്റെ ദൂരദർശിനിയിൽക്കൂടെ—നോക്കുമ്പോൾ രോഗികളുള്ള കുടുംബങ്ങളിലെ ഗ്ലാനതയും നൈരാശ്യവും തിരോഭവിക്കുന്നു. മതതത്വങ്ങളുടെ നറുംതേൻ എല്ലാം മാധുര്യമുള്ളതാക്കിപ്പകർത്തുന്നു. ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തിന്റെ ഫലമായി മനുഷ്യരാശി മുഴുവനും രോഗത്തിനും മരണത്തിനും വിധേയമായിത്തീർന്നു; നിയതിയുടെ നിയമമാണു രോഗം. കടുത്ത കമ്മ്യൂണിസ്റ്റുകാർപോലും തങ്ങളുടെ ഭൗമപറുദീസയിൽ പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാക്കാമെന്നല്ലാതെ രോഗവും മരണവും ഉന്മൂലനം ചെയ്യാൻ സാദ്ധ്യമാണെന്നു് ഉൽഘോഷിച്ചതായി കേട്ടിട്ടില്ല. യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ അവർ മൂകരായി ഭവിച്ചിരിക്കാം. മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായും ശിക്ഷയായും, ചിലപ്പോൾ ആദ്ധ്യാത്മികകാര്യങ്ങളിലേക്കും ദൈവത്തിലേക്കും മനുഷ്യരെ വലിച്ചടുപ്പിക്കുന്നതിനായും രോഗങ്ങൾ ദൈവം യാത്രയാക്കുന്നു. ചിലർക്കു പുണ്യവർദ്ധനവിനും അതുപകരിക്കും. സഹനങ്ങൾക്കും ക്ലേശങ്ങൾക്കും വലിയൊരു പവിത്രീകരണശക്തിയുണ്ടു്. ക്രിസ്തുനാഥൻ നമ്മെ പവിത്രീകരിച്ചതും തന്റെ ക്ലേശങ്ങൾകൊണ്ടാണല്ലോ. ഇങ്ങനെ നോക്കുമ്പോൾ രോഗങ്ങൾ രോഗികൾക്കും മററു കുടുംബാംഗങ്ങൾക്കും പവിത്രീകരണോപകരണങ്ങളായി പരിണമിക്കുന്നു; ക്രൂശിതനായ ക്രിസ്തുവിനോടു കൂടുതൽ അനുരൂപ്യം പ്രാപിക്കുവാനും അവ ഉപകരിക്കുന്നു; മൂന്നുമണിക്കൂർസമയം കുരിശിൽ തൂങ്ങിക്കിടന്നു വേദനയുടെ അടിത്തട്ടും അനുഭവിച്ചറിഞ്ഞ ക്രിസ്തുനാഥൻ എല്ലാ രോഗികൾക്കും മാതൃകയും സമാശ്വാസവും നല്കും. കുരിശുചുമക്കുവാൻ സഹായിച്ച ശിമയോനെപ്പോലെ രോഗിയെ ശുശ്രൂഷിക്കുന്നവരും ഭാഗ്യവാന്മാരാകും.

ശരീരത്തിൽ ഒരവയവം രോഗബാധിതമാകുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ ഇതരാവയവങ്ങളിലും പ്രത്യക്ഷമാകാറുണ്ടു്. എന്തെന്നില്ലാത്ത ഒരു വല്ലായ്മ എല്ലാ അവയവങ്ങളിലും പ്രകടമായിക്കാണാം. അവയെല്ലാം ഒത്തൊരുമിച്ചു് രോഗബാധിതമായ അവയവത്തിന്റെ സുഖപ്രാപ്തിക്കായി അനസ്യൂതം പ്രയത്നിച്ചുകൊണ്ടിരിക്കും. സജീവമായ ഒരു ഘടനയാണു ശരീരത്തിന്റേതു് എന്നു സാരം. ഇപ്രകാരം തന്നെ ഒരു സജീവഘടനയാണു കുടുംബത്തിന്റേതും. കുടുംബാംഗങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ജീവാംശം സ്നേഹമാണു്. ഈ ജീവാംശം ഒരു കുടുംബത്തിലുണ്ടെങ്കിൽ അതിലൊരംഗം രോഗശയ്യയിലാകുമ്പോൾ ഇതരാംഗങ്ങളിൽ ഒരു വല്ലായ്മ പ്രത്യക്ഷപ്പെടും; അവരെല്ലാവരും ഒത്തൊരുമിച്ചുകൊണ്ടു് രോഗിയുടെ സുഖപ്രാപ്തിക്കായി പരിശ്രമിക്കയും ചെയ്യും. എന്നാൽ, നേരെമറിച്ചു്, തങ്ങളുടെ വീട്ടിൽ ഒരു രോഗിയുണ്ടെന്നുള്ള യാതൊരു വിചാരവുമില്ലാതെ കുടുംബാംഗങ്ങൾ അട്ടഹാസവും ചിരിയും കളിയും ഉല്ലാസവുമായി കഴിയുകയും രോഗിയെ ശുശ്രൂഷിക്കുവാൻ മനസ്സില്ലാതെ "ഇയാൾ വല്ലാണവും ചത്തുപോകുന്നില്ലല്ലോ" എന്നെല്ലാം പ്രാകുകയും ചെയ്യുന്നെങ്കിൽ ആ കുടുംബഗാത്രത്തിന്റെ ഘടനയിൽ വലിയ തകരാറു പററിയിട്ടുണ്ടെന്നു തീർച്ചയാണു്; വിവിധഘടകങ്ങളെ സംയോജിപ്പിക്കുന്ന സ്നേഹമാകുന്ന ജീവജലം തീരെ വററിപ്പോയിരിക്കുന്നു; സ്വാർത്ഥതയുടെ നഗ്നമായ വിളയാട്ടമാണു് പകരം ദൃശ്യമാകുന്നതു്. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിന്റെ—ഭാര്യാഭർത്തൃപ്രേമത്തിന്റെയും പിതൃപുത്രസ്നേഹത്തിന്റെയും സോദരീസോദരബന്ധത്തിന്റെയുമെല്ലാം—മാററുരച്ചുനോക്കുവാനുള്ള ഉരകല്ലാണു കുടുംബത്തിലെ രോഗികൾ. അപ്പോഴാണു് ചക്കരവാക്കുകളുടേയും സ്നേഹപ്രകടനങ്ങളുടേയുമെല്ലാം ചെമ്പു തെളിയുക.

ഒരു കുടുംബത്തിൽ ആരെങ്കിലും രോഗത്തിനധീനനായാൽ അയാളെ യഥായോഗ്യം ശുശ്രൂഷിക്കുവാൻ കുടുംബനാഥന്റെ നേതൃത്വത്തിൽ എല്ലാവരും ഒത്തുശ്രമിക്കേണ്ടതാണു്. സ്നേഹത്തിന്റെ പ്രേരണയാൽ അവർ ഇതിനു ബാദ്ധ്യസ്ഥരായിരിക്കുന്നതിനുപുറമെ ഇതു് അവർക്കുതന്നെ ഉപകാരപ്രദമായിരിക്കും. നിങ്ങൾ അളക്കുന്ന അളവാൽ നിങ്ങൾക്കും അളക്കപ്പെടുമെന്നുള്ള വേദോക്തിപ്രകാരം നാം രോഗികളെ ശുശ്രൂഷിക്കുന്നതിൽ ജാഗരൂകരായിരുന്നാൽമാത്രമേ നാം കിടപ്പിലാകുമ്പോൾ നമ്മെ ശുശ്രൂഷിക്കുവാനും ആളുണ്ടാകയുള്ളൂ. ഇതിനുംപുറമെ രോഗശുശ്രൂഷ ഒരു പുണ്യപ്രവൃത്തിയുംകൂടിയാണെന്നുള്ളതും നമുക്കു പ്രചോദനം നൽകാതിരിക്കയില്ല. കരുണയോടും ശാന്തമായും രോഗിയെ പരിചരിക്കണം. ഒരു മരത്തടിയല്ല, പ്രത്യുത വേദനയനുഭവിക്കുന്ന ഒരു മനുഷ്യജീവിയാണെന്നതു പ്രത്യേകം സ്മരിക്കണം; ക്ഷമ എത്രയുണ്ടായാലും അധികമാകയില്ല. രോഗികൾക്കു പെട്ടെന്നു് കോപംവരുമെന്നുള്ളതു് കേവലം മനശ്ശാസ്ത്രപരമായ ഒരു പരമാർത്ഥം മാത്രമാണു്. രോഗങ്ങൾ പിടിപെട്ടാൽ പ്രാരംഭത്തിൽതന്നെ വേണ്ട പ്രതിവിധികൾ ചെയ്യണം. അപകടനിലയിൽ എത്തിയതിനുശേഷം മാത്രം ബദ്ധപ്പെട്ടതുകൊണ്ടു വലിയ പ്രയോജനമില്ല. മരണം സംഭവിച്ചതിനുശേഷം പശ്ചാത്തപിച്ചതുകൊണ്ടു് എന്തുഫലം? പണം ചെലവാക്കാനുള്ള മടി നിമിത്തം ചിലർ മുറിവൈദ്യന്മാരെക്കൊണ്ടു ചികിത്സിപ്പിക്കയോ, അല്ലെങ്കിൽ ചികിത്സകൾ പിന്നീടാരംഭിക്കാമെന്നുവെച്ചു് നീട്ടിക്കൊണ്ടുപോകയോ ചെയ്യുന്നു; വേറെ ചിലർ പലരുടേയും അഭിപ്രായങ്ങൾ കേട്ടു് പല ഔഷധങ്ങൾ ഒരേസമയത്തു നൽകുകയോ മണിക്കൂറുതോറും വൈദ്യന്മാരെ മാറിക്കൊണ്ടിരിക്കയോ ചെയ്യുന്നു. ഇതുകൊണ്ടെല്ലാം രോഗം അപകടനിലയിലെത്താനാണെളുപ്പം. ചില രോഗങ്ങൾ ശാന്തമാകാതെ ദീർഘനാൾ നീണ്ടുനിൽക്കുമ്പോൾ അതു ബാധോപദ്രവമാണെന്നും അതിനു ചില പ്രതിക്രിയകൾ ആവശ്യമാണെന്നും ചില കൂട്ടർ വിധിക്കുന്നു. അന്യർ അറിയാതെ എല്ലാം ഗൂഢമായിത്തന്നെ നടത്താമെന്നും അവർ അഭിപ്രായപ്പെടുന്നു. മന്ത്രവാദങ്ങൾ, കലശംകഴിക്കൽ, ജപിച്ചുകെട്ടൽ, എതിർ"മാരണ"ങ്ങൾ, ബാധയൊഴിപ്പിക്കൽ, എന്നിങ്ങനെ പലതുമുണ്ടു് ആ ഇനത്തിൽ. രോഗം നീങ്ങുമെന്നുള്ള ആശയാൽ ചില അല്പവിശ്വാസികൾ ഇതിനു സമ്മതിക്കുന്നു. രോഗികൾക്കും ചെയ്യിക്കുന്നവർക്കും ദൈവകോപം വരുത്തിവെക്കുന്ന നിഷിദ്ധകൃത്യങ്ങളാണു് ഇവയെല്ലാം; ദൈവത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടല്ലേ തങ്ങൾ ഈ നിഷിദ്ധാചാരങ്ങളെ ശരണംഗമിക്കുന്നതെന്നു് അവർ ഒരു ആത്മസംശോധനം നടത്തട്ടെ. ദൈവപരിപാലനയിൽ പുത്രനിർവ്വിശേഷമായ വിശ്വാസം അവരിൽ ദൃഢമൂലമാകട്ടെ.

രോഗിയുടെ ശരീരരക്ഷയ്ക്കെന്നതുപോലെ ആത്മരക്ഷയ്ക്കും വേണ്ട മുൻകരുതലുകൾ ചെയ്യാൻ കുടുംബാംഗങ്ങൾക്കു കടമയുണ്ടു്. ഒരാത്മാവേ ഉള്ളൂ; മരണമാകട്ടെ ഒരിക്കൽമാത്രവും. തന്നിമിത്തം സർവ്വപ്രധാനമായ ആത്മരക്ഷയ്ക്കായി മരണസമയത്തു പാടുള്ളതെല്ലാം ചെയ്യാൻ അവർക്കു ചുമതലയുണ്ടു്. രോഗം അല്പമെങ്കിലും ആപൽക്കരമെന്നു തോന്നിയാൽ വൈദികനെ വരുത്തി പാപസങ്കീർത്തനം നടത്തിക്കണം. ആദ്ധ്യാത്മികകാര്യങ്ങളെക്കുറിച്ചുള്ള ചിന്തയും പാപങ്ങളെക്കുറിച്ചുള്ള മനസ്താപവും ജനിക്കത്തക്കവിധം നല്ല ഉപദേശങ്ങൾ നൽകയും സദ്ഗ്രന്ഥങ്ങൾ വായിച്ചു കേൾപ്പിക്കയും വേണം. രോഗം അപായകരമെന്നു ഏറക്കുറെ ബോദ്ധ്യപ്പെട്ടുകഴിഞ്ഞാലുടനെ ദിവ്യകാരുണ്യം, ഒടുക്കത്തെ ഒപ്രുശുമ മുതലായവ സ്വീകരിക്കുവാൻ രോഗിയെ ഒരുക്കണം. ഇക്കാര്യത്തിൽ മററുള്ളവർ മൗനമവലംബിച്ചുകഴിഞ്ഞാൽ രോഗിയുടെ നിത്യരക്ഷ അപകടത്തിലായേക്കാം. രോഗംനിമിത്തമുള്ള വേദനകൾക്കും മററും ഇടയിൽ രോഗിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞില്ലെന്നുവരാം; മരണത്തെക്കുറിച്ചുള്ള ഭയവും ഇക്കാര്യം നീട്ടിവെക്കുവാൻ രോഗിയെ പ്രേരിപ്പിച്ചേക്കാം. പെട്ടെന്നു ബോധക്ഷയമോ മറേറാ വന്നുപോയാൽ സുബോധത്തോടെ മരണത്തിനൊരുങ്ങുവാൻ സാധിക്കാതേയും വരും. അതിനാൽ മററുള്ളവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ചില സ്ഥലങ്ങളിൽ അപകടകരങ്ങളായ ചില പതിവുകളുണ്ടു്. രോഗിക്കു ഒപ്രുശുമകൊടുക്കുന്നതു് കുടുംബക്കാരെയും ബന്ധുക്കളെയും അറിയിച്ചു് അവരെല്ലാം വന്നുചേർന്നതിനുശേഷമായിരിക്കണംപോലും! രോഗിയുടെ നിത്യരക്ഷ ത്രാസിൽ തൂങ്ങുകയാണെന്നു അവർ മനസ്സിലാക്കുന്നില്ല!! ആർഭാടങ്ങളൊന്നും കൂടാതെ രഹസ്യത്തിൽ ഒപ്രുശുമ നൽകുന്നതായിരിക്കും കൂടുതൽ ക്ഷേമകരം. ഒപ്രുശുമകൊടുത്തു കഴിഞ്ഞാൽ വീട്ടിൽ പണച്ചിലവായി. സന്ദർശകന്മാർ വർദ്ധിക്കുന്നു. സാധുവീടുകളിൽപ്പോലും മുറുക്കാൻചിലവുതന്നെ ഗണ്യമായ ഒരു തുകയോളംവരും. മരുമക്കളുടേയും ബന്ധുക്കളുടേയും വരവും പോക്കും നിമിത്തം ഭക്ഷണച്ചിലവും വളരെ വർദ്ധിക്കും. ഇതെല്ലാം ഓർത്തുകൊണ്ടു ചില കുടുംബനാഥന്മാർ രോഗിയുടെ ഒപ്രുശുമ അവസാനനിമിഷത്തേക്കു നീട്ടിവെക്കുന്നു. ഒടുവിൽ ഒരു പക്ഷെ ഒപ്രുശുമ കിട്ടാതെ അയാൾ മരിക്കയും ചെയ്യുന്നു. രോഗിയുടെ നിത്യജീവനെക്കൊണ്ടു അമ്മാനമാടുവാനുള്ള അവസരമല്ല ഇതെന്നു എല്ലാവരും ഓർക്കണം. ഈവക മാരകങ്ങളായ പതിവുകൾ വലിച്ചെറിയണം. സന്ദർശകന്മാരും ബന്ധുക്കളും കുടുംബനാഥന്റെ പണസംബന്ധമായ കഴിവുകളെ ചൂഷണം ചെയ്യാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കട്ടെ. ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊണ്ടുവരുമ്പോൾ വെള്ളവിതാനങ്ങൾ ചെയ്യുക: എല്ലാവരും മുട്ടുകുത്തുക; അച്ചടക്കം പാലിക്കുക; രോഗിയെ ശുദ്ധവസ്ത്രങ്ങൾ ധരിപ്പിക്കുക; മേശ, തിരികൾ, ഗ്ലാസ്, വെള്ളം, സോപ്പ് മുതലായവ സജ്ജീകരിക്കുക—എന്നിങ്ങനെയുള്ള കൃത്യങ്ങൾ ഭംഗിയായി നിർവ്വഹിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം.

(ജെ. ചെമ്മണൂർ)

---

## സ്കൂൾ ഡിസിപ്ലിൻ

(11-ാം പേജ് തുടർച്ച)

ന്നോക്കം വലിയുന്നു. ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ, തിരു-കൊ. സ്റ്റേററിലെ ഒരു പ്രമുഖകേന്ദ്രവും, നിരവധി വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും ആസ്ഥാനവും, രാഷ്ട്രീയചൈതന്യത്തിന്റെ പവർഹൗസുമായ എറണാകുളത്തു്—വിദ്യാസമ്പന്നരായ ആയിരമായിരം സ്ത്രീപുരുഷന്മാരുടെ താമസസ്ഥലമായ എറണാകുളത്തു്, പത്രമാസികകളുടെ മഹോത്സവശാലയായ എറണാകുളത്തു്—ഉത്തമപാരമ്പര്യത്തോടെ, ഏററവും പ്രശസ്തമായി നടത്തപ്പെടുന്ന സെൻറാൽബർട്ട്സ് ഹൈസ്കൂളിൽ; പൊതുജനസമ്മതിയാർജ്ജിച്ചിട്ടുള്ള ഒരു മാനേജരുടെയും, എല്ലാവരുടെയും കണ്ണിലുണ്ണിയായ ഒരു ഹെഡ്മാസ്റ്ററുടെയും, തഴക്കവും പഴക്കവുമുള്ള സമർത്ഥരായ അദ്ധ്യാപകന്മാരുടെയും നടനരംഗമായി പരിലസിക്കുന്ന സെൻറാൽബർട്ട്സ് സ്കൂളിൽ; വിദ്യാർത്ഥികളുടെ ബുദ്ധിപരവും കായികവും സാന്മാർഗ്ഗികവുമായ പുരോഗമനത്തെ ലാക്കാക്കി അശ്രാന്തപരിശ്രമംചെയ്തുപോരുന്ന സെൻറാൽബർട്ട്സ് സ്കൂളിൽ—ഒരു രക്ഷാകർത്തൃസമാജത്തിന്റെ ഉൽഘാടനം നടത്തപ്പെട്ടു. ആയിരത്തി എണ്ണൂറോളമുള്ള അവിടത്തെ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളെല്ലാം പ്രത്യേകം എഴുത്തുമൂലം ക്ഷണിക്കപ്പെട്ടിരുന്നു. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയായിരുന്നു ഉൽഘാടകൻ. എല്ലാവർക്കും സൗകര്യമുള്ള ഒരു ദിവസമാണു് യോഗം നടത്തപ്പെട്ടതു്. പ്രസ്തുതയോഗത്തിൽ അദ്ധ്യാപകന്മാരെല്ലാവരും സന്നിഹിതരായിരുന്നു; ഒട്ടേറെ വിദ്യാർത്ഥികളുമുണ്ടായിരുന്നു. പക്ഷേ, അൻപതിൽ കൂടുതൽ രക്ഷാകർത്താക്കളില്ലായിരുന്നുവെന്നാണു് എന്റെ ഓർമ്മ. വളരെ പ്രാധാന്യമുള്ള ഒരു മീററിങ്ങിൽ സംബന്ധിക്കുവാൻ ഇമ്മാതിരി അനാസ്ഥ പ്രദർശിപ്പിച്ചവർ, അദ്ധ്യാപകന്മാർക്കു "മര്യാദശമ്പളം" നല്കുന്നതിനും മററുമായി വല്ല പുതിയ നികുതിയും ഗവമ്മേണ്ട് ഏർപ്പെടുത്തുന്നപക്ഷം എന്തായിരിക്കും ചെയ്യുക? അമേരിക്കയിലെ പോർട്ട്ലൻഡ് പട്ടണത്തിലെ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ അധികാരികളോടു സഹകരിച്ചു് വിദ്യാഭ്യാസകാര്യത്തിലനുഷ്ഠിക്കുന്ന സേവനങ്ങളെ, വിശിഷ്യ അദ്ധ്യാപകന്മാരുടെ സുഖസൗകര്യങ്ങൾ സുനിശ്ചിതമാക്കുവാൻ വേണ്ടി സഹിക്കുന്ന ത്യാഗങ്ങളെ, Readers' Digest എന്ന മാസികയിലെ (September 1949 page 93) "Love that Teacher" എന്ന ലേഖനത്തിൽ വിവരിച്ചിട്ടുള്ളതു് നമ്മുടെ പൊതുജനങ്ങളുടെ ശ്രദ്ധയിൽപെട്ടിരുന്നെങ്കിൽ! അദ്ധ്യാപകന്മാരുടെ അസന്തുഷ്ടി സ്കൂൾഡിസിപ്ലിനെ ഒന്നിലധികം തരത്തിൽ ബാധിക്കുമെന്നു എല്ലാവരും സ്മരിക്കണം. (അവർ സ്റ്റ്രൈക്കുചെയ്യേക്കും; അവർക്കുവേണ്ടി ശിഷ്യന്മാരും സ്റ്റ്രൈക്കുചെയ്യും. പൂർവ്വവിദ്യാർത്ഥികൾകൂടി സ്റ്റ്രൈക്കിൽ ചേരുകയില്ലെന്നു് ആരുകണ്ടു!)

ഈ ലേഖനത്തിൽ പുതിയതായി ഒന്നുമില്ലെന്നെനിക്കറിയാം. എല്ലാവർക്കും അറിയാവുന്ന ചെറിയ കാര്യങ്ങളാണു് ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു്. വിവാദവിഷയങ്ങളും കുറേയൊക്കെയുണ്ടു്. പഴയ ഹെഡ്മാസ്റ്റന്മാർക്കു് ഇതിലെ ആശയങ്ങൾ പുത്തരിയായിരിക്കയില്ല. "മണവാള"ന്മാർക്കു പരീക്ഷിച്ചുനോക്കാവുന്നതാണു്.

# സ്കൂൾ ഡിസിപ്ലിൻ

(കെ. ജെ. അഗസ്റ്റിൻ എം. എ. എൽ. റി.)

(തുടർച്ച)

ഒരു സ്കൂളിലെ ഡിസിപ്ലിൻ നന്നാക്കുന്നതിനു് ഒന്നാമതായി ഹെഡ്മാസ്റ്റർ ചെയ്യേണ്ടതു്, സക്കാർസ്കൂളുകളിലെ ചില ഹെഡ്മാസ്റ്റർമാരിൽ ഇന്നു കണ്ടുവരുന്ന "സൂപ്പീരിയോറിററി കോംപ്ലക്സ്" (Superiority Complex) തല്ക്കാലത്തേക്കു മാററിവച്ചു്, സഹാദ്ധ്യാപകന്മാരെ സമന്മാരായി കരുതി, അവരോടു സ്നേഹത്തോടും ബഹുമാനത്തോടുംകൂടി പെരുമാറി, അവരുടെ ഹാർദ്ദമായ സഹകരണം കരസ്ഥമാക്കുകയാണു്. കാഷ്വൽലീവിന്റെ കാര്യത്തിലും, ചിലപ്പോളൊക്കെ "ലെയിററായി" വന്നുപോകുന്ന കാര്യത്തിലും, അത്യാവശ്യം പ്രമാണിച്ചു്, ലഷർ (Leisure) സമയത്തു് വീട്ടിലേക്കോ മററോ പോകുന്ന കാര്യത്തിലും, ഇംക്രിമെന്റ (Increment) റെക്കമെൻഡുചെയ്യുന്ന കാര്യത്തിലും, അധികമൊന്നും പിശുക്കുപിടിക്കാതെ ചില വിട്ടുവീഴ്ചകളൊക്കെ ചെയ്തുകൊടുത്താൽ അദ്ധ്യാപകരു തൃപ്തിയായി. വക്കു് അലോട്ടു ചെയ്യുന്നതിലും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ നല്കുന്നതിലും പാർഷ്യാലിററി കാണിക്കാതെ, കഴിയുന്നതും എല്ലാവരോടും ആലോചിച്ചു്, നീതിബോധത്തോടെ, സ്കൂളിന്റെ ഉത്തമതാല്പര്യങ്ങളെ ബലികഴിക്കാതെ പ്രവർത്തിച്ചാൽ ആരും പരിഭവിക്കുകയില്ല. ചിലപ്പോൾ ചില അദ്ധ്യാപകന്മാർ കുസൃതിക്കുട്ടികളോടു ഗുസ്തിപിടിക്കേണ്ടിവരും; അപ്പോളെല്ലാം ഹെഡ്മാസ്റ്ററുടെ പിൻതുണ തങ്ങൾക്കുണ്ടാകുമെന്നു് അവർക്കു വിശ്വാസം വേണം. കുട്ടികളോടു അനീതി ചെയ്യണമെന്നല്ല ഞാൻ പറയുന്നതു്. അവരുടെയിടയിൽ തനിക്കുള്ള "പോപ്പുലാരിററി" നഷ്ടപ്പെട്ടെങ്കിലോ എന്നു ഭയപ്പെട്ടു്, പരീക്ഷണഘട്ടങ്ങളിൽ അദ്ധ്യാപകനെ കൈവിട്ടുകളയരുതെന്നാണു് എന്റെ വിവക്ഷ. അതുപോലെതന്നെ, ചില അദ്ധ്യാപകന്മാരുടെ ധനസ്ഥിതിയേയോ പ്രബലമായ "കെട്ടുപാടു"കളേയോ സ്വാധീനശക്തിയേയോ മുൻനിറുത്തി, അവരെ "എഴുന്നള്ളിച്ചു"കൊണ്ടുനടക്കുന്നതും വ്യക്തിപരമായ കാരണങ്ങളാൽ സ്വതന്ത്രബുദ്ധികളായ അദ്ധ്യാപകന്മാരുടെ നേർക്കു് അധികാരവജ്റായുധം പ്രയോഗിക്കുന്നതും മേലധികാരികളുടെ പക്കൽ അദ്ധ്യാപകന്മാരെപ്പററി "ആളും തരവും നോക്കി" പൊക്കിയും താഴ്ത്തിയും റിപ്പോർട്ടു സമർപ്പിക്കുന്നതും സ്റ്റാഫ് അംഗങ്ങൾ പൊതുവേ വെറുക്കുകയും വെറുക്കുകയും ചെയ്യും. സ്കൂളിലെ എല്ലാ അദ്ധ്യാപകന്മാരുടെയും സഹകരണം സമ്പാദിക്കുന്ന ഹെഡ്മാസ്റ്റർക്കു്, ഒരു "ഉരുക്കുമനുഷ്യ"നെപ്പോലെ, ഡിസിപ്ലിൻ പ്രശ്നത്തെയും, മററു പ്രശ്നങ്ങളെയും സധൈര്യം അഭിമുഖീകരിക്കാം.

ചിലരുടെ "സൂപ്പീരിയോറിററി കോംപ്ലക്സി"ന്റെ "പാരമ്യം" കാണിക്കുന്ന പല സംഭവകഥകളുമുണ്ടു്. കൊച്ചിയിലെ ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്റർക്കു് ആരെങ്കിലും തന്റെ പ്രൈവററു മുറിയിൽ തന്നോടൊപ്പം ഇരിക്കുന്നതു വളരെ അസുഖകരമായിരുന്നു. എല്ലാവരും കച്ചേരിയിലെപ്പോലെ നിന്നുകൊണ്ടു കാര്യങ്ങൾ പറയണമെന്നായിരുന്നു ആഗ്രഹം. അതിനാൽ അദ്ദേഹത്തിന്റെ കസാലയൊഴിച്ചു വേറൊരു കസാലയോ ഒരു ബെഞ്ചോ ആ മുറിയിൽ ഉണ്ടായിരുന്നില്ല. ഒരു ദിവസം ആ സ്കൂളിലെ ഒന്നാമസിസ്റ്റന്റു കാര്യവശാൽ ഹെഡ്മാസ്റ്ററെ കാണാൻ ചെന്നു. അപ്പോൾ അദ്ദേഹം ക്ലാസ്സിലായിരുന്നു. മണിയടിക്കുന്നതിനു രണ്ടു മൂന്നു മിനിട്ടുകൂടിയുണ്ടു്. ഹെഡ്മാസ്റ്റർ വരുന്നതുവരെ കാത്തിരിക്കാമെന്നു കരുതി, ഗ്രഹപ്പിഴയ്ക്കു് ഹെഡ്മാസ്റ്ററുടെ കസാലയിൽ കയറിയിരുന്നു. ക്ലാസ്സുകഴിഞ്ഞു തിരിച്ചുവന്ന ഹെഡ്മാസ്റ്റർ ഘോരമായ ഒരു സിംഹവീക്ഷണം നടത്തി; കാര്യം പറഞ്ഞശേഷം മാസ്റ്റർപോയി. അരമണിക്കൂറുകഴിഞ്ഞപ്പോൾ ഫസ്റ്റസിസ്റ്റന്റിനു മെമ്മോ. ഹെഡ്മാസ്റ്ററുടെ കസാലയിലിരുന്നതിനു സമാധാനം ബോധിപ്പിക്കാൻ!! അതിനെ തുടർന്നു രണ്ടുപേരുംതമ്മിലുണ്ടായ വടംവലി എഴുത്തുകുത്തും ഡയറക്ടറുടെപക്കൽവരെ എത്തി. ചീഫ് ഇൻസ്പെക്ടർ കേസന്വേഷണത്തിനു വന്നു. പാവപ്പെട്ട മാസ്റ്റർക്കു് ഒടുവിൽ ഒരു "വാർണിംഗു" കിട്ടി. ആ ഹെഡ്മാസ്റ്റർ ഇന്നും ജീവിച്ചിരിക്കുന്നു. അതാണത്ഭുതം!

പക്ഷേ, വിദ്യാർത്ഥികളോടുള്ള പെരുമാററത്തിൽ ഹെഡ്മാസ്റ്റർ ഒരിക്കലും "ഉരുക്കുമനുഷ്യ"നായിരിക്കരുതു്. "Amor vincit omnia" (സ്നേഹം എല്ലാത്തിനെയും ജയിക്കുന്നു) എന്നുള്ള ചൊല്ലു്, ഗുരുശിഷ്യബന്ധത്തിലും വളരെ പരമാർത്ഥമാണു്. വിദ്യാർത്ഥികളെ ഭയപ്പെടുത്തുവാൻ ഒരു ഹെഡ്മാസ്റ്റർക്കു് പ്രയാസമില്ല. പക്ഷേ, അതുമൂലം അവരുടെ സ്നേഹവും ബഹുമാനവും വിശ്വാസവും നഷ്ടപ്പെട്ടേക്കും. ചിലപ്പോളെല്ലാം നേരമ്പോക്കുകൊണ്ടു് അവരെ രസിപ്പിക്കുകയും ചിരിപ്പിക്കുകയും സൗകര്യമുള്ളപ്പോൾ അവരോടൊന്നിച്ചു കളിക്കുകയും അവർക്കുവേണ്ടി ചിലപ്പോളെല്ലാം വിനോദപ്രകടനങ്ങൾ ഏർപ്പാടുചെയ്യുകയും അദ്ധ്യാപകന്മാരും ഹെഡ്മാസ്റ്ററും അവരോടൊന്നിച്ചു നാടകമഭിനയിക്കുകയും മററും ചെയ്യുമെങ്കിലോ, അതിവിശേഷം! തങ്ങളുടെ എളിയകഴിവുപോലെ ചില പാവപ്പെട്ട വിദ്യാർത്ഥികൾക്കു ഫീസിനും പുസ്തകത്തിനുംമററുമായി അദ്ധ്യാപകന്മാർ ധനസഹായംചെയ്യുമെങ്കിൽ വിദ്യാർത്ഥിലോകത്തിൽനിന്നും അവർക്കുലഭിക്കുന്ന അഭിനന്ദനം ശതഗുണീഭവിക്കും.

ചില ഹെഡ്മാസ്റ്റർമാർക്കും അദ്ധ്യാപകന്മാർക്കും പിണയുന്ന വലിയൊരബദ്ധം, കുട്ടികളോടുള്ള പെരുമാററത്തിൽ അവരുടെ മാതാപിതാക്കന്മാരുടെ ധനസ്ഥിതി, ഉദ്യോഗപ്രൗഢി മുതലായവയോടുള്ള ആദരവു് വേണ്ടതിലധികം പ്രകടിപ്പിക്കുന്നുവെന്നുള്ളതാണു്. മോണിറററ്സ്ഥാനം, സിക്രട്ടറിസ്ഥാനം, കമ്മിററിമെമ്പർസ്ഥാനം മുതലായവയ്ക്കു ആളെ നിർദ്ദേശിക്കുമ്പോൾ, അയോഗ്യരായാൽപ്പോലും ഇക്കൂട്ടർക്കു ചിലപ്പോൾ മുൻഗണന നല്കുന്നു. സമ്മാനദാനങ്ങളിലും പ്രൊമോഷനിലും ശിക്ഷയിലുംകൂടി ചിലപ്പോൾ ഈ "പ്രത്യേകത" ദൃശ്യമാകുന്നു. പ്രബലനായ പിതാവിന്റെ വികൃതിക്കുട്ടി വലിയ തെററുചെയ്താലും, റെക്കമെൻഡേഷന്റെയും സന്ദർശനത്തിന്റെയും മററും ഫലമായി, അവനുള്ള ശിക്ഷ തേഞ്ഞുമാഞ്ഞു പോകുന്നു; നേരെമറിച്ചു്, പിൻബലമില്ലാത്ത കുട്ടികൾക്കു് പിഴയും അടിയും തെരുതെരെ! ഇതിന്റെയെല്ലാം ഫലമനുഭവിക്കേണ്ടിവരുന്നതു്, വല്ല സ്ട്രൈക്കോ മററോ സ്കൂളിൽ പൊട്ടിപ്പുറപ്പെടുമ്പോളായിരിക്കുമെന്നു് ഓർമ്മവേണം!

നയജ്ഞനായ ഒരു ഹെഡ്മാസ്റ്റർ ചില ഭരണതന്ത്രങ്ങളെല്ലാം പ്രയോഗിക്കേണ്ടിവരും. (ഇതു പരമരഹസ്യമാണു കേട്ടോ!) സ്കൂളിലെ കായികവിനോദവിദഗ്ധന്മാരെയും (Sportsmen) അവരുടെ നേതാവായ ഫിസിക്കൽ ഡയറക്ടറേയും പ്രോത്സാഹിപ്പിച്ചു പ്രീണിപ്പിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കും. ഓരോ ക്ലാസിലെയും ഏററവും കുസൃതികളായ കുട്ടികളോടു്, അധികാരത്തിന്റെയും സ്ഥാനഗൗരവത്തിന്റെയും പരിധിവിടാതെ, പ്രത്യേകവാത്സല്യം കാണിച്ചു വശീകരിച്ചാൽ അവരെ വളരെ മര്യാദക്കാരായി എളുപ്പത്തിൽ രൂപാന്തരപ്പെടുത്താം. വീണ്ടുവിചാരമില്ലാത്ത കുട്ടികൾ വലിയ കുററങ്ങൾ ചെയ്താൽപ്പോലും, അവരുടെ ഭാവി നശിക്കാനിടയുള്ള ശിക്ഷ നല്കുന്നതു്, മററു മാർഗ്ഗമൊന്നുമില്ലെങ്കിലേ പാടുള്ളൂ. ഇംഗ്ലണ്ടിലെ സുപ്രസിദ്ധ ഹെഡ്മാസ്റ്റർമാരിലൊരാളായിരുന്ന ഡാക്ടർ ആർനോൾഡ് ചെയ്തതുപോലെ, സ്കൂളിലെ ഏററവും ഉയർന്ന ക്ലാസിലെ വിദ്യാർത്ഥികൾക്കു ചില പ്രത്യേക അധികാരാവകാശങ്ങൾ നല്കുന്നതു നന്നു്. പഠനത്തിലും സ്വഭാവശുദ്ധിയിലും നേതൃത്വവാസനയിലും മികച്ച കുട്ടികളെ ഉൾപ്പെടുത്തി ഒരു കമ്മിററിയുണ്ടാക്കി, അവർക്കു് ഏററം അഭിമതനായ ഒരദ്ധ്യാപകന്റെ നേതൃത്വത്തിൽ, അവരെക്കൊണ്ടു സ്കൂളിൽ ചില സേവനങ്ങൾ അനുഷ്ഠിപ്പിക്കുന്നതു കൊള്ളാം. വാർഷികാഘോഷങ്ങളും മററും "പൊടിപൊടിച്ചു" നടത്തണം. തിരുവനന്തപുരത്തെ സെന്റു ജോസഫ്സ് സ്കൂളിലെ ആഘോഷം, പണ്ടു്, ഒരാഴ്ചയോളം നീണ്ടുനിന്നതു ഞാനോർക്കുന്നു. വിദ്യാർത്ഥികളുടെ വകയായ പ്രദർശനങ്ങളും മററും വളരെ "വിസ്തരിച്ചു" നടത്തിയിരുന്നു. ആഘോഷം കഴിയുമ്പോൾ, പരമവികൃതികളായിരുന്ന അവിടത്തെ വിദ്യാർത്ഥികൾ, "പഞ്ചാരായി", അവരുടെ "കുരുകുരു"പ്പെല്ലാം ഉരുക്കിക്കളഞ്ഞു് ശാന്തരായി, പഠനത്തിനു കൂടുതൽ സന്നദ്ധരായിത്തീർന്നിരുന്നു. സുപ്രസിദ്ധ "ഡിസിപ്ലിനേറിയ"നായിരുന്ന അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ കൊളന്തസാമിപ്പിള്ളയുടെ അഭിപ്രായത്തിൽ, ആ ഒരാഴ്ചകൊണ്ടു് അത്ഭുതാവഹമായ പരിവർത്തനമാണു് വിദ്യാർത്ഥികളിലുണ്ടായിക്കണ്ടിരുന്നതു്!

തന്റെ സ്കൂളിനെ എല്ലാററിലുമുപരിയായി സ്നേഹിക്കുന്നതിനും, സഹപാഠികളെ സ്വകുടുംബാംഗങ്ങളെപ്പോലെ കരുതുന്നതിനും, സ്കൂളിന്റെ പ്രശസ്തിയിൽ അഭിമാനംകൊള്ളുന്നതിനും ഓരോ വിദ്യാർത്ഥിയെയും പ്രേരിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യണം. ഹൈസ്കൂൾ വിദ്യാർത്ഥികളിൽ അത്തരമൊരു മനോഗതി സൃഷ്ടിക്കുവാൻ വളരെ എളുപ്പമാണു്. മററുള്ള സ്കൂളുകളുമായി കായികമത്സരം, വാദപ്രതിവാദമത്സരം, പ്രഭാഷണമത്സരം, പ്രബന്ധമത്സരം മുതലായവ ഇടയ്ക്കിടെ നടത്തിയാൽ, ഈ മനോഭാവം താനെ വളർന്നുകൊള്ളും. സ്ഥലത്തുള്ള ഏതെങ്കിലുമൊരു സ്കൂളുമായി കളികളിലെന്നപോലെ പഠനത്തിലും മാത്സര്യബുദ്ധി വളർത്തിയാൽ, വിജയത്തിനുവേണ്ടി, വിദ്യാർത്ഥികൾ ഏതു ത്യാഗവും ചെയ്യുവാൻ സന്നദ്ധരായിരിക്കും. എന്നാൽ, അധികൃതന്മാർ പ്രത്യേകം ശ്രദ്ധിച്ചില്ലെങ്കിൽ സ്നേഹപൂർവ്വമായമത്സരത്തിനുപകരം അപകടകരമായ അടികലശലായിരിക്കും ഫലം.

സ്കൂൾഡിസിപ്ലിൻ നന്നാക്കുന്നതിനു് സ്കൂളധികൃതന്മാരും രക്ഷാകർത്താക്കളും തമ്മിലുള്ള സമ്പർക്കവും മൈത്രിയും കഴിയുന്നത്ര ദൃഢീകരിക്കണമെന്നുള്ള വിശ്വാസത്തിന്റെ ഫലമായി, രക്ഷാകർതൃസമാജങ്ങളും പൂർവ്വവിദ്യാർത്ഥിസംഘങ്ങളും സ്കൂൾകമ്മിററികളും പലേ സ്കൂളുകളിലും സ്ഥാപിച്ചുവരുന്നുണ്ടല്ലോ. ഇക്കാര്യത്തിൽ എനിക്കൊരു നിർദ്ദേശമുള്ളതു്, കമ്മിററികളിൽ <u>ചെറുപ്പക്കാരായ</u> പൂർവ്വവിദ്യാർത്ഥികൾക്കു മുൻഗണന നല്കണമെന്നാണു്. ഏതെങ്കിലുമൊരു ദുർഘടസന്ധി സ്കൂളിൽ സമാഗതമാകുന്നപക്ഷം, വൃദ്ധന്മാരെക്കാൾ കൂടുതലായി വിദ്യാർത്ഥികൾ ചെവിക്കൊള്ളുന്നതു് ചെറുപ്പക്കാരെയായിരിക്കും.

ഓരോ ടേമിലെയും പരീക്ഷ കഴിയുമ്പോൾ ഓരോ വിദ്യാർത്ഥിയുടെ വീട്ടിലേക്കും പ്രോഗ്രസ് റിപ്പോർട്ടു കൊടുത്തയക്കുന്ന ഏർപ്പാടു മിക്കവാറും എല്ലാ സ്കൂളുകളിലുമുണ്ടല്ലോ. പക്ഷേ, തോററ കുട്ടികൾ മടക്കിക്കൊണ്ടുവരുന്ന റിപ്പോർട്ടിൽ ഇട്ടിട്ടുള്ള ഒപ്പു് രക്ഷാകർത്താവിന്റേതുതന്നെ ആയിരിക്കുമോ എന്നുമാത്രമേ സംശയമുള്ളൂ. പണ്ടു കൊച്ചിയിൽ ഒരു വി. പി. (Visit to Pupils) സമ്പ്രദായമുണ്ടായിരുന്നു. ഓരോ ടേമിലും (Term) അദ്ധ്യാപകൻ തന്റെ ക്ലാസിലെ എല്ലാകുട്ടികളുടെയും വീടു സന്ദർശിച്ചു് അവരെപ്പററി രക്ഷാകർത്താക്കളോടു സംസാരിച്ചിരിക്കണമെന്നായിരുന്നു അന്നത്തെ നിയമം. ആ സമ്പ്രദായം പുനരുജ്ജീവിപ്പിക്കുന്നതിനു് എന്താണൊരു വിരോധം? 1920-ൽ ഞാൻ കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നപ്പോളത്തെ "വി. പി."യുടെയും, സല്ക്കാരങ്ങളുടെയും സ്വാദു് ഇന്നും മറന്നിട്ടില്ല!

വിദ്യാർത്ഥികളുടെ തെററുകളെപ്പററി രക്ഷാകർത്താക്കളോടു "റിപ്പോർട്ടു" ചെയ്യുമ്പോൾ, ഒരു കാര്യത്തിൽ മനസ്സിരുത്തണം. ചീത്തക്കുട്ടികളെപ്പററിയായാലും, അവരുടെ അപരാധങ്ങളെ അതിശയോക്തിയാൽ പർവ്വതീകരിക്കരുതു്; കഴിയുന്നതും ലഘൂകരിച്ചു പറയുന്നതു് അത്യുത്തമം; അതോടുകൂടി അവരുടെ ഗുണഗണങ്ങളെപ്പററിയുള്ള "അല്പസ്വല്പ" പ്രശംസകളും വേണം. നിർദ്ദയമായ റിപ്പോർട്ടയക്കുന്ന അദ്ധ്യാപകനോടു ഭയമുണ്ടാകുമെന്നതു ശരിയാണു്; പക്ഷേ, അതോടുകൂടി രഹസ്യമായ വെറുപ്പുമുണ്ടായിരിക്കും. സ്നേഹവും വിശ്വാസവും നശിക്കാനുമിടയുണ്ടു്. ഡോംബോസ്കോ, ഫാദർ പ്ലാംഗലൻ മുതലായവർ "പരമകേഡി"കളായ കുട്ടികളെപ്പോലും ഉത്തമ പൗരന്മാരാക്കിത്തീർത്തതിന്റെ രഹസ്യം അന്വേഷിച്ചു പഠിക്കുന്നതു് എല്ലാവർക്കും നന്നു്; അദ്ധ്യാപകന്മാർക്കു പ്രത്യേകിച്ചും, കുട്ടികളെ വശീകരിക്കുന്നതിനുള്ള ഏററവും നല്ല മരുന്നു്, അവരുടെ ആത്മാഭിമാനത്തെ കുറച്ചൊന്നു "തലോലിക്കു"കയാണു്. പ്രശംസയും പ്രോത്സാഹനവുംകൊണ്ടു് ആനന്ദിപ്പിക്കുന്ന അദ്ധ്യാപകനോടു്, ഒരു സുഹൃത്തിനോടെന്നപോലെ എല്ലാകാര്യങ്ങളും ചെറിയ വിദ്യാർത്ഥി തുറന്നു പറയും; ചിലപ്പോൾ സ്വന്തം പിതാവിനെക്കാൾ കൂടുതലായി അദ്ദേഹത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യും. കുസൃതിക്കുട്ടികൾ വീട്ടിൽ ചെയ്യുന്ന വികൃതികളെപ്പററിയും, അവരുടെ നിരങ്കുശത്വത്തെപ്പററിയുമുള്ള വിലാപവും, "അപ്പീലും", പലേ പിതാക്കളിൽനിന്നും ചില മാസ്റ്റന്മാർക്കു ലഭിക്കാറുണ്ടല്ലോ. അദ്ധ്യാപകന്റെ സ്നേഹപൂർവ്വകമായ ഉപദേശം, കാരണവരുടെ ശകാരവർഷത്തേയും ശിക്ഷയേയുംകാൾ കൂടുതൽ ഫലപ്രദമായി കണ്ടിട്ടുള്ളതിനുദാഹരണങ്ങളും സുലഭമാണു്.

സ്കൂൾഭരണവിജയത്തിനുള്ള "ക്രെഡിററു" മുഴുവൻ ഹെഡ്മാസ്റ്റർക്കു നല്കാമോ എന്നു ചിലർ ചോദിച്ചേക്കാം. ഹെഡ്മാസ്റ്റർ എത്ര സമർത്ഥനായിരുന്നാലും, അദ്ധ്യാപകന്മാർ അജ്ഞരും അപ്രാപ്തരും അതൃപ്തരുമാണെങ്കിൽ അവിടെ എങ്ങനെ ഡിസിപ്ലിനും കാര്യക്ഷമതയുമുണ്ടാകുമെന്നു മററു ചിലർ ചോദിച്ചേക്കാം. "വീരാരാധനം" പ്രചാരത്തിലിരുന്ന പഴയകാലങ്ങളിലെപ്പോലെ, ഹെഡ്മാസ്റ്റന്മാരെ സർവ്വാധിപതികളും സ്വേച്ഛാധിപന്മാരുമായി സങ്കല്പിക്കുന്നതും "അവരോധി"ക്കുന്നതും, ഈ ജനഹിതഭരണയുഗത്തിൽ സാദ്ധ്യമല്ല എന്നായിരിക്കാം മററു ചിലരുടെ ചോദ്യം. മൂന്നാമത്തെ ചോദ്യത്തിനു മറുപടിയായി വളരെയധികം പറയാൻ കഴിയും. "ഡിസിപ്ലിൻ" നശിച്ചു്, പ്രജായത്തം അരാജകത്വമാകുമ്പോളുള്ള ഏകരക്ഷാമാർഗ്ഗം "സ്വേച്ഛാധിപന്മാരാണു്" എന്നായിരിക്കും അതിന്റെ രത്നച്ചുരുക്കം. പക്ഷേ ഇവിടെ ഇമ്മാതിരി ചോദ്യോത്തരങ്ങൾ ഉദിക്കുന്നില്ല. ഞാൻ മുകളിൽ വിഭാവനം ചെയ്തിട്ടുള്ള ഹെഡ്മാസ്റ്റർ "സ്വേച്ഛാധിപൻ" (Dictator) അല്ല. അദ്ധ്യാപകന്മാരുടെ സഹകരണമില്ലാതെ ഹെഡ്മാസ്റ്റർക്കു വിജയം കരസ്ഥമാക്കാമെന്നു ഞാൻ പറഞ്ഞിട്ടില്ല, പറയുകയുമില്ല.

"പൊതുജനങ്ങൾ" നമ്മുടെ വിദ്യാഭ്യാസകാര്യത്തിൽ ഇന്നു കാണിക്കുന്ന അശ്രദ്ധ ദയനീയമാണു്. ഗവർമ്മെണ്ടിനെയും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെയും പരിഹസിക്കുന്നതിലും, അദ്ധ്യാപകന്മാരെയും വിദ്യാർത്ഥികളെയും ശകാരിക്കുന്നതിലും ചില "പൊതുക്കാര്യപ്രസക്ത"ന്മാർ ഇന്നു കാണിക്കുന്ന ഉത്സാഹത്തിന്റെ പത്തിലൊന്നു്, സ്വന്തം കുട്ടികളുടെ പഠനകാര്യത്തിലും, അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ "ഉദ്ധാരണ"കാര്യത്തിലും, സൃഷ്ടിപരമായ മററു പ്രവർത്തനങ്ങളിലുമുണ്ടായിരുന്നെങ്കിൽ! നമ്മുടെ മന്ത്രിമാരും നേതാക്കന്മാരും പത്രങ്ങളും ചെയ്യുന്ന ആഹ്വാനങ്ങളെ രക്ഷാകർത്താക്കൾ അവഗണിക്കുന്നതു ശോചനീയമാണു്. സ്കൂളുകളിൽ നടത്തപ്പെടുന്ന ആഘോഷങ്ങളിൽ സംബന്ധിക്കാൻ രക്ഷാകർത്താക്കൾ "റഡി"യാണു്. പക്ഷേ, "കാര്യത്തോടടുക്കു"മ്പോൾ പലരും പി

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 23 Ernakulam June 21 1950 No. 41


വിമർശനവീഥി

## ആദത്തിന്റെ ദുഷ്ടബുദ്ധിയാൽ ദൈവം പ്ലാൻ ഭേദപ്പെടുത്തണമോ?

ദൈവം തന്റെ സ്നേഹത്താൽ ആദത്തെ ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചു. മനുഷ്യനായ ആദത്തിനു മനുഷ്യത്വത്തിനുംപുറമെ മനുഷ്യപ്രകൃതിക്ക് ഒരുവിധത്തിലും അർഹതയില്ലാത്ത പ്രകൃത്യതീതങ്ങളും പ്രകൃത്യേതരങ്ങളുമായ മഹാവിശിഷ്ടദാനങ്ങൾ കൂടുതലായ സ്നേഹത്തിന്റെ പ്രേരണയാൽ ദൈവം നല്കി. ആ ദാനങ്ങൾ ആദത്തിനു നഷ്ടപ്പെടാതിരിക്കണമെങ്കിൽ, എന്നെന്നും ആദത്തിനു് അനുഭവിക്കുവാൻ ഇടവരണമെങ്കിൽ, താൻ നല്കുന്ന ഒരു പ്രത്യേകകല്പന ആദം അനുസരിക്കണമെന്നു് ദൈവം ഒരു വ്യവസ്ഥയും ചെയ്തു. ആദത്തിനു പ്രകൃത്യാ അർഹതയില്ലാത്ത, താൻ കേവലം സൗജന്യമായി നല്കുന്ന, ദാനങ്ങളുടെ കാര്യത്തിൽ തനിക്കിഷ്ടമുള്ള (ആദത്തിന്റെ കഴിവിൽ അടങ്ങിയ) വ്യവസ്ഥ ചെയ്യുവാൻ ദൈവത്തിനവകാശമുണ്ടു്. എന്നാൽ ദൈവം ചെയ്ത വ്യവസ്ഥ ആദത്തിന്റെ ആത്മാഭിമാനത്തിനു് ഏററവും യോജിച്ചതായിരുന്നു. പ്രസ്തുതദാനങ്ങളും അവവഴിയായി ലഭിക്കാവുന്ന സൗഭാഗ്യവും ആ വ്യവസ്ഥയുടെ നിർവഹണത്തിന്റെ സമ്മാനമായി തന്നെ അനുഭവിക്കുവാൻ ആദത്തിനു സന്ദർഭം കൊടുക്കുകയാണു് ദൈവം ചെയ്തതു്. ഇതും ആദത്തിന്റെ നേരെയുള്ള സ്നേഹത്താൽ പ്രേരിതമാണെന്നുവേണം ധരിക്കുവാൻ. എന്നാൽ ആദം വ്യവസ്ഥയനുസരിച്ചു പ്രവർത്തിച്ചില്ല. ദൈവം നല്കിയ ആ പ്രത്യേകകല്പന ആദം ലംഘിച്ചു. അതിന്റെ ഫലമായി പ്രസ്തുത പ്രകൃത്യതീതവരദാനങ്ങളും, പ്രകൃത്യേതരവരദാനങ്ങളും, അവവഴി ലഭിക്കാമായിരുന്ന സൗഭാഗ്യവും ആദത്തിനു നഷ്ടപ്പെട്ടു. ഇതിൽ ആദത്തെ പഴിക്കുവാനല്ലാതെ ദൈവത്തെ പഴിക്കുവാൻ യാതൊരു ന്യായവുമില്ലെന്നു നമ്മുടെ സാമാന്യബുദ്ധി നമ്മെ ഉദ്ബോധിപ്പിക്കുന്നില്ലയോ?

### ഒരു ഉപമ

ഒരു രാജാവു് തന്റെ പ്രജകളിൽ ഏററവും അധഃകൃതനും പാമരനും അജ്ഞാതനുമായ ഒരുവനെ ഏതാണ്ടു തന്നോളംതന്നെ ഉന്നതമായ നിലയിലേക്ക് ഉയർത്തിവയ്ക്കുന്നു. അതിനുവേണ്ട സകലദാനങ്ങളും അയാൾക്കു രാജാവു നൽകുന്നു. ഈ ഉന്നതസ്ഥാനത്തേക്കും അതിനനുസരണമായ ദാനങ്ങൾക്കും പ്രകൃത്യാ യാതൊരർഹതയും അയാൾക്കില്ല. അവയെല്ലാം രാജാവിന്റെ സൗജന്യങ്ങൾമാത്രമാണു്. എന്നാൽ ഈ സൗജന്യദാനങ്ങളെല്ലാം നിരുപാധികം രാജാവു നല്കണമെന്നില്ലല്ലോ. സൗജന്യദാനം നല്കുന്ന രാജാവിനു് ഇഷ്ടമുള്ള വ്യവസ്ഥ നിശ്ചയിക്കുവാൻ അവകാശമുണ്ടു്. പ്രസ്തുത വ്യവസ്ഥ ആ മനുഷ്യന്റെ നിർവ്വഹണപ്രാപ്തിയിൽ ഉൾപ്പെട്ടതായിരിക്കണമെന്നോ, അയാളുടെ ആത്മാഭിമാനത്തിനു യോജിച്ചതായിരിക്കണമെന്നോ, ഉള്ളു. അയാൾ നിർഭാഗ്യവശാൽ ആ വ്യവസ്ഥയനുസരിച്ചു പ്രവർത്തിക്കുന്നില്ല. അങ്ങനെ രാജാവിനോടു് അവിശ്വസ്തത കാണിക്കുന്നു. അക്കാരണത്താൽ രാജാവു് അയാളുടെ പഴയ അധഃകൃതവും പാമരവും അജ്ഞാതവുമായ നിലയിലേക്കു് അയാളെ താഴ്ത്തുന്നു. താൻ നല്കിയ ദാനങ്ങളെല്ലാം അയാളിൽനിന്നു രാജാവു് എടുത്തുകളയുന്നു. മാത്രമല്ല തന്നെ ഏററവും സ്നേഹിച്ചു, ബഹുമാനിച്ചു, രാജാവിനോടു് നന്ദികേടും എതിർപ്പും കാണിച്ച ദ്രോഹി എന്ന അപലപനത്തിനും അവമാനത്തിനും ലോകദൃഷ്ടിയിൽ അയാൾ പാത്രീഭൂതനാവുകയും ചെയ്യുന്നു. ഇതിൽ അയാളെയല്ലാതെ രാജാവിനെ പഴിക്കുവാൻ യാതൊരു ന്യായവുമില്ലെന്നു് ആരും സമ്മതിക്കും. ഇതൊരുപമയാണു്. ദൈവം ആദത്തോടു പെരുമാറിയതും, ഉപമയിൽ രാജാവു് അധഃകൃതനോടു പെരുമാറിയതും തമ്മിൽ പരിപൂർണ്ണമായ സാമ്യമില്ല. രണ്ടും തമ്മിൽ വ്യത്യാസങ്ങൾ പലതുമുണ്ടു്. എന്നുവരികിലും വ്യവസ്ഥകൾ നിശ്ചയിച്ച കാര്യത്തിലും അവ അനുസരിക്കപ്പെടാഞ്ഞതിനാൽ സംഭവിച്ച നഷ്ടത്തിന്റെ കാര്യത്തിലും രണ്ടുംതമ്മിൽ ഏതാണ്ടൊരു സാമ്യമുണ്ടെന്നു പറയാം.

### ദൈവത്തിന്റെ പ്ലാൻ ഭേദപ്പെടുത്താമായിരുന്നില്ലേ?

വലിയ പരോപകാരിയായ, സ്വാർത്ഥലേശംകൂടാതെ പരോപകാരം ചെയ്തുകൊണ്ടിരിക്കുന്ന, ഒരു മാന്യനെ ഒരു സ്വീകരണം നല്കി ബഹുമാനിക്കണമെന്നു് അദ്ദേഹത്തിന്റെ നാട്ടുകാർ ആഗ്രഹിക്കുന്നു. അതേററവും സമുചിതമായ ഒരുദ്യമമാണല്ലോ. അതു ചെയ്യണമെന്നു നിശ്ചയിക്കുവാൻ ആ നാട്ടുകാർക്കു പൂർണ്ണമായ സ്വാതന്ത്ര്യവും അവകാശവുമുണ്ടു്. ആ ഉദ്യമം മററു യാതൊരുത്തർക്കും ഉപദ്രവം ചെയ്യുന്നതല്ല. ആരുടെയും അവകാശത്തിനു് അതു ഭംഗം വരുത്തുന്നുമില്ല. ആകയാൽ ആ ഉദ്യമത്തെ തടയുവാനോ അതിനെ താറുമാറാക്കുവാനോ ആർക്കും പാടുള്ളതല്ല.

എന്നാൽ ആ നാട്ടുകാരിലൊരാൾക്കു പ്രസ്തുത ഉദ്യമം ഇഷ്ടപ്പെടുന്നില്ല. അയാൾ അതു താറുമാറാക്കാൻ നിശ്ചയിച്ചിരിക്കുന്നു. ആ വിവരം അറിയുന്ന നാട്ടുകാർ അയാളെ ആ ദുർന്നടപടിയിൽനിന്നു പിന്മാറുവാൻ കഴിയുന്നതെല്ലാം ശ്രമിക്കുന്നു. അയാൾ അശേഷം വഴിപ്പെടാതെ മുൻനിശ്ചയത്തിൽ തന്നെ ഉറച്ചുനില്ക്കുകയാണു്. നാട്ടുകാർ പ്രസ്തുത മാന്യനു സ്വീകരണം നല്കുന്ന സമ്മേളനത്തിൽ ബലമായി പ്രവേശിച്ചു ബഹളമുണ്ടാക്കുവാനാണു് അയാളുടെ ഒരുക്കം. അതിന്റെ ഫലമെന്തായിരിക്കുമെന്നു ആർക്കും മുൻകൂട്ടി കാണാമല്ലോ. അയാൾ യാതൊരു ന്യായവും കൂടാതെ ബലാൽക്കാരേണ സമ്മേളനത്തിൽ കടന്നുചെന്നു ബഹളമുണ്ടാക്കുമ്പോൾ പോലീസിന്റെ ബന്ധനം അയാളനുഭവിക്കേണ്ടിവരും. ഒരുപക്ഷേ ദേഹോപദ്രവവും അവമാനവുമായിരിക്കും അയാളനുഭവിക്കേണ്ടിവരിക. ഇതെല്ലാമറിഞ്ഞിട്ടും ആ ദുർന്നടപടിയിൽനിന്നു പിൻവലിയുവാൻ അയാൾക്കു മനസ്സില്ല. അപ്പോളിതാ വരുന്നു ചില മെയാലുക്കൾ. സ്വീകരണം നടത്തുന്നവരോടു് അവർ ഇങ്ങനെ പറയുകയാണു്: മേലായി സ്വീകരണം വേണ്ടെന്നുവയ്ക്കുക. സ്വീകരണം നടത്തിയാൽ ആ മനുഷ്യൻ വന്നു ബഹളമുണ്ടാക്കും. അപ്പോൾ പോലീസിന്റെ സഹായം വേണ്ടിവരും. പോലീസു് ഇടപെട്ടാലും അയാളടങ്ങുകയില്ല. അയാൾ പോലീസിനേയും എതിർക്കും. അതയാൾക്കു് എന്തെല്ലാം ഉപദ്രവങ്ങളാണു് വരുത്തിവയ്ക്കുക. ആ പാവത്തിനു് ഈ അനർത്ഥങ്ങളെല്ലാം വന്നുഭവിക്കുമെന്നു നിങ്ങൾ മുൻകൂട്ടി കാണുന്നില്ലേ? നിങ്ങൾ അതിനു സന്ദർഭം നല്കുന്നതെന്തിനു്? നിങ്ങളുടെ പ്ലാൻ ഭേദപ്പെടുത്തുക. സ്വീകരണം വേണ്ടെന്നുവയ്ക്കു. ആ പാവത്തിനെപ്രതി അങ്ങനെയാണു ചെയ്യേണ്ടതു്. മറിച്ചു്, സ്വീകരണം നടത്തുന്നതു നീതിക്കോ സ്നേഹത്തിനോ യോജിച്ചതായിരിക്കുകയില്ല.

ആ മെയാലുക്കളുടെ ഈ യുക്തികൾക്കു് എന്തായിരിക്കും സ്വീകരണം നല്കാനുദ്ദേശിക്കുന്നവർ പറയുന്ന മറുപടി? സ്വീകരണം നല്കുന്നതു ഞങ്ങളുടെ അവകാശമാണു്. അതു താറുമാറാക്കാൻ ആ മനുഷ്യനെന്തവകാശം? ഞങ്ങൾ സ്വീകരണം നടത്തുന്നതിൽനിന്നു് അയാൾക്കൊരു ദോഷവും വരാനില്ല. അതിൽ പങ്കുകൊള്ളണമെന്നോ എന്തെങ്കിലും ഭാരം വഹിക്കണമെന്നോ ഞങ്ങൾ അയാളോടു് ആവശ്യപ്പെടുന്നില്ല. പിന്നെ അയാളെന്തിനു അതു താറുമാറാക്കാൻ ഉദ്യമിക്കുന്നു? ദുഷ്ടമായ ആ ഉദ്യമത്തിൽനിന്നു് അയാൾക്കു പിൻവാങ്ങരുതോ? പിൻവാങ്ങുന്നതുകൊണ്ടു് അയാൾക്കൊരു ദോഷവും വരാനില്ല. എന്നിട്ടും പിൻവാങ്ങുന്നില്ലെങ്കിൽ അതിനു കാരണം അയാളുടെ ദുഷ്ടബുദ്ധിമാത്രമാണു്. ആ ദുഷ്ടബുദ്ധികൊണ്ടാണു് നിങ്ങൾ വിലപിക്കുന്ന ബന്ധനങ്ങളും അവമാനങ്ങളും അയാൾ അനുഭവിക്കേണ്ടിവരുന്നതു്. സ്വീകരണം നടത്തുന്നതു് ഞങ്ങളുടെ അവകാശമാണു്. അതല്ല, അയാൾക്കു വന്നുഭവിക്കാവുന്ന ബന്ധനങ്ങൾക്കും അവമാനങ്ങൾക്കും കാരണം. കാരണം നീക്കിയാൽ കാര്യവും നീങ്ങും. ആകയാൽ അയാൾ തന്റെ ദുഷ്ടബുദ്ധി മാററട്ടെ. അയാളുടെ നിശ്ചയം ഭേദപ്പെടുത്തട്ടെ. സ്വീകരണം നൽകണമെന്നുള്ള ഞങ്ങളുടെ നിശ്ചയം ഭേദപ്പെടുത്തുവാൻ ഒരു ന്യായവുമില്ല. ഭേദപ്പെടുത്തണമെന്നു പറയുന്നതാണു് സ്നേഹത്തിനും നീതിക്കും യോജിക്കാത്തതു്.

ഈ മറുപടി എത്ര യുക്തിയുക്തം! ആദം പാപം ചെയ്യുമെന്നും അതുവഴിയായി തനിക്കു ലഭിച്ച ദൈവദാനങ്ങളെല്ലാം ആദത്തിനു നഷ്ടപ്പെടുമെന്നും ദൈവം മുൻകൂട്ടി കണ്ടെന്നുവച്ചു് തന്റെ പ്ലാൻ ഭേദപ്പെടുത്തുവാൻ സ്നേഹത്താലോ നീതിയാലോ ദൈവം കടപ്പെട്ടവനാണോ?



മേലൂർപള്ളിയുടെ മുൻഭാഗത്തു ശ്രീ തെക്കൻ ദേവസ്സി ലോനപ്പൻ പണികഴിപ്പിച്ചിരിക്കുന്ന സ്തൂപത്തിൽ വിൻസെന്റ് ഡി പോൾ, കുരിശിന്റെ യോഹന്നാൻ എന്ന വിശുദ്ധന്മാരുടെ സ്വരൂപങ്ങൾ പ്രതിഷ്ഠിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. സ്ഥലം പള്ളിവികാരി, റവ. ഫാദർ എബ്രഹാം വടാശേരി എം. എസ് സി., ശ്രീ ദേവസ്സി ലോനപ്പൻ, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ, സെന്റ് വിൻസെന്റ ഡി പോൾ പ്രവർത്തകാംഗങ്ങൾ മുതലായവരെ മുൻനിരകളിൽ കാണാം.

---

വിശുദ്ധ ഫിലോമിനായുടെ മാദ്ധ്യസ്ഥംവഴി വിശ്വസിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

മേരി ലോപ്പസ്
കുന്നുകുഴി

---

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ അപായകരമായിരുന്ന എന്റെ വാതരോഗം സുഖമായതിനു് കൃതജ്ഞത.

മറിയാമ്മ ജെ. പോഴ്-കാട്ടിൽ
തിടനാട്

---


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam